Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 ഒക്ടോബർ 12—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 കന്നി 26 | ലക്കം 10

## പരിശുദ്ധപിതാവു് കുട്ടികളോടു ചെയ്ത പ്രഭാഷണം

[ഫാദർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി.]

മരിയൻവത്സരം പ്രമാണിച്ചു ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നു വി. പത്രോസിൻെറ ബസിലിക്കയിൽ തടിച്ചുകൂടിയ 20000 കുട്ടികളോടു പരിശുദ്ധപിതാവു് ഒരു പ്രസംഗംചെയ്തു. ആ വന്ദ്യതിരുമേനിയെ കാണുവാനും കേൾക്കുവാനും കഴിയാത്തവരും അതു് അറിഞ്ഞിരിക്കുന്നതു നന്നായിരിക്കുമെന്നു കരുതി അതു് ഇവിടെ പരിഭാഷപ്പെടുത്തി ചേർക്കുകയാണു്:-

"കുറേ നിമിഷങ്ങൾക്കു മുമ്പു നിങ്ങളുടെ ഇടയിൽക്കൂടെ നാം കടന്നുപോയപ്പോൾ ഉത്സാഹഭരിതമായ നിങ്ങളുടെ ജെയ്‌വിളികളും പക്ഷികൾക്കു തുല്യം നിങ്ങൾ ആലപിച്ച ഗാനങ്ങളും നാം കേട്ടു. ആഹ്ലാദസമേതം നിങ്ങൾ കരങ്ങൾ ഉയർത്തി മംഗളം ആശംസിക്കുന്നതും നിങ്ങളുടെ കണ്ണുകൾ പ്രശോഭിക്കുന്നതും നാം കണ്ടു. നമ്മുടെ ഹൃദയം ആനന്ദഭരിതമായി. നിങ്ങളെല്ലാവരും സാഹ്ലാദം പുഞ്ചിരിതൂകുന്നു. സുന്ദരവും സുരഭിലവുമായ പുഷ്പങ്ങൾ ഭംഗിയായി യോജിച്ചുനില്ക്കുന്ന ഒരുദ്യാനത്തിൽ പ്രവേശിക്കുമ്പോളുണ്ടാകുന്ന ഒരു സംതൃപ്തിയാണു് നമുക്കുണ്ടായതു്.

പ്രിയ കുഞ്ഞുങ്ങളേ, മരിയൻ വത്സരാനുഷ്ഠാനത്തിനായി റോമയിലേക്കു വന്ന നിങ്ങൾ നമുക്കു നൽകിയ ആനന്ദാതിരേകത്തിനു നമ്മുടെ ഹൃദയംഗമമായ നന്ദി. നമ്മുടെ എത്രയും ഇളയമക്കൾ സമ്മേളിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ ഇതു് "എൻെറ പിതാവിൻെറ ഭവനം" എന്ന സംബോധനത്തിനു കൂടുതൽ അർഹമായിത്തീർന്നിരിക്കുന്നുവെന്നു പറയാം. ആകയാൽ നിങ്ങളുടെ പ്രസിദ്ധരും പ്രിയപ്പെട്ടവരുമായ ഗുരുഭൂതരേയും നിങ്ങളേയും നാം സ്വാഗതംചെയ്യുന്നു.

ചിലർ നിങ്ങളുടെ സന്ദർശനത്തിനു തടസ്സമുണ്ടാക്കുന്നുണ്ടായിരിക്കാം. നിങ്ങളുടെ സന്ദർശനംകൊണ്ടു മാർപ്പാപ്പായ്ക്കു വിഷമമുണ്ടായിയെന്നു നിങ്ങൾ കരുതേണ്ടതില്ല. മിശിഹായുടെ പ്രതിനിധി കുട്ടികളെ സ്നേഹിക്കുന്നുവെന്നും അവർ അടുത്തുണ്ടായിരിക്കുന്നതു് ഇഷ്ടപ്പെടുന്നുവെന്നും എല്ലാവർക്കും അറിയാവുന്നതാണു്.

സാധിക്കുമായിരുന്നെങ്കിൽ, നിങ്ങളുടെ ഇടയിൽ നടന്നു് ഓരോരുത്തരോടും നാം സംസാരിക്കുകയും നമ്മുടെ വാത്സല്യത്തിൻെറ ലക്ഷ്യമായി നിങ്ങളുടെ ശിരസ്സിൽ കൈവച്ചു നാം നിങ്ങളെ ആശീർവ്വദിക്കുകയും ചെയ്യുമായിരുന്നു. നിങ്ങളോടു സ്വല്പം സംസാരിക്കുവാൻ നാം ആഗ്രഹിക്കുന്നു. ഈശോയുടെ അധരങ്ങളിൽനിന്നു വരുന്ന വാക്കുകളെന്നപോലെ നിങ്ങൾ അവ ശ്രവിക്കുമെന്നു നാം വിശ്വസിക്കുന്നു. ഈശോ നാംവഴി നിങ്ങളോടു സംസാരിക്കുകയാണു്.

നമ്മുടെ ഹൃദയത്തെ വ്യാകുലപ്പെടുത്തുന്ന ഒരു സംഗതി ആദ്യം തന്നെ നാം പ്രസ്താവിക്കാം. മനുഷ്യരെ ആഹ്ലാദിപ്പിക്കുകയും മാലാഖമാരെ ആനന്ദിപ്പിക്കുകയും ദൈവത്തെ ആർദ്രഹൃദയനാക്കുകയും ചെയ്യുന്ന നിഷ്കളങ്കത ഇന്നു നിങ്ങളുടെ കണ്ണുകളിൽ പ്രതിബിംബിച്ചു നിൽക്കുന്നു. നിങ്ങളുടെ മധുരമായ മന്ദഹാസം കുറേനാൾ കഴിയുമ്പോൾ എന്താകുമെന്നു് ആർക്കറിയാം? നിങ്ങളുടെ ബാല്യത്തിലെ സുസ്മപ്രകാശം ഭാവിയിൽ കാർമേഘങ്ങളാൽ സമാവരണം ചെയ്യപ്പെട്ടേക്കാം. ഇതു് ഓർക്കുമ്പോൾ നാം സന്തപിക്കുന്നു.



ജപമാലരാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുക

(ഒക്ടോബർ— ജപമാലരാജ്ഞിയുടെ മാസം)

യൂദെയായിലെ റോഡുകളിൽക്കൂടി ഈശോ തനിച്ചു നടന്നിരുന്നപ്പോൾ കുട്ടികൾ അവിടുത്തെപ്പക്കൽ ഓടിയെത്തിയിരുന്നു; ഈശോയ്ക്കു അസഹ്യമായിരിക്കുമെന്നു കരുതി ചിലർ തടഞ്ഞിരുന്നുവെങ്കിലും അവരെ അവഗണിച്ചു് അമ്മമാർ കുട്ടികളെ ഈശോയുടെ പക്കൽ കൊണ്ടുചെന്നിരുന്നു. നിങ്ങൾ അതു് ഓർക്കാറുണ്ടോ?

ഇന്നു് നിർഭാഗ്യവശാൽ ഇതിനു വ്യത്യാസം വന്നിരിക്കുന്നു. ചില കുട്ടികൾ പണ്ടത്തെപ്പോലെ ഈശോയുടെ കൊച്ചുസ്നേഹിതന്മാരല്ല, പണ്ടുപണ്ടൊരിക്കൽ അനുസരണാശാലിയും മാതാപിതാക്കന്മാരുടെ ആശ്വാസവും ആഹ്ലാദവുമായ ഒരു കുട്ടിയുണ്ടായിരുന്നു. ഒരു ദിവസം മാതാപിതാക്കന്മാരുടെ താല്പര്യപ്രകാരം വേറൊരു ഗ്രാമത്തിലേക്കു് അവൻ ഒന്നു പോകുവാനിടയായി. പുഷ്പിച്ചുനിന്നിരുന്ന വൃക്ഷങ്ങളെ നോക്കിയും പക്ഷികളുടെ പാട്ടു കേട്ടും ഒരു ഗ്രാമീണറോഡിൽക്കൂടെ ആഹ്ലാദസമേതം ആ കുട്ടി മന്ദംമന്ദം നടന്നുകൊണ്ടിരിക്കയായിരുന്നു. ഇടയ്ക്കിടയ്ക്കു കുമ്പിട്ടു് അമ്മയ്ക്കു കൊടുക്കുവാൻ ചില പുഷ്പങ്ങൾ പെറുക്കിയെടുത്തുകൊണ്ടിരുന്നു. പെട്ടെന്നു ഒരു പാമ്പു വഴിയിൽക്കൂടെ ഇഴഞ്ഞുവരുന്നതു അവൻ കണ്ടു. ഒഴിഞ്ഞുമാറുവാൻ കഴിയുന്നതിനുമുമ്പു് അതു് അവനെ കടിച്ചു വിഷമേല്പിച്ചു. കുറേ മണിക്കൂറുകൾക്കു ശേഷം അമ്മയുടെ കരങ്ങളിൽ കിടന്നു് അവൻ മരിച്ചു. അമ്മയുടെ കണ്ണുകളിൽനിന്നു് അടന്നുവീണ കണ്ണീർകണങ്ങൾ അവൻെറ മാർവ്വിടത്തെ നനയ്ക്കുകയുണ്ടായി.

എത്ര സാധുബാലന്മാരാണിന്നു ആ പാമ്പിനെക്കാൾ ഭയങ്കരനായ നാരകീയസർപ്പത്താൽ ദംശിക്കപ്പെടുന്നതു്? അവരെ ആരറിയുന്നു? നമ്മുടെ അമ്മയായ തിരുസ്സഭ അവരെ നോക്കി കരയുകയാണു്. ആ സാഹചര്യങ്ങളിൽ ആ അമ്മയുടെ കണ്ണുനീർ തുടച്ചുകളയുവാനും ആശ്വസിപ്പിക്കുവാനും നന്നേപ്രയാസമാണു്. വിഷകാരിയായ ഈ സർപ്പം പല വേഷമണിഞ്ഞു ലോകമാസകലം ഇന്നു ചുററിനടക്കുന്നുണ്ടു്. തിരുസ്സഭയിൽനിന്നും പുരോഹിതരിൽനിന്നും കുട്ടികളെ അകററി ഈശോയിൽനിന്നുകൂടി അവരെ നീക്കുവാനാണു് അതിൻെറ ഉദ്ദേശമെന്നു തോന്നുന്നു. കുട്ടികളെ ഇന്നു് അതു ധാരാളമായി ആക്രമിക്കുന്നതായും മുറിവേല്പിച്ചു അവരുടെ ആത്മാവിനെ കൊല്ലുന്നതായും പലപ്പോഴും നാം കാണുന്നു.

സൂക്ഷിക്കുവിൻ പ്രിയ കുഞ്ഞുങ്ങളേ, സൂക്ഷിക്കുവിൻ. വഴിയിൽ നടക്കുകയാണെങ്കിലും കുഞ്ഞിക്കുഞ്ഞെിവച്ചു കളിക്കുകയാണെങ്കിലും സൂക്ഷിക്കുവിൻ. ചില പത്രങ്ങളും പുസ്തകങ്ങളും കൈയിലെടുക്കുമ്പോഴും അഭിനയങ്ങൾ കാണുമ്പോഴും സൂക്ഷിക്കുവിൻ. അവ ഇന്നു നിങ്ങളുടെ ഭവനങ്ങളിൽ തന്നെ കയറിവന്നു നിങ്ങളുടെ മുമ്പിൽ പ്രകാശിതമാകുവാനാണു് പോകുന്നതു്. അവയിലെല്ലാം നിങ്ങളെ കടിച്ചുകീറുവാൻ പോരുന്ന മൂർഖൻപാമ്പു് ഒളിച്ചുകിടപ്പുണ്ടു്. ഈശോയിൽനിന്നു് അതു നിങ്ങളെ അകററും. അതിനെ നിങ്ങൾ നോക്കിനില്ക്കരുതു്; കാരണം അതു നിങ്ങളെ വശീകരിച്ചേക്കാം. അപകടം കണ്ടാൽ ഉടനെ നിങ്ങളുടെ അമ്മയെ വിളിച്ചു് അവിടുത്തെപ്പക്കൽ ഓടിച്ചെല്ലുവിൻ. സർവ്വോപരി സർവ്വേശ്വരൻെറ ശക്തി ലഭിച്ചിരിക്കുന്നവളും നിങ്ങളുടെ സമീപത്തുതന്നെ എല്ലായ്പോഴും വർത്തിക്കുന്നവളുമായ സ്വർഗ്ഗീയാംബികയെ നിങ്ങൾ അഭയം തേടുവിൻ. നി

ങ്ങളെ സഹായിക്കുവാനും നിങ്ങളുടെ ഹൃദയത്തെ പ്രകാശിപ്പിക്കുവാനുമായി നിങ്ങളുടെ കാവൽ മാലാഖയോടു നിങ്ങൾ അപേക്ഷിക്കുവിൻ.

ആ ദുഷ്ടസർപ്പത്തിൻെറ അടിമകളാകാതെ സുകൃതികളായി ജീവിക്കുവാൻ നിങ്ങളുടെ ഗുരുഭൂതരും നിങ്ങളുടെ പുരോഹിതരും നിങ്ങളുടെ മാതാപിതാക്കന്മാരും നൽകുന്ന പാഠങ്ങൾ അനുസരിക്കുവിൻ. കൊച്ചു് ഈശോയെ നിങ്ങൾ പഠിക്കണം. അവിടുത്തെ സ്നേഹിക്കുവിൻ. അവിടുന്നു നടക്കുന്നതും അവിടുന്നു കാണിച്ചുതരുന്നതുമായ പഥത്തിലൂടെ നിങ്ങൾ നടക്കുകയും ചെയ്യുവിൻ. അവിടുന്നു മുമ്പിൽ നടന്നു നിങ്ങളോടു പറയുന്നുണ്ടു്: "നിങ്ങൾ അതു ചെയ്യരുതു്; അതു ശരിയല്ല."

മററവസരങ്ങളിൽ അവിടുന്നു നിങ്ങളോടു ഇങ്ങനെ പറയും: "ഇതു നിങ്ങൾ ചെയ്യാം; അല്ല എന്നെ സംതൃപ്തിപ്പെടുത്തുവാനും എന്നെപ്പോലെയാകുവാനും എന്നോടു സ്നേഹമുണ്ടെന്നു കാണിക്കുവാനും നിങ്ങൾ ഇതു ചെയ്യണം." ദിവ്യഈശോയെ പിഞ്ചെല്ലുവാൻ ദൃഢനിശ്ചയമെടുത്തിട്ടുള്ള പല കുട്ടികളുമുണ്ടെന്നു അറിയുന്നതു മാർപ്പാപ്പായുടെ ഹൃദയത്തിനു് എന്തൊരാനന്ദമായിരിക്കും! എൻെറ പ്രിയ കുഞ്ഞുങ്ങളേ, ഈശോയെപ്പോലെ നല്ലവരും ബലവാന്മാരും അനുസരണശാലികളുമാകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?

നിങ്ങൾ ബലഹീനരും ചെറുപ്പവുമാണെന്നുള്ളതു സാരമില്ല. തിന്മ നിങ്ങളെ ആകർഷിക്കുന്നതോ പിശാചു നിങ്ങളെ പരീക്ഷിക്കുന്നതോ സാരമില്ല. ഈശോ നിങ്ങളെ തനിച്ചു വിടുകയില്ല. അവിടുന്നു നിങ്ങളുടെ പാർശ്വത്തിലുണ്ടാകും. ക്ഷീണിച്ചു വീഴാറാകുമ്പോൾ അവിടുന്നു നിങ്ങളെ താങ്ങുകയുംചെയ്യും. നമ്മുടെ ദിവ്യാംബിക നിങ്ങളുടെ അരികെനിന്നു് തൻെറ മാതൃകരങ്ങളിൽ നിങ്ങളെ കോരിയെടുക്കും.

നിങ്ങൾ ദൈവമാതാവിനെ സ്നേഹിക്കുന്നുവോ? അങ്ങനെയെങ്കിൽ അവിടുന്നു എന്തെങ്കിലും നിങ്ങളോടു് ആവശ്യപ്പെടുമ്പോൾ അതു സമ്മതിച്ചുകൊടുക്കുവാൻ അഭ്യസിക്കണം. പ്രാർത്ഥിക്കുവാനും പഠിക്കുവാനും ആ അമ്മ നിങ്ങളോടു് ആവശ്യപ്പെടും. അങ്ങനെ ചെയ്യാമെന്നു് ഓരോ പ്രാവശ്യവും മറുപടിപറയണം. എല്ലാ കാര്യങ്ങളിലും ആ അമ്മയെ നിങ്ങൾ സംതൃപ്തിപ്പെടുത്തണം; എന്നാൽ അവിടുന്നു നിങ്ങളെ ഈശോയുടെ പ്രിയമക്കളും ഭൂമിയിലെ കൊച്ചു മാലാഖമാരുമാക്കിത്തീർക്കും.

അടുത്തടുത്തു്, അല്ല, എല്ലാ ദിവസവും ദിവ്യകാരുണ്യത്തിൽ അവിടുത്തെ സ്വീകരിക്കുവാൻ തയ്യാറാണെന്നു നിങ്ങൾ പറയുവിൻ. അവിടുന്നുതന്നെ സക്രാരി തുറന്നു സ്വന്തം കരംകൊണ്ടു നിങ്ങളുടെ ഹൃദയത്തിൽ തിരുവോസ്തി വച്ചുതരുമെന്നുതന്നെ പറയാം. അങ്ങനെ നിങ്ങൾ കൊച്ചു പുണ്യവാന്മാരായിത്തീരും. തിരുസ്സഭയെ അലങ്കരിക്കുന്ന കിരീടത്തെ അവർ സുന്ദരതരവും പ്രകാശമാനവുമാക്കും.

പ്രിയ കുഞ്ഞുങ്ങളേ, നിങ്ങളെ ആശീർവ്വദിക്കുവാൻ, പൂർണ്ണഹൃദയത്തോടെ ആശീർവ്വദിക്കുവാൻ നാം ആഗ്രഹിക്കുന്നു. എന്നാൽ അങ്ങനെ ചെയ്യുന്നതിനുമുമ്പു് നിങ്ങളുടെ പ്രാർത്ഥനയ്ക്കു് നമ്മെത്തന്നെ നാം സമർപ്പിക്കുന്നു. നിങ്ങൾ ഈശോയുടെ സ്നേഹിതന്മാരാണു്; നിങ്ങളുടെ നിഷ്കളങ്കമായ പ്രാർത്ഥനയെ അവിടുന്നു തിരസ്കരിക്കുകയില്ല. സുവിശേഷത്തിൽ ഈശോ കുട്ടികളെ അഭിവാദ്യം ചെയ്യുന്ന സന്ദർഭങ്ങളെപ്പററി ചിന്തിക്കുമ്പോൾ നമ്മുടെ ഹൃദയം വികാരഭരിതമാകുന്നു. ഹേറോദേസ് അവിടുത്തെ കൊല്ലുവാൻ തുടങ്ങിയപ്പോൾ ബെത്‌ലേഹമിലെ ശിശുക്കൾ തങ്ങളുടെ ജീവൻവച്ചു് ഈശോയെ രക്ഷിച്ചു. അപ്പം വർദ്ധിപ്പിച്ചു ജനക്കൂട്ടത്തെ തീററുവാൻ നിശ്ചയിച്ച വേളയിൽ ഈശോ ഒരു കുട്ടിയുടെ കൈയിലുണ്ടായിരുന്ന ബാർലിഅപ്പവും മത്സ്യവും സ്വീകരിക്കുകയാണുണ്ടായതു്. ഓർശ്ലേം നഗരത്തെ ആനന്ദത്തിൽ അമർത്തിക്കൊണ്ടു് ആഘോഷപൂർവ്വം അവിടുന്നു നഗരത്തിലേക്കു പ്രവേശിച്ചപ്പോൾ കുട്ടികളാണു് ഒലിവുശാഖകൾ കൈയിലേന്തി "ദാവീദിൻെറ പുത്രനു ഹോസാന" എന്നു് ആദ്യം ആർത്തുവിളിച്ചതെന്നു നമുക്കു ഭാവനം ചെയ്യാവുന്നതാണു്. കുട്ടികൾ ഇങ്ങനെ ആനന്ദിച്ചുകൊണ്ടിരുന്നപ്പോൾ ഈശോയുടെ ശത്രുക്കൾ കോപവെറിപൂണ്ടു് ജനങ്ങളേയും ശിഷ്യന്മാരേയും നിശ്ശബ്ദരാക്കുവാൻ പരിശ്രമിക്കുകയാണു ചെയ്തതു്.

പ്രിയ കുഞ്ഞുങ്ങളേ, നമ്മൾ ജീവിക്കുന്ന ഇക്കാലത്തും ഈശോയെ ആക്രമിക്കുകയും അവിടുത്തെ തിരുസ്സഭയെ നശിപ്പിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന അനേകരുണ്ടു്. നരകവാതിലുകൾ സഭയ്ക്കെതിരായി പ്രബലപ്പെടുകയില്ലെന്നും അവളുടെ ശത്രുക്കൾ പരാജിതരാകുമെന്നും നിങ്ങൾക്കു നന്നായിട്ടറിയാമല്ലോ. എല്ലാ ഭാഗത്തുനിന്നും അവൾക്കെതിരായി നടത്തുന്ന സമരത്തിൽ അവൾക്കു വളരെയധികം ശക്തി ആവശ്യമുണ്ടു്. ഈ സമരങ്ങൾ വിജയപര്യവസായികളായിത്തീരുന്നതിനു മാർപ്പാപ്പാ നിങ്ങളുടെ സേവനത്തേയും കാര്യമായി കരുതുന്നുണ്ടു്. സർവ്വോപരി നിങ്ങളുടെ പ്രാർത്ഥനകളിലും ആശാനിഗ്രഹങ്ങളിലുമാണു ശരണംവയ്ക്കുന്നതു്. തിരുസ്സഭയെ സംരക്ഷിക്കുവാനും അവളുടെ ശത്രുക്കളുടെ ആക്രമണങ്ങളെ അവസാനിപ്പിക്കുവാനും, ദൈവസഹായം കൂടുതൽ ആവശ്യമുള്ളവരെ സംരക്ഷിക്കുവാനും നിങ്ങൾ പ്രാർത്ഥിക്കണം. ഈശോയുടെ ഹൃദയത്തെ നിങ്ങൾ സ്പർശിച്ചു പ്രശാന്തസുന്ദരങ്ങളായ പ്രഭാതങ്ങളുടെ ഉദയത്തിനും ഉജ്ജ്വലതരമായ സൂര്യാസ്തമയത്തിൻെറ പുനരാഗമനത്തിനും നിങ്ങൾ വഴിതെളിക്കുവിൻ. കുട്ടികളുടെ സ്നേഹിതനും മനുഷ്യവർഗ്ഗത്തിൻെറ രക്ഷകനുമായ ഈശോ പണ്ടു് ഓർശ്ലേമിലേക്കു പ്രവേശിച്ചപ്പോൾ അവിടുത്തെ വിജയത്തിനു കുട്ടികൾ കാരണമായതുപോലെ നിങ്ങളും വർത്തിക്കുവാനിടയാകട്ടെ."

പരിശുദ്ധ പിതാവിൻെറ മനോഹരമായ ഈ പ്രഭാഷണം കുട്ടികൾ വായിച്ചു ധ്യാനിക്കുകയും ഓരോരുത്തനും അവനവൻെറ പങ്കു നിർവ്വഹിക്കുകയും ചെയ്യണം. ഈശോയും അവിടുത്തെ തിരുസ്സഭയും അതു പ്രതീക്ഷിക്കുന്നു. പ്രിയ കുട്ടികളേ, നിങ്ങൾ അതു നിഷേധിക്കുമോ? "ഇല്ല" എന്ന സ്വരം നിങ്ങളിൽനിന്നു നിർഗ്ഗമിക്കുന്നതു എല്ലാവരും കേൾക്കട്ടെ.




# ക്രിസ്തുവിൻെറ അവകാശവാദം

(എം. ഒ. ജോസഫ്, നെടുങ്കുന്നം)

(തുടർച്ച)

"ഞാൻ സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്യുമെന്നു് എൻെറ ജനനത്തിനു ആറു നൂററാണ്ടുകൾക്കുമുൻപുതന്നെ പ്രഖ്യാപിക്കപ്പെട്ടിരുന്നു. എന്നെപ്പററി അനേകം പ്രവചനങ്ങൾ ഉണ്ടായിരുന്നു; തന്നുവം എൻെറ ആഗമനകാലത്തു് 456 വ്യത്യസ്തപ്രവചനങ്ങൾ ശേഖരിക്കുന്നതിനു യഹൂദസിനഗോഗുകൾക്കു സാധിക്കുകയുണ്ടായി. ഇസ്രായലിലെ ജനങ്ങൾ മാത്രമല്ലാ എന്നെ പ്രതീക്ഷിച്ചിരുന്നതു്. ലോകത്തിലെ എല്ലാ ജനതകളും എന്നെ പ്രതീക്ഷിച്ചിരുന്നു"

ഇനി, അക്രൈസ്തവസാക്ഷ്യങ്ങളെയും നമുക്കൊന്നു പരിശോധിക്കാം. റോമൻ ചരിത്രകാരനായ ടാസിററസ് എഴുതുന്നു: "പൗരസ്ത്യദിക്കു വിജയിക്കുമെന്നും, ലോകത്തിൻെറ ഭരണകർത്താവും യജമാനനുമായുള്ളവൻ യൂദയായിൽനിന്നു വരുമെന്നുമുള്ള പ്രാചീന പ്രവചനങ്ങളിലെ വിശ്വാസം ജനങ്ങൾക്കു പൊതുവേ ഉണ്ടായിരിക്കുന്നു."

റോമൻചരിത്രകാരനായ സ്യൂട്ടോണിയസ് എഴുതുന്നു: "യഹൂദന്മാരാണു് ഏററവും ഉന്നതമായ അധികാരം പ്രാപിക്കുവാനിരിക്കുന്നവരെന്നുള്ള പ്രാചീനവും അചഞ്ചലവുമായ ഒരു വിശ്വാസം, ചില പ്രവചനങ്ങൾമൂലം, പൗരസ്ത്യദിക്കിലാകമാനം പ്രചരിച്ചിരുന്നു."

ചൈനാക്കാരും ഇതേ പ്രതീക്ഷതന്നെ ഉണ്ടായിരുന്നു. എന്നാൽ, ആ മഹാപുരുഷൻ പടിഞ്ഞാറു ജനിക്കുമെന്നായിരുന്നു അവരുടെ വിശ്വാസം. ചൈനാസാമ്രാജ്യത്തിൻെറ നാളാഗമത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു "ചൗരാജവംശത്തിലെ ചാവോവാങ്ങിൻെറ ഭരണത്തിൻെറ 24-ാം വത്സരത്തിൽ നാലാമത്തെ ചന്ദ്രൻെറ 8-ാം ദിവസത്തിൽ തെക്കുപടിഞ്ഞാറായി ഒരു പ്രകാശം പ്രത്യക്ഷപ്പെടുകയും, അതു രാജാവിൻെറ കൊട്ടാരത്തെ ദീപ്തമാക്കുകയും ചെയ്തു. അതിൻെറ മഹനീയതയാൽ ആകൃഷ്ടനായ രാജാവു അതേപ്പററി പണ്ഡിതന്മാരോടു ചോദിച്ചു. പശ്ചിമദിക്കിലെ ഒരു മഹാവിശുദ്ധൻെറ ആഗമനത്തെ കാണിക്കുന്നതാണു് ഈ അസാധാരണ സംഭവമെന്നും, ആ വിശുദ്ധൻെറ മതം അവരുടെ രാജ്യത്തിലേക്കും പ്രചരിപ്പിക്കപ്പെടുന്നതാണെന്നും തെളിയിക്കുന്ന ഗ്രന്ഥങ്ങൾ അവർ രാജാവിനു കാണിച്ചുകൊടുത്തു."

ഗ്രീക്കുകാരും അവിടുത്തെ പ്രതീക്ഷിച്ചിരുന്നു. എന്തെന്നാൽ ക്രിസ്തുവിനു് ആറു നൂററാണ്ടു മുൻപു ജീവിച്ചിരുന്ന അസ്ച്ചിലസ്, "പ്രോമിത്തിയൂസ്" എന്ന തൻെറ ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "നിൻെറ പാപങ്ങളുടെ മഹാവേദന നിനക്കുപകരം തൻെറ തലയിൽ വഹിക്കുവാൻ ദൈവം പ്രത്യക്ഷപ്പെടുന്നതുവരെ, ഈ ശാപത്തിനു ഏതെങ്കിലും ഒരു അവസാനം പ്രതീക്ഷിക്കേണ്ടതില്ല."

യഹൂദന്മാർവഴി ലോകത്തിൽ പ്രചരിച്ച അനേകം പ്രവചനങ്ങൾ മുഖേന അല്ലെങ്കിൽ പിന്നെ, പൗരസ്ത്യവിജ്ഞാനികൾ എങ്ങനെ ക്രിസ്തുവിൻെറ ആഗമനം അറിഞ്ഞു? പക്ഷെ, ക്രിസ്തുവിൻെറ ജനനത്തിനും അഞ്ഞൂറു വർഷങ്ങൾക്കുമുൻപു ദാനിയേൽ പ്രേഷ്യാക്കാരോടു ചെയ്ത പ്രവചനങ്ങൾ മുഖേനയായിരിക്കാം അവർക്കു ആ അറിവു് ലഭിച്ചതു്.

അതേ, ക്രിസ്തു പ്രതീക്ഷിതനായിരുന്നു. ആ ഒരു കാര്യത്തിൽ ക്രിസ്തു മററുമതസ്ഥാപകന്മാരിൽനിന്നു വ്യതിരിക്തനായിരിക്കുന്നു.

യുക്തിയുടെ കാര്യമിങ്ങനെ. ഇനി ചരിത്രത്തിൻെറ കാര്യമോ? ചരിത്രത്തിലേക്കുള്ള ക്രിസ്തുവിൻെറ പ്രവേശത്തിൽ അതു രണ്ടായി പിളർക്കപ്പെട്ടുപോയിരിക്കുന്നു; അവിടുത്തെ ആഗമനത്തിനു മുൻപുള്ള ഘട്ടമെന്നും, ആഗമനത്തിനു ശേഷമുള്ള ഘട്ടമെന്നും രണ്ടായി. ബുദ്ധനു് ഇങ്ങനെ ചെയ്യുവാൻ സാധിച്ചിട്ടില്ല. ഇൻഡ്യയിലേയോ ചൈനായിലേയോ തത്വജ്ഞാനികൾക്കു ആർക്കും സാധിച്ചിട്ടില്ല. ദൈവത്തെ നിഷേധിക്കുന്നവർപോലും അവരുടെ ആക്രമണത്തിൻെറ തീയതി കുറിക്കുന്നതു ദൈവത്തെ മുൻനിർത്തിയാണു്. എ. ഡി.—ആനോ ഡോമിനി—അതായതു അവിടുത്തെ ആഗമനാനന്തരം ഇത്രാം വത്സരത്തിൽ എന്നു്.

മററുള്ളവരിൽനിന്നു ക്രിസ്തുവിനെ വേർതിരിച്ചു നിർത്തുന്ന മൂന്നാമതൊരു വസ്തുതയുമുണ്ടു്. മററെല്ലാ മനുഷ്യരും ജീവിക്കുന്നതിനായി ഈ ലോകത്തിലേക്കു വന്നു, ക്രിസ്തുവാകട്ടെ മരിക്കുന്നതിനായിട്ടാണു് ഈ ലോകത്തിലേക്കു വന്നതു്. സോക്രട്ടീസിനു മരണം ഒരു പ്രതിബന്ധമായിരുന്നു; അദ്ദേഹത്തിൻെറ പഠനത്തിനു് അതു വിരാമമിട്ടു. പക്ഷെ ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം മരണമായിരുന്നു അദ്ദേഹത്തിൻെറ ജീവിതലക്ഷ്യം, അദ്ദേഹം അന്വേഷിച്ചുകൊണ്ടിരുന്ന ജീവിതലക്ഷ്യം. അവിടുത്തെ കുരിശിനെ മുൻനിർത്തിയല്ലാതെ അവിടുത്തെ മിക്ക വാക്കുകളെയും പ്രവൃത്തികളെയും യഥാതഥം ഗ്രഹിക്കുക സാദ്ധ്യമല്ല. ഒരു മതാദ്ധ്യാപകനായിട്ടല്ലാ, രക്ഷകനായിട്ടാണു് അവിടുന്നു തന്നെത്തന്നെ വെളിപ്പെടുത്തിയതു്. മനുഷ്യരെ രക്ഷിച്ചതിനു ശേഷം, അവർ നല്ലവരായി തുടരുന്നതിനുള്ള ശക്തികൂടി അവർക്കു നൽകാത്തപക്ഷം, നല്ലവരായിരിക്കുവാൻ മനുഷ്യരെ പഠിപ്പിക്കുന്നതിനു് യാതൊരു അർത്ഥവുമില്ല.

മററു മതസ്ഥാപകന്മാരിൽനിന്നു ക്രിസ്തുവിനെ വേർതിരിച്ചു നിർത്തുന്ന നാലാമതൊരു വസ്തുതയുണ്ടു്. ഒരു നല്ല മനുഷ്യൻ എന്നു പറഞ്ഞു അദ്ദേഹത്തെ ഒഴിച്ചുനിർത്തുക നമുക്കു സാദ്ധ്യമല്ല. താൻ ജീവിക്കുന്നവനായ ദൈവത്തിൻെറ പുത്രനാണെന്നു്, മാംസമായ ദൈവവചനമാണെന്നു്, ക്രിസ്തു പഠിപ്പിച്ചിരിക്കുന്നു. അവിടുന്നു യഥാർത്ഥത്തിൽ അങ്ങനെയല്ലെങ്കിൽ, ലോകത്തിൽ ജീവിച്ചിട്ടുള്ളതിലേക്കും മഹാവഞ്ചകനാകുന്നു ക്രിസ്തു; അപ്പോൾ തീർച്ചയായും നല്ല മനുഷ്യൻ അല്ലല്ലോ.

ഒന്നുകിൽ അവിടുത്തെ ആരാധിക്കുക, അല്ലെങ്കിൽ അവിടുത്തെ അവഹേളിക്കുക, ഈ രണ്ടിൽ ഒന്നുമാത്രമേ നമുക്കു കരണീയമായിട്ടുള്ളു. ഒരു വഞ്ചകനായ മനുഷ്യൻ എന്നു പറഞ്ഞു അവിടുത്തെ അവഹേളിക്കണം; അല്ലെങ്കിൽ സത്യദൈവവും സത്യമനുഷ്യനുമെന്ന നിലയിൽ അവിടുത്തെ നാം ആരാധിക്കണം. അവിടുത്തെ സംബന്ധിച്ചിടത്തോളം ഈ രണ്ടു മാർഗ്ഗമേ സ്വീകാര്യമായിട്ടുള്ളു. ക്രിസ്തു ഒരു ദയാശീലനും അവ്യക്തനായ ധാർമ്മികോപദേഷ്ടാവുമാണെന്നു പറയുന്നവരേക്കാൾ, അവിടുത്തെ അങ്ങേ അററം എതിർക്കുന്ന കമ്മ്യൂണിസ്റ്റുകാരാണു് അങ്ങയോടു കൂടുതൽ സമീപിച്ചിരിക്കുന്നവരെന്നു ഒരർത്ഥത്തിൽ പറയാം. ക്രിസ്തു ജയിച്ചാൽ തങ്ങൾ തോല്ക്കും എന്ന സംഗതിയിൽ എങ്കിലും കമ്മ്യൂണിസ്റ്റുകാർക്കു് ഉറപ്പുണ്ടു്. മററുള്ളവർക്കാകട്ടെ ക്രിസ്തു ജയിക്കുമെന്നോ തോൽക്കുമെന്നോ പറയുവാൻ ധൈര്യമുണ്ടായിരിക്കുന്നില്ല. ആത്മാവിനുണ്ടായിരിക്കണമെന്നു് അവിടുന്നു് ആവശ്യപ്പെടുന്ന ധാർമ്മികനിലവാരം അംഗീകരിക്കുവാൻ അവർ തയ്യാറില്ലെന്നുള്ളതാണു് അതിനു കാരണം.

അവിടുന്നു് താൻ ആണെന്നു അവകാശവാദം ചെയ്തിരുന്നതുപോലെ യഥാർത്ഥത്തിൽ ഒരു രക്ഷകൻ, ഒരു ഉദ്ധാരകൻ, ആണെങ്കിൽ ഈ കാലങ്ങൾക്കു പററിയ ശക്തനായ ഒരു ക്രിസ്തുതന്നെ നമുക്കുണ്ടായിരിക്കുന്നു. എന്തെന്നാൽ നമ്മുടെ പരിപൂർണ്ണത്യാഗങ്ങൾ നമുക്കു സമർപ്പിക്കാവുന്നതും, മരണത്തോളം നമുക്കു സ്നേഹിക്കാവുന്നതുമായ ഒരു നേതാവു നമുക്കുണ്ടായിരിക്കുന്നു. ക്ഷോഭിച്ചിരിക്കുന്ന കടലിൻെറ സ്വരം പോലെയുള്ള സ്വരത്തോടുകൂടിയവനും, തൻെറ വചനങ്ങളിൽനിന്നും, നാം ഇഷ്ടപ്പെടാത്തവയെ തള്ളിക്കളഞ്ഞു് നമ്മുടെ ഇഷ്ടത്തിനു യോജിച്ചവയെ സ്വീ

# കത്തോലിക്കരും സംസ്കൃതം പഠിക്കണം

**(ഫാദർ തോമസ് കൊച്ചുമ്പുങ്കനാൽ)**

സംസ്കൃതഭാഷയെ ആന്ധ്രാസംസ്ഥാനത്തു നിർബന്ധവിഷയങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും ഒരു സംസ്കൃതകലാശാല സ്ഥാപിക്കുന്നതിനു കല്ക്കട്ടായിൽ വച്ചു വിദഗ്ദ്ധന്മാരുടെ ഒരു കമ്മിററി ഏർപ്പെടുത്തുകയും പഞ്ചാബ് തുടങ്ങിയുള്ള പ്രദേശങ്ങളിലും വടക്കേ ഇൻഡ്യായിലും സംസ്കൃതഭാഷാപഠനത്തിനു വലിയ പ്രാധാന്യം കല്പിച്ച് പ്രവർത്തനം നടക്കുകയും മററും ചെയ്തുവരുന്നതായി പത്രങ്ങളിൽ കാണുകയുണ്ടായി. ആര്യസമ്പർക്കം സിദ്ധിച്ച കാലംമുതൽ കേരളത്തിനു സംസ്കൃതഭാഷയോടു വലിയ പ്രതിപത്തിയുണ്ടായിരുന്നു. രാഷ്ട്രഭാഷയായ ഹിന്ദി സംസ്കൃതഭാഷാലിപികളിൽ എഴുതി പഠിക്കണമെന്നുള്ള നിർബന്ധത്തോടുകൂടി പ്രസ്തുത പ്രതിപത്തി പോഷിപ്പിക്കപ്പെട്ടും വരികയാണല്ലോ. സംസ്കൃതഭാഷ ഭാരതത്തിന്റെ ഒരു അനർഘസമ്പത്താകകൊണ്ടും അതു് ഒരു ഉൽകൃഷ്ടഭാഷയാകകൊണ്ടും അതിൽ വളരെ വിശിഷ്ടതത്വങ്ങൾ നിക്ഷിപ്തമായിട്ടുള്ളതുകൊണ്ടും പൂർവ്വകത്തോലിക്കരും അതിനോടു വലിയ താല്പര്യം പ്രദർശിപ്പിച്ചുവന്നിരുന്നു. അതിനൊരു കുറവു വന്നുഭവിച്ചതു ഉദയംപേരൂർ സൂനഹദോസുമുതല്ക്കാണെന്നത്രേ പറയപ്പെടുന്നതു്.

ഇതൊരു ന്യൂനതയാണെന്നു കത്തോലിക്കാനേതാക്കന്മാർ കണ്ടുപിടിക്കയും ഇതിന്റെ പരിഹാരത്തിനുവേണ്ടി ചേർത്തലവച്ചു നടത്തപ്പെട്ട കോൺഗ്രസ്സിന്റെ വാർഷികസമ്മേളനത്തിൽ സംസ്കൃതഭാഷാപഠനത്തിന്റെ പ്രോത്സാഹനത്തിനായി ചില നിർദ്ദേശങ്ങൾ നൽകാതെയുമിരുന്നിട്ടില്ല. അവയെല്ലാം പ്രവൃത്തിയിൽ വന്നിട്ടില്ലെങ്കിലും ഭാരതകത്തോലിക്കാ വൈദികർക്കു നമ്മുടെ സെമ്മിനാരികളിലെല്ലാം സംസ്കൃതഭാഷാപഠനത്തിനു വേണ്ട സൗകര്യം നൽകണമെന്നു കത്തോലിക്കാമതാദ്ധ്യക്ഷന്മാർ ഒരു നിശ്ചയം ചെയ്തിട്ടുണ്ടു്. ഈ നിശ്ചയം പുറപ്പെടുന്നതിനുമുമ്പുതന്നെ മംഗലപ്പുഴ സെമ്മിനാരിയിൽ ഈ പ്രസ്ഥാനം ആരംഭിക്കയും ചെയ്തിരുന്നു. മുട്ടുചിറവച്ചു നടന്ന കോൺഗ്രസ് വാർഷികത്തോടനുബന്ധിച്ചു നടന്ന സാഹിത്യസമ്മേളനത്തിൽ ആദ്ധ്യക്ഷ്യംവഹിച്ച പാറേക്കാട്ടിൽമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് സംസ്കൃതപഠനത്തിന്റെ ആവശ്യകതയെക്കുറിച്ചു സവിശേഷം ഉൽബോധിപ്പിക്കുകയും ചെയ്കയുണ്ടായി.

വിദേശമിഷനറിമാരുടെ പ്രവേശനത്തെ നിയന്ത്രിക്കുന്നതിനു ഒരു കാരണം ചൂണ്ടിക്കാണിച്ചതു്, അവരുടെ സാന്നിദ്ധ്യം, ഭാരതസംസ്കാരത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഇൻഡ്യൻ ഭാഷകളുടെ പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായമാകുന്നില്ലെന്നു പറഞ്ഞത്രേ. ഈ ആരോപണം അതേപടി സ്വീകരിക്കുവാൻ പാടില്ലെന്നു പറയേണ്ടിയിരിക്കുന്നു. കാരണം, അവരാണു അച്ചടിവിദ്യ ആദ്യമായി നാട്ടിൽ പ്രവേശിപ്പിച്ചതും ശാസ്ത്രീയമായ ഗവേഷണങ്ങൾ നടത്തി ഇൻഡ്യയുടെ സംസ്കാരത്തെ വെളിക്കുകൊണ്ടുവന്നതും ഏതാനും വിഭാഗത്തിലുള്ള ആളുകൾക്കായി മുദ്രവയ്ക്കപ്പെട്ടിരുന്ന സംസ്കൃതഭാഷാപഠനം പാശ്ചാത്യരീതിയിലുള്ള സർവ്വകലാശാലകളുടെ സ്ഥാപനത്തോടുകൂടി ഏവർക്കും സുസാദ്ധ്യമാക്കിച്ചെയ്തിട്ടുള്ളതുമെന്നുള്ള വസ്തുതയുടെ അറിവുതന്നെ. ഈ അറിവിന്റെ വിശദീകരണവും വർണ്ണനയും പ്രകൃതത്തിൽ അസ്ഥാനത്തായിരിക്കുമല്ലോ. കത്തോലിക്കർ സംസ്കൃതഭാഷാപഠനത്തിൽ ഇപ്പോൾ അലസത പ്രദർശിപ്പിച്ചാൽ ഭാവിതലമുറകളെക്കുറിച്ചും പ്രസ്തുതാരോപണം പുറപ്പെടുവാൻ ഇടയുണ്ടു്. അതിനൊരു പ്രതിവിധിയായിട്ടും നമ്മുടെ പ്രാചീനസംസ്കാരത്തോടുള്ള തല്പരതയുടെ പ്രദർശനത്തിനായിട്ടും താല്ക്കാലികപ്രയോജനമെടുക്കുന്നതിനുവേണ്ടിയും സംസ്കൃതപഠനത്തിൽ നമ്മൾ ഉത്സുകരാകേണ്ടിയിരിക്കുന്നു. കത്തോലിക്കാസഭയുടെ നയം, എപ്പോഴും എല്ലാക്കാലങ്ങളിലും അതിനു പ്രവേശനം ലഭിക്കുന്ന സ്ഥലങ്ങളിലെ സംസ്കാരത്തേയും ഭാഷയേയും പോഷിപ്പിക്കുകയെന്നുള്ളതാണു്.

ചുററുപാടുകളുടെ സമ്മർദ്ദംമൂലം ലോകമാസകലം ചിന്നിച്ചിതറിക്കിടക്കുന്ന മാനവസമുദായത്തിനു വിഭിന്നമായ ഭാഷകളും സംസ്കാരങ്ങളും ഉണ്ടാകാതെ തരമില്ല. അവയിലെല്ലാം സത്യങ്ങളും അസത്യങ്ങളും സമ്മിശ്രമായിരിക്കുകയുംചെയ്യും. അവയെ പരിശോധനചെയ്തു ത്യാജ്യത്യാഗവും സ്വീകാര്യസ്വീകരണവും ചെയ്യേണ്ടതു സഭയുടെ കടമയാണെന്നത്രേ കത്തോലിക്കരുടെ ബോധം. സത്യത്തിന്റെ സന്ദേശം വഹിക്കുവാനുള്ള നിയോഗം അതിനു മാത്രമേ ലഭിച്ചിട്ടുള്ളുവെന്നുമാണല്ലോ കത്തോലിക്കർ സാഭിമാനം അവകാശപ്പെടുന്നതു്. ഈ സത്യം അന്യരെ അറിയിക്കുവാനുള്ള ഉപാധി ഭാഷയൊന്നുമാത്രമാണു്. ഏതൊരു രാജ്യത്തിന്റെയും ഭാഷ, ജാതിഭേദമോ വർഗ്ഗവ്യത്യാസമോ കൂടാതെ എല്ലാവരുടേയും ഒരു പൊതുസ്വത്താണു്. ഭാരതീയരെല്ലാം സംസ്കൃതഭാഷയേയും അങ്ങനെ കരുതണം. അല്ലെങ്കിൽ പൊതുജനഗണനയെ അവഗണിച്ചെന്നു വരും. ഈ ആക്ഷേപം എല്ലാവിധത്തിലും ഉൽകൃഷ്ടമായ സ്ഥാനത്തു സ്ഥിതിചെയ്യുന്ന കത്തോലിക്കരെ ബാധിക്കാതിരിക്കയെങ്കിലും ചെയ്യട്ടെ. സംസ്കൃതസാഹിത്യത്തിലെ അഥർവ്വവേദങ്ങളുടെ പഠനവും അശ്ലീലഗ്രന്ഥങ്ങളുടെ പാരായണവും അബദ്ധതത്വങ്ങളുടെ ഗ്രഹണവും മതബോധത്തിനും സന്മാർഗ്ഗപരിപാലനത്തിനും ഹാനികരമാകുമെന്നുള്ളതായിരുന്നു സംസ്കൃതപഠനത്തെ നിയന്ത്രിക്കുവാനുണ്ടായ ഒരു ഹേതു. സകല ഭാഷകളിലും ഈ വിപത്തു സ്ഥിതിചെയ്യാതിരിക്കുന്നില്ല. ഇതിനെ കത്തോലിക്കർ പരിഹരിക്കുന്നതു തങ്ങളുടെ അധീനതയിലുള്ള വിദ്യാമന്ദിരങ്ങളിൽ വിദഗ്ദ്ധന്മാർ നേതൃത്വം നൽകിയാണല്ലോ. ആ ഉപായം സംസ്കൃതത്തെ സംബന്ധിച്ചും പ്രയോഗിക്കുകയാണു വിഹിതം.

കേരളകത്തോലിക്കർ ഒരു കാര്യംകൂടി സ്മരിച്ചാൽകൊള്ളാം. ഒരു സമുദായത്തിന്റെ ഉല്ക്കർഷത്തെ പ്രഖ്യാപനം ചെയ്യുന്നതു് സാഹിത്യവിഷയത്തിലുള്ള അതിന്റെ സ്ഥാനത്തെക്കൂടി പരിശോധിച്ചുകൊണ്ടാണു്. മലയാളസാഹിത്യം നമുക്കു ഉപേക്ഷിക്കാവുന്നതല്ലല്ലോ. ആധുനികമലയാളം മണിപ്രവാളവുമാണു്. ഭാഷാസംസ്കൃതയോഗമാകുന്നു മണിപ്രവാളം. ഇന്നത്തെ ഭാഷയിലുള്ള വിശേഷപദങ്ങൾ, വാചകരീതി, വാക്യഭംഗി വൃത്തവൈചിത്ര്യം എന്നുവേണ്ടാ അക്ഷരമാലപോലും സംസ്കൃതത്തിന്റേതാണെന്നും, മലയാളഭാഷാശരീരത്തിന്റെ അസ്ഥികൂടംമാത്രം തമിഴിൽനിന്നും, മാംസപേശികൾ, ചർമ്മം, രക്തം മുതലായവയെല്ലാം സംസ്കൃതത്തിന്റേതാണെന്നുമത്രേ മലയാളഭാഷാനിയാമകനായ പ്രൊഫസർ എ. ആർ. രാജരാജവർമ്മ തമ്പുരാൻ സമർത്ഥിച്ചിട്ടുള്ളതു്. ഏതെങ്കിലും ഒരു പുതിയ അർത്ഥത്തെ കുറിക്കുന്നതിനു് ഒരു പുതിയശബ്ദം നിർമ്മിക്കണമെന്നാവശ്യപ്പെട്ടാൽ സംസ്കൃതഭാഷയെ ആശ്രയിക്കയേ മലയാളക്കാരനു നിർവ്വാഹമുള്ളുവെന്നു് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതും വിസ്മരിക്കത്തക്കതല്ല. അനിഷേധ്യമാണു് ഈ പ്രസ്താവനയെന്നു സുവിശേഷം അറിയിക്കുന്നതിനു പുറപ്പെട്ടപ്പോൾ അനുഭവപ്പെടുകയുംചെയ്യും. ഭാരതനിവാസികൾ കേട്ടിട്ടില്ലാത്ത ഒരു വിശേഷമാണു കത്തോലിക്കു് അറിയിക്കുവാനുള്ളതെന്നു സുവിശേഷശബ്ദത്തിൽനിന്നുതന്നെ വിശദമാണല്ലോ. അതെ, ക്രിസ്തുവിന്റെ സന്ദേശം ഭാരതീയർക്കു ഒരു വിശേഷമാണു്.

ഉൽകൃഷ്ടമായ ഭാവനകളോടും അന്യാദൃശമായ മാധുര്യത്തോടും, ആഹ്ലാദജനകമായ അലങ്കാരങ്ങളോടും അതിരററ തന്മയത്വത്തോടുംകൂടിയാണു ക്രിസ്തുനാഥൻ അതിനെ പ്രകാശിപ്പിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ അനുയായികൾ അതിനെ വികൃതരൂപത്തിലാക്കിത്തീർക്കാതിരിക്കയെങ്കിലും ചെയ്യേണ്ടതാണു്. വിജ്ഞാനപ്രദങ്ങളും വിനോദകരങ്ങളുമായ പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളും വഴിയാണു് സുവിശേഷനിവേദനം ചെയ്യേണ്ടതെന്നു അർത്ഥം. അതിനു സാഹിത്യവ്യുൽപത്തി കൂടിയേകഴിയൂ. ഗ്രഹിക്കുന്നതിനു പ്രയാസമുള്ളതും അനുഷ്ഠിക്കുന്നതിനു ആകർഷം ജനിപ്പിക്കാത്തതുമായ പാരത്രികതത്വങ്ങളത്രേ സുവിശേഷത്തിൽ സ്ഥിതിചെയ്യുന്നതു്. അവയെ കൈകാര്യം ചെയ്യുമ്പോൾ കയ്പുനീറിഞ്ഞ ഗുളികകൾ ശർക്കരയിൽ പൊതിഞ്ഞുകൊടുക്കുന്ന വൈദ്യന്റെ നയം അവലംബിച്ചാൽ മാത്രമേ ഉദ്ദിഷ്ടഫലങ്ങൾ പുറപ്പെടുവിക്കയുള്ളൂ. കത്തോലിക്കരും സംസ്കൃതം പഠിക്കണമെന്നു് ഉൽബോധിപ്പിക്കുവാൻ ഇപ്പോൾ ഇത്രയും വേണ്ടുവോളം മതിയാകുമെന്നു വിശ്വസിക്കുന്നു.

E. C. & Co. JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം
ശരി തൂക്കം, ശരി മാററു്, അന്നന്നത്തെ നിലവാരം
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

കരിച്ചും, ഹിതാനുസരണമുള്ള ഒരു തിരഞ്ഞെടുപ്പു നടത്തുവാൻ നമ്മെ അനുവദിക്കാത്തവനുമായ ഒരു ക്രിസ്തുവിനെ ഇന്നു നമുക്കു് ആവശ്യമായിരിക്കുന്നു. ധാർമ്മികമായ ശിക്ഷ പുനസ്ഥാപിക്കുകയും, അഗാധമായ തീക്ഷ്ണതയോടെ തിന്മയെ വെറുക്കുന്നതിനും മരണം വരിക്കാൻപോലും മടിക്കാത്ത തരത്തിൽ നന്മയെ സ്നേഹിക്കുന്നതിനും നമ്മേ പ്രാപ്തരാക്കുകയും ചെയ്യുന്ന ഒരു ക്രിസ്തുവിനെയാണു നമുക്കിന്നു ആവശ്യം.

(ബിഷപ്പു ഫുൾട്ടൻ ഷീന്റെ ഒരു ലേഖനത്തിൽനിന്നു്)

# ദരിദ്രകുടുംബത്തിലെ ജപമാലഭക്തി

**[മിസ് പെണ്ണമ്മ വർക്കി, വാഴക്കുളം]**

"പെങ്ങളെ വിശക്കുന്നു. എനിക്കു സഹിക്കവയ്യ. അച്ചായനും അമ്മച്ചിയും എപ്പം വരാനാ? ഞാൻ കിടന്നു ഉറങ്ങാൻ പോവാ."

പെങ്ങൾ—മേരി, ആ കുടുംബത്തിലെ മൂത്ത പെൺകുട്ടി—അവൾ വിഷമിച്ചു പറഞ്ഞു:-

"അരുതു കുഞ്ഞേ, അമ്മച്ചിയും മററും ഇപ്പോൾതന്നെ വരും. നമ്മുടെ പ്രാർത്ഥന കഴിച്ചില്ലല്ലോ."

അടുത്തു കിടന്ന കീറപ്പായിൽനിന്നും വിഷമിച്ചിട്ടെങ്കിലും ദീർഘമായ ഒരു മൂളൽ...

മേരി അങ്ങോട്ടേക്കു അടുത്തുചെന്നു.

"എന്താ കുഞ്ഞേ കരയുന്നതു്? കുഞ്ഞിന്റെ അമ്മച്ചി ഇപ്പം കുഞ്ഞിനു് ചോറും കറികളും കൊണ്ടുവരും; കരയാതെ." മൂന്നു നാലു ദിവസമായി ദാരിദ്ര്യപിശാചിന്റെ പിടിയിൽ ഞെരിഞ്ഞിരിക്കുന്ന ആ അഞ്ചുവയസ്സു പ്രായമുള്ള ഔസേപ്പച്ചനോടു മേരി പറഞ്ഞു.

അവളുടെ ഹൃദയം തകർന്നു. ഹൃദയാന്തർഭാഗത്തുകൂടി അനേകം തീവ്രവേദനകൾ കടന്നുപോയി. "എന്റെ ജപമാലരാജ്ഞി!" അവൾ അറിയാതെതന്നെ കരഞ്ഞുപോയി.

ആ ബാലികയുടെ ഹൃദയവേദന ആററുവാനായിട്ടെന്നവണ്ണം തെക്കുനിന്നും വന്ന ഉദാരമതിയായ മന്ദമാരുതൻ ആ കൊച്ചുകുടിലിൽ കടന്നു് ആ കടമ നിർവ്വഹിച്ചവനേപ്പോലെ വടക്കോട്ടിറങ്ങിപ്പോയി.

"പെങ്ങളെ, നമുക്കു കൊന്ത ചൊല്ലാം. അപ്പോഴത്തേക്കും അമ്മച്ചിയും അച്ചായനും വരും. ഇന്നെന്തെങ്കിലും അവർക്കു കിട്ടാതിരിക്കയില്ല. നമ്മുടെ സ്വർഗ്ഗത്തിലെ അമ്മ ജപമാലരാജ്ഞി, നമ്മെ കൈവിടുകയില്ല." ആ പറഞ്ഞതു് അടുത്തുനിന്ന മാത്തച്ചനാണു്.

മേരി അതു സമ്മതിച്ചു. അവൾക്കു് അതു് അത്രയ്ക്കു വിശ്വാസമായിരുന്നു.

മാത്തച്ചൻ പറഞ്ഞ സംഗതി വാസ്തവമാണെന്നു് അടുത്തുനിന്നിരുന്ന തെങ്ങാവിൽ ഇരുന്നു് ഒരു നത്തും മൂളി സമ്മതിച്ചു.

പ്രലോഭനങ്ങൾ ആ കുടുംബത്തെ ഉലയ്ക്കുമ്പോൾ അവരെ ധർമ്മനിരതരാക്കുന്ന ഒരു ശക്തിവിശേഷമുണ്ടു്. ദർശനമാത്രയിൽ അവരുടെ ഹൃദയങ്ങളിലും നയനങ്ങളിലും ഭക്തിയുടെ വേലിയേററമുണ്ടാക്കുന്ന ഒരു അത്ഭുതവസ്തു—അവർ അമൂല്യനിക്ഷേപമായി കരുതുന്ന അവരുടെ കൊന്ത—സകല അഭീഷ്ടങ്ങളും സാധിച്ചുകൊടുക്കുന്ന അവരുടെ ജപമാല.

നിഷ്കളങ്കരായ ആ ബാലികാബാലകരുടെ പ്രാർത്ഥന അവസാനിച്ചു. ആ പ്രാർത്ഥന ആരെങ്കിലും സ്വീകരിച്ചുവോ?

X X X

"മേരി......" പുറത്തു നിന്നൊരു വിളി.

അവൾ ചാടിയെഴുന്നേററു പുറത്തേക്കു നോക്കി അവരുടെ വാത്സല്യമാതാപിതാക്കൾ ആ കൂരിരുട്ടത്തു തപ്പിപ്പിടിച്ചു് കയറിവരുന്നു. കൈയിൽ വലിയൊരു ഭാണ്ഡം.

മേരി സന്തോഷിച്ചു. അവൾ അവളുടെ സ്വർഗ്ഗീയനാഥയ്ക്കു മനസ്സാലെ നന്ദിപ്രകടിപ്പിച്ചു.

"മോളേ, കുഞ്ഞുങ്ങൾ ഉറങ്ങിയോ?"—ആ ദരിദ്രയാചകൻ—സൗശീല്യവാനും ഗുണവാനുമായ ആ വത്സലപിതാവു്—ചോദിച്ചു.

"ഉവ്വ്. അവർ ഉറങ്ങിപ്പോയി." മേരി മറുപടി നൽകി.

മറിയാമ്മയുടെ ഹൃദയം വെമ്പൽ കൊണ്ടു. എന്തായിരിക്കാം അതിന്റെ കാരണം? അവർക്കു ആഹാരം കൊടുക്കാഞ്ഞിട്ടായിരിക്കുമോ? അതല്ല.

മറിയാമ്മ:- "മക്കളേ! പ്രാർത്ഥനകഴിച്ചില്ല്യോ?" അതായിരുന്നു പരിഭ്രമത്തിന്റെ കാരണം.

മേരി:- "ഉവ്വ്. പ്രാർത്ഥന കഴിച്ചിട്ടാണു് അവർ ഉറങ്ങിയതു്."

ആ വത്സലമാതാപിതാക്കൾ ആനന്ദസാഗരത്തിൽ നിമഗ്നരായി.

പിതാവു്:- "അതാണു് മക്കളേ നമുക്കാവശ്യം. അമ്മ, ആ സ്വർഗ്ഗീയനാഥ നമ്മെ കൂടുതലായി അനുഗ്രഹിച്ചു. അമ്മയോടുള്ള ഭക്തി ഒരിക്കലും കുറഞ്ഞുപോകുവാൻ നാം അനുവദിക്കരുതു്."

ഇവരുടെ സംഭാഷണത്തിനിടയിൽ ആ അരുമസന്താനങ്ങൾ ഉണർന്നു. അവർക്കു എങ്ങനെ ഉറക്കം വരും? അവർ സാധുക്കളാണെങ്കിലും അവർക്കുമുണ്ടു് വിശപ്പു്.

"അമ്മച്ചീ! വിശക്കുന്നു. അമ്മച്ചി ഇതുവരെ വന്നില്ലേ?" ഉറക്കത്തിൽനിന്നുണർന്ന അവരാച്ചൻ ചോദിച്ചു.

അമ്മ അവരുടെ അടുത്തേക്കു് ഓടിച്ചെന്നു് ഓരോ ചുംബനം നൽകി.

മാതൃഹൃദയം എപ്പോഴും അലിവുള്ളതാണു്. അതായിരിക്കാം ആ ചുംബനങ്ങളുടേയും കാരണം.

മറിയാമ്മ ഗദ്ഗദസ്വരത്തിൽ പറഞ്ഞു:

"മക്കളേ, നിങ്ങളുടെ പ്രാർത്ഥന മാതാവു കൈക്കൊണ്ടു. ഇതാ ഈ കെട്ടിലിരിക്കുന്ന ചോറും കറികളും നിങ്ങൾ എടുത്തു ഭക്ഷിക്കുക. കുഞ്ഞുങ്ങളേ, അതിനുമുമ്പായി നിങ്ങളുടെ ആ നല്ല അമ്മയ്ക്കു് നന്ദിപറയുക."

ആ പിഞ്ചുപൈതങ്ങൾ മൂന്നും നിരന്നിരുന്നു. ആ വത്സലമാതാവു അവർക്കു ആഹാരം വിളമ്പിക്കൊടുത്തു.

ഇതെല്ലാം കണ്ടുകൊണ്ടു് ആ പിതാവു് മൂന്നരക്കാലിൽ ഉയർന്നു നില്ക്കുന്ന ആ ചാക്കുകട്ടിലിൽ കിടന്നു് ആനന്ദിക്കുന്നു. പക്ഷെ തന്റെ പിഞ്ചുപൈതങ്ങളുടെ ആർത്തിയോടൊപ്പം ആ സ്നേഹസമ്പന്നന്റെ ഹൃദയം വേദനിക്കുന്നുമുണ്ടു്.

പ്രാർത്ഥനാനിരതനായ ആ പിതാവു് എല്ലാം സ്വർഗ്ഗത്തിലെ നാഥയെ ഏല്പിച്ചിരിക്കുകയാണു്. അതുകൊണ്ടു് അയാൾ സമാധാനമായുറങ്ങുകയാണു്. എത്ര സമാധാനപൂർണ്ണമായി കിടക്കുന്നു! അതേ സമയത്തു എത്ര ധനാഢ്യന്മാർക്കു ഉറക്കം വരുന്നില്ല? എന്തായിരിക്കാം അതിനുള്ള കാരണം? മനുഷ്യനെ സന്തോഷനിദ്രയിൽ ആറാടിക്കുന്നതിനുള്ള റേഡിയോപ്പാട്ടും ഇലക്ട്രിക്ക് ഫാനും അവരെ ഉറക്കുന്നില്ല! ഭാഗ്യാസനങ്ങളെക്കൊണ്ടുള്ള സുഖം അവർ അനുഭവിക്കുന്നില്ല! എന്തുകൊണ്ടാണു് അവർക്കു ഉറക്കം വരാത്തതു്? ആ ദരിദ്രയാചകന്റെ ഉറക്കം

അവൾക്കു കിട്ടിയിരുന്നെങ്കിൽ! പക്ഷെ അതു കിട്ടണമെങ്കിൽ അതിനായി ശ്രമിക്കണം. മത്സരബുദ്ധി, അനുസരണമില്ലായ്മ, സുഖലോലുപത്വം, ആഡംബരഭ്രമം, മദ്യപാനാസക്തി, ജഡികാഭിലാഷങ്ങൾ ഇവയെല്ലാം ഉപേക്ഷിക്കണം. സമ്പത്ത്, അതാണവൾക്കു സമാധാനം കൊടുക്കാത്തത്. ദാരിദ്ര്യം, അതാണ് ആ യാചകനു സമാധാനം നൽകുന്നത്. അവനു സമ്പത്തില്ലേ? ഉണ്ട്. മൂന്നു അരുമസന്താനങ്ങൾ, 10, 8, 5, ഈ പ്രായത്തിൽ. അതാണവരുടെ വലിയ സമ്പത്ത്. അവരുടെ ജപമാലയും അവരുടെ ഏററം വലിയ സമ്പത്താണ്. അന്യൻെറ വസ്തുക്കൾ അന്യായമായി കൈയിൽ വച്ചുകൊണ്ടിരിക്കുന്നവൾക്ക് എന്തെല്ലാം സുഖോപകരണങ്ങൾ ഉണ്ടായാലും ഉറക്കം വരുമോ? ഇല്ല. ചിന്തിച്ചു ചിന്തിച്ചു മനസ്സു പുണ്ണാക്കുന്നതല്ലാതെ അവൾക്കു സമാധാനത്തോടെ ഉറങ്ങുവാൻ സാധിക്കുകയില്ല.

x x x

"അമ്മച്ചീ! ആരാണ് ഈ ആഹാരം ഞങ്ങൾക്കായി തന്നയച്ചത്?" ആർത്തിയോടുകൂടിയുള്ള ഭക്ഷണത്തിനിടയിൽ മാത്തച്ചൻ ചോദിച്ചു.

"മോനേ! ഒരു പെൺകുട്ടി. ഏതാണ്ടു 15 വയസ്സു പ്രായം വരും. ഇവിടന്നു രണ്ടു മൈൽ അകലെയാണ് അവരുടെ വീട്. ഞാൻ നമ്മുടെ കുടുംബസ്ഥിതിയേപ്പററി പറഞ്ഞപ്പോൾ, നിങ്ങൾക്കായി ആ കുഞ്ഞു തന്നയച്ചതാണ്. നിങ്ങളെ അങ്ങോട്ടൊന്നയക്കണമെന്നു പറഞ്ഞിട്ടുണ്ട്. മാതാവിനോടു ഭക്തിയുള്ള കുഞ്ഞുങ്ങളെ ആ കുഞ്ഞിനു വലിയ കാര്യമാണ്. നിങ്ങൾക്കു പള്ളിയിൽ പോകാൻ ഉടുപ്പുകളും മററും തരാമെന്നുപറഞ്ഞു"

ആ മാതാവിൻെറ പിഞ്ചുമക്കൾ ആഹ്ളാദംകൊണ്ടു മതിമറന്നു.

"നാളെത്തന്നെ ഞങ്ങൾ പൊയ്ക്കോട്ടെ?" ഇളയവനായ ഔസേപ്പച്ചൻ ചോദിച്ചു.

"മക്കളേ പൊയ്ക്കോ, നാളെയാകട്ടെ. നേരം ഒത്തിരി ഇരുട്ടി. മാതാവിനു നന്ദിപറഞ്ഞു ഒരു പാട്ടും പാടിയിട്ട് ഉറങ്ങിക്കൊൾക." പിതാവു പറഞ്ഞു.

ആ നിഷ്കളങ്കർ മൂന്നുപേരും അവരുടെ കീറപ്പായിൽ ചുരുണ്ടുകിടന്നു. ചുരുണ്ടുകിടക്കാൻ മാത്രമേ ഉണ്ടായിരുന്നുള്ളു ആ പായുടെ വിസ്താരം.

അന്നു മേരിക്കു ഉറക്കം കുറെ താമസിച്ചാണ് ഉണ്ടായതു്.

(ആത്മഗതം) സ്വർഗ്ഗത്തിലെ അമ്മയാണല്ലോ വാസ്തവത്തിൽ അമ്മ. ആ അമ്മയല്ലേ ഇന്നു ഞങ്ങൾക്കു ആഹാരം തന്നതു്. അല്ല, തരുവിച്ചതു്. മാതാവിൻെറ സഹായം എത്ര വിപുലമായ സഹായം. ജപമാലരാജ്ഞി—അവൾ ആശ്വസിച്ചു. അല്ല അവൾ ഉറച്ചു, മേലിലൊരിക്കലും ആ നല്ല അമ്മ അവരെ ഉപേക്ഷിക്കയില്ലെന്നു്.

അതു വാസ്തവവുമായിരുന്നു.

ഏതാണ്ടു പതിനഞ്ചു മിനിട്ടു അങ്ങനെ കടന്നുപോയി. നിദ്ര അവളെ ആലിംഗനംചെയ്തു.

x x x

ഒരാൾ ആ ചെററക്കുടിലിലേക്കു കയറിച്ചെന്നു. അവിടെ അയാൾ കണ്ട കാഴ്ച അയാളെ വികാരാധീനനാക്കി. സുന്ദരിയായ ഒരു യുവതിയുടെ ചിത്രം. ആ യുവതി നിർമ്മലയും, നിഷ്കളങ്കയും, സൗശീല്യവതിയുമാണെന്നു് ഒററനോട്ടത്തിൽ മനസ്സിലാകും. അതിനു മുൻപിൽ മങ്ങിയ ഒരു പാട്ടവിളക്കു്. അതിനു പിറകിൽ ഒരു പുരുഷനും ഒരു സ്ത്രീയും മുട്ടിന്മേൽ നിൽക്കുന്നു. അവർ ഭാര്യാഭർത്താക്കന്മാരാണെന്നു തോന്നി. അവരുടെ കൈകളിൽ ആ വ്യക്തി ഇതിനുമുമ്പെങ്ങും കണ്ടിട്ടില്ലാത്ത ജാതി രണ്ടു മാലകൾ. അവർ എന്തോ ഉരുവിടുന്നുണ്ട്. ആ മനുഷ്യൻ പ്രത്യേകം ചെവി കൊടുത്തു. "നന്മനിറഞ്ഞ മറിയമേ......."ഇതു കൂടെക്കൂടെ ഉരുവിടുന്നുണ്ട്.

ഈ നന്മനിറഞ്ഞ മറിയം ആരായിരിക്കും? ആ ചിത്രത്തിലെ യുവതിതന്നെ ആയിരിക്കുമോ? അയാൾ ശങ്കിച്ചു. ഏതായാലും അവരുടെ പ്രാർത്ഥന കഴിയട്ടെ എന്നുറച്ച് ടിയാൻ ആ മുററത്തു നിന്നിരുന്ന തൈപ്ലാവിൻ ചുവട്ടിൽ ഇരുന്നു. ആ പ്ലാവിൻ ചുവട്ടിൽവച്ച് അയാൾ പലതും ചിന്തിച്ചു. തൻെറ ഹൃദയത്തിൽ ഏതോ ഒന്നു ആഞ്ഞുതട്ടി. എന്തു ചെയ്യണമെന്നറിയാതെ അയാൾ വിഷമിച്ചു.

ഏതാണ്ടുപതിനഞ്ചുമിനിട്ടിനു ശേഷം അവർ എഴുന്നേററു. പ്രാർത്ഥനാവസാനത്തിൽ അവർ ആർക്കോ നന്ദിപറയുന്നതായും അയാൾ കേൾക്കാതിരുന്നില്ല. പക്ഷെ യാതൊരെത്തും പിടിയും കിട്ടിയില്ല. അയാൾ അത്യുൽക്കണ്ഠയോടുകൂടി അവരുടെ ചെറുമുററത്തേക്കുനീങ്ങി. അവർ അവരുടെ കൊച്ചുതിണ്ണയിലേക്കു ഇറങ്ങിയപ്പോൾ കണ്ടതു അയാളെയാണ്.

"എന്താണു കുഞ്ഞേ വന്നതു്?" ആ കുടുംബനായകൻ ഔദാര്യപൂർവ്വം ചോദിച്ചു. "ഈ ഇരുട്ടത്തു ഞങ്ങളുടെ ഈ കൊട്ടിലിലേക്കു വരുവാൻ കാരണമെന്തായിരിക്കാം?"

"ഞാൻ കുറച്ചു ചൂട്ടു വാങ്ങാമെന്നു കരുതി ഇങ്ങോട്ടു കയറിയതാണ്." അയാൾ പറഞ്ഞു. "എൻെറ വീട് ഇവിടെനിന്നും മൂന്നു മൈൽ തെക്കാണ്. ഒരത്യാവശ്യകാര്യം പ്രമാണിച്ച് മാന്നാർ വരെ പോയി തിരികെ വരികയാണ്. പകലേ തിരിച്ചെത്താം എന്നു വിചാരിച്ച് ടോർച്ച് എടുത്തില്ല പക്ഷെ ഇപ്പോൾ നേരം വളരെ ഇരുട്ടി. ഇഴജന്തുക്കളുടെ ശല്യം കാരണം വെളിച്ചമില്ലാതെ പോകാൻ പേടി. അതിനാൽ കുറച്ചു ചൂട്ടു കിട്ടിയാൽ അതും കത്തിച്ച് എങ്ങിനെയെങ്കിലും വീട്ടിലെത്താമെന്നു വിചാരിച്ചു."

"ഈ രാത്രിയിൽ ഇനീം ഇപ്പം എവിടെപ്പോവാനാ!" ആ പറഞ്ഞതു മറിയാമ്മ—കുടുംബനാഥ—ആയിരുന്നു.

"ഇന്നിവിടെ താമസിക്കുന്നതിൽ വിരോധമുണ്ടോ? ഞങ്ങൾ സാധുക്കളാണ്. സമ്മതമാണെങ്കിൽ.........."ഇത്രയും പറഞ്ഞിട്ട് മറിയാമ്മ അകത്തേക്കു പോയി.

അയാൾ തന്നെത്തന്നെ മറന്നു. തൻെറ സ്വത്തിനെപ്പററിയോ, സ്ഥിതിയെപ്പററിയോ വീട്ടിലെ സുഖങ്ങളെപ്പററിയോ ഒന്നും അപ്പോൾ ഓർത്തതേയില്ല. അല്ല ഓർമ്മയിൽ അവയ്ക്കൊന്നും സ്ഥലം പിടിക്കുവാൻ കഴിഞ്ഞില്ല. ആ കൊച്ചു കുടിലിൽ താമസിക്കാമെന്നു തന്നെ അയാൾ നിശ്ചയിച്ചു. അതിനുള്ളിലേക്കു കയറിയപ്പോൾ അനുഭവിച്ച ആനന്ദം അലൗകികാനന്ദം ആണെന്നു അയാൾക്കു തോന്നി. അതിനുള്ള കാരണം അയാൾ ആലോചിച്ചു. പക്ഷേ കുറെ കഴിഞ്ഞതിനുശേഷമാണ് അയാൾക്ക് അതിൻെറ കാരണം മനസ്സിലായതു്.

"കൈകാൽ കഴുകിയിട്ട് അഞ്ചാറു ചോറുണ്ണാം" മറിയാമ്മ അയാളോടായി പറഞ്ഞു.

ആ കൊച്ചുകുടിലിൽനിന്നും ചോറുണ്ണുന്നതിനു് അയാൾക്കു യാതൊരു വിഷമവും തോന്നിയില്ല. അയാൾ വയറു നിറയെ ചോറുണ്ടു.

അവർ ആ കൊച്ചുതിണ്ണയിൽ കുറേനേരം ഇരുന്നു സംസാരിച്ചു

പരമാർത്ഥതയുടെ തികവിൽ ആ കുടുംബനായകൻ എല്ലാം തുറന്നു പറഞ്ഞു. ആ വാക്കുകൾ അയാളെ ചിന്താധീനനാക്കി. വെറും ഒരു പ്രൊട്ടസ്റ്റൻറുകാരനായിരുന്ന അയാൾ ആ കുടുംബത്തലവൻെറയും ഭാര്യയുടെയും, അവരുടെ പിഞ്ചുബാലകരുടെയും ജപമാലഭക്തിയെപ്പററി കേട്ടിട്ട് അതിശയത്തിലാറാടി. നന്മനിറഞ്ഞ മറിയത്തെപ്പററി അയാൾ കൂടുതൽ വിവരങ്ങൾ മനസ്സിലാക്കി. ചിലതെല്ലാം ആ കൊച്ചുതിണ്ണയിൽവച്ചുതന്നെ അയാൾ ഉറച്ചു.

"നേരം ഇരുട്ടി. ഇനി ഉറങ്ങാം." മറിയാമ്മച്ചേട്ടത്തി അകത്തുനിന്നൊരു താക്കീതു്.

അവരുടെ ഒടിഞ്ഞ ചാക്കുകട്ടിൽ അവരാൽ കഴിയുംവണ്ണം അതിഥിക്കു് ഒരുക്കി. അയാൾ ആ ചാക്കുകട്ടിലിലേക്കു ചാഞ്ഞു. തൻെറ വീട്ടിലെ പട്ടുവിരിച്ച മെത്തയിൽ കിടക്കുന്നതിലധികം സുഖം ആ പരുപരുത്ത പായ്ക്കുണ്ടെന്നു് അയാൾക്കു തോന്നി.

നിങ്ങൾ എങ്ങിനെ ജീവിതം കഴിക്കുന്നുവെന്നു് ചോദിച്ചതിനു കിട്ടിയ ഉത്തരം അയാളുടെ മനസ്സിൽ പൊന്തിവന്നു: "മിശിഹാ ഇഷ്ടപ്പെടുന്ന ആ ദരിദ്ര ജീവിതമാണു് ഞങ്ങളുടേതു്. ഞങ്ങൾ നേരം വെളുക്കുമ്പോൾ മുതൽ പിച്ച തെണ്ടും. ഞങ്ങൾ രോഗികളാണ്. അതേ എൻെറ ഒരു കാൽ ഒടിഞ്ഞതാണ്. നടക്കുവാൻ മറിയാമ്മ എന്നെ സഹായിക്കും. സ്വർഗ്ഗത്തിലെ മറിയാമ്മയും. അതേ സ്വർഗ്ഗീയനാഥ ഞങ്ങളെ സഹായിക്കും. ആ അമ്മ ഞങ്ങൾക്കു തരുവിക്കുന്നതു് ഞങ്ങളും പിഞ്ചുകുഞ്ഞുങ്ങളും ചേർന്നു ഭക്ഷിക്കും. ദിവസവും കാലത്തും വൈകിട്ടും ജപമാല ചൊല്ലും. ഇങ്ങിനെ ഞങ്ങൾ സമാധാനത്തോടെ കഴിയുന്നു." ഈ വാചകങ്ങൾ അയാളെ അന്നുറക്കിയില്ല. പിച്ചതെണ്ടിക്കിട്ടിയ ആ ആഹാരത്തിൻെറ രുചി എത്ര ആനന്ദപ്രദം! തൻെറ വീട്ടിലെ ചതുർവിഭവങ്ങളോടുകൂടിയ സദ്യയെക്കാൾ മെച്ചം ആ കൊച്ചുകുടിലിലെ ഭക്ഷണമാണെന്നു് അയാൾക്കു തോന്നി.

* * *

ഏതോ ഒരു പ്രകാശം കണ്ടാണ് അയാൾ ഉറക്കമുണർന്നതു്. മറിയാമ്മ പാട്ടവിളക്കുമായിവന്നു കുഞ്ഞുങ്ങളെ പ്രാർത്ഥനയ്ക്കായി വിളിച്ചെഴുന്നേല്പിക്കുവാൻതുടങ്ങുന്നു.

തൻെറ ഹൃദയം തുടിക്കുന്നതുപോലെ അയാൾക്കു തോന്നി. കീറിയതെങ്കിലും വെള്ളത്തുണികളാൽ ആഛാദനം ചെയ്യപ്പെട്ടിരുന്ന മൂന്നു മൃദുലശരീരങ്ങൾ ഒരു കീറപ്പായിൽ ചുരുണ്ടുകിടക്കുന്നു. അവയിൽ, യാചകർ എന്നറിയപ്പെടുന്ന ആ മ്ലേച്ഛവർഗ്ഗത്തിൽ കാണാൻ കഴിയാത്ത ശ്രേഷ്ഠതയുടെ പൊന്നൊളികൾ തെളിഞ്ഞു കാണാമായിരുന്നു. അവരുടെ മുഖകമലങ്ങളിൽ നിഷ്കളങ്കത നൃത്തംചെയ്തു. പട്ടിണിക്കുണ്ടിൽ വഴുതിവീണുപോയ നിരാശ്രയരായ തങ്ങളെ ഉദ്ധരിക്കുവാൻ ഉദാരമതികൾ വല്ലവരും വരുന്നുണ്ടോ എന്നു് ആ ക്ഷീണിച്ച ഹൃദയങ്ങൾ എത്തിനോക്കുകയാണോ എന്നു തോന്നും അവരുടെ കിടപ്പുകണ്ടാൽ.

ആ കുടുംബപ്രാർത്ഥന ആരംഭിച്ചു. അയാൾ ചിന്താധീനനായി. ഈ കുടുംബം ഇതരകുടുംബങ്ങളിൽനിന്നും ഇത്ര വ്യത്യസ്ഥമായിരിക്കുന്നതിൻെറ കാരണം? ശൈശവത്തിൽതന്നെ വിശ്വാസം അവരിൽ രൂഢമൂലമായി. പ്രാർത്ഥനയിൽ അതു പുഷ്ടിപ്രാപിച്ചു സുകൃതഫലങ്ങൾ പുറപ്പെടുവിച്ചു.

അവരുടെ പ്രാർത്ഥനയ്ക്കിടയിൽ അയാൾ ആ ഭാര്യാഭർത്തൃമുഖങ്ങളിലേക്കു് ഒന്നുനോക്കി. ആ മാതാപിതാക്കളുടെ നെററിപ്പരപ്പിനു താഴെ രണ്ടു മാളങ്ങളിൽ ഒളിച്ചിരുന്നു് മിന്നിത്തിളങ്ങുന്ന കണ്ണുകൾ അവരുടെ നിഷ്കളങ്കതയേയും പ്രാർത്ഥനാ വൈഭവത്തേയും ഉദ്ദീപിപ്പിച്ചിരുന്നു. വിഡ്ഢികളുടെ പറുദീസായിൽ സുഖനിദ്രയിലാളുന്ന മാതാപിതാക്കന്മാരെപ്പോലെയല്ല ആ സാധുകുടുംബത്തിലെ മാതാപിതാക്കൾ എന്നു മനസ്സിലാക്കുവാൻ ആ പ്രഭാതം അയാളെ അനുഗ്രഹിച്ചു. ആ കുടുംബത്തിൻെറ പ്രാർത്ഥന അവസാനിച്ചതും അയാൾ ചിന്തയിൽനിന്നുണർന്നതും ഒപ്പം കഴിഞ്ഞു. നേരം വെളുത്തു. അയാൾ എഴുന്നേററു് ആ സൽഗുണസമ്പന്നമായ കുടുംബത്തോടു് യാത്രപറഞ്ഞുപിരിഞ്ഞു.

x x x

"അമ്മച്ചീ, ഇതെന്താണ്? ഞങ്ങളുടെ പായിൽ കിടന്നതാണ്, ഒരു കടലാസ്സ്!"

മറിയാമ്മ ഓടിച്ചെന്നു. ഒരു പത്തുരൂപയുടെ നോട്ട്! അവർ സന്തോഷചിത്തരായി. മാതാവിനു നന്ദിപറഞ്ഞു.

"ഇവിടെ വന്ന ആൾ നമുക്കായി ഇതിവിടിട്ടേച്ചുപോയതായിരിക്കും" മറിയാമ്മ പറഞ്ഞു.

x x x

കാലചക്രം നീങ്ങിക്കൊണ്ടിരുന്നു.

നമ്മുടെ പഴയ സ്നേഹിതൻ ഇന്നൊരു കത്തോലിക്കനാണ്. അതേ, ഒരു ഉത്തമകത്തോലിക്കാ കുടുംബം. നാലു സന്താനവല്ലികൾ. രണ്ടു പുത്രന്മാരിൽ ഒരാൾ കമ്മലീത്താവൈദികനും രണ്ടു പുത്രികളിൽ ഒരുവൾ അഗതികളുടെ കന്യാസ്ത്രീയുമാണ്. അയാൾക്കു വയസ്സ് 60 കഴിഞ്ഞു. അയാളുടെ കുടുംബത്തിൽ അയാളും, ഭാര്യയും മുടങ്ങാതെ ജപമാല ചൊല്ലുന്നുണ്ട്. അതിൻെറ ഫലമായി അവർ സമാധാനത്തോടും സന്തോഷത്തോടുംകൂടി ജീവിക്കുന്നുമുണ്ട്. ആ കൊച്ചുകുടിലിലെ ജപമാല ഭക്തി അയാളിൽ എന്തെന്തു മാററങ്ങൾ വരുത്തിയിരിക്കുന്നു!

(ലേഖക സിസ്റ്റർ ഫ്ളോറൻസായിട്ട് ഇപ്പോൾ വർഷങ്ങൾ നാലുകഴിഞ്ഞു.)

—o—

# സ്വർഗ്ഗമാക്കാനോ?

(പള്ളിപ്രം സി. കെ. ചന്ദ്രശേഖരൻനായർ)

ദൃതഗാഥ

അകലത്തെ നാട്ടിലെ മുന്തിരിത്തോട്ടങ്ങ-
ളപരരെയേല്പിച്ചു വീട്ടുകാരൻ,
പഴമേല്ലും കാലത്തു തൻപങ്കു പററുവാൻ
പരിചാരകന്മാരെയങ്ങയച്ചു.
അവിടത്തെക്കർഷകർ പ്രഹരിച്ചാ ദാസന്മാ-
രവശരാ,യൊട്ടേപർ മൃതരുമായി!
ഉടമസ്ഥൻ പിന്നെയും വിട്ടോർക്കും കിട്ടിയ-
തടികളും കല്ലേറുമായിരുന്നു.
പ്രിയമേറും തന്മകൻ പോവുകിലേവർക്കും
ഭയമേറുമെന്നു നിനച്ചു വീണ്ടും,
പകവീട്ടാതോഹരി വാങ്ങുവാൻ കല്പിച്ചു
മകനെയയച്ചയാൾ നിശ്ശങ്കം!
കൊതിയരാം കർഷകർക്കവകാശിയാമവൻ
മൃതനാകിലാശ്വാസമെന്നു തോന്നി
ഇലകളാൽ മുന്തിരിയരുതെന്നു ചൊല്ലുമ്പോൾ
കൊലചെയ്താരാരോമൽപ്പുത്രനേയും!
കരൾ ഞെട്ടിക്കാര്യങ്ങൾ കേൾക്കെ, പ്രതികാരം
കരുതിയങ്ങെത്തിയ വിത്തനാഥൻ,
അപരാധം ചെയ്തോരെപ്പാരടെ മുടിച്ചു, ത-
ന്നഴലേന്നും കോപത്തിൻ തീവ്രതയാൽ.
കളവുള്ളിലില്ലാതെ കാലങ്ങളാകുമ്പോൾ
ഫലമേകും കർഷകർക്കേകി തോട്ടം.

ജഗദീശൻ, സ്വർഗ്ഗത്തിൻ സന്തതസൗഭാഗ്യം
സുകൃതികൾക്കേകീടുമീപ്രകാരം.




ചുരുങ്ങിയ കാലത്തിനുള്ളിൽ വിശ്രുതരായ സംഗീതവിദഗ്ദ്ധന്മാരുടെ കീഴിൽ പരിശീലനം സിദ്ധിച്ച്, കേരളത്തിലെ പല മഹാവ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പ്രശംസയും സർട്ടിഫിക്കററുകളും കരസ്ഥമാക്കിയിട്ടുള്ള സെൻറ് തോമസ് ബാൻറ് സെററ് വ. പറൂർ ഇതാ നിങ്ങളുടെ സേവനത്തിനായി തയ്യാർ. മിതമായ നിരക്ക്! സ്തുത്യർഹമായ സേവനം!

സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—12—0 |

# നിര്യാതനായി

## ഷെവ. തരിയതു കുഞ്ഞിത്തൊമ്മൻ

കോതമംഗലത്തു ഇലഞ്ഞിക്കൽ ഷെവ. തരിയതു കുഞ്ഞിത്തൊമ്മൻ ഹൃദ്രോഗംമൂലം ഒക്ടോബർ 8-ാംനു- ശനിയാഴ്ച രാത്രി 12-30 ന് അദ്ദേഹത്തിൻെറ വസതിയിൽവച്ചു നിര്യാതനായിരിക്കുന്നു. യാത്രാമദ്ധ്യേ വൈകിട്ട് 7 മണിക്കു പെരുമ്പാവൂർവച്ചാണു് അസുഖം തോന്നുകയും വീട്ടിലേക്കു കൊണ്ടുവരപ്പെടുകയും ഉണ്ടായതു്. അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു് ബ. വൈദികരുടെ ആത്മീയ ശുശ്രൂഷകൾക്കിടയിൽ പ്രവത്തനസമൃദ്ധമായ ജീവിതത്തെ അദ്ദേഹം ദൈവത്തിനപ്പിച്ചു. തിരുവിതാംകൂർ കത്തോലിക്കരുടെ അവകാശസംരക്ഷണത്തിനുവേണ്ടി ചെറുപ്പംമുതൽ വീറോടുകൂടി പ്രവത്തിച്ചിരുന്ന ഒരു സമുദായസ്നേഹിയാണദ്ദേഹമെന്നു രാജ്യത്തിൻെറ ഏതു മൂലയിലും താമസിക്കുന്നവർ സശിരഃകമ്പം സമ്മതിക്കുന്ന ഒരു വസ്തുതയാണു്. 40 വർഷം തുടർച്ചയായി അദ്ദേഹം തിരുവിതാംകൂർ അസംബ്ളിയിലും സംയോജനത്തെത്തുടന്നു തിരുക്കൊച്ചി അസംബ്ളിയിലും മെമ്പറായിരുന്നു. ശവസംസ്കാരം 9-ാംനു- ഞായറാഴ്ച 5 മണിക്കു് സാഘോഷം നടത്തപ്പെട്ടു. എറണാകുളം സഹായമെത്രാൻ റൈറ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടും 40-ൽപ്പരം ബ. വൈദികരും, ഡോക്ടർ പി. ജെ. തോമസ്, ജസ്റ്റീസ് ജോസഫ് വിതയത്തിൽ, ഡോക്ടർ തളിയത്തു്, മി. എൻ. പി. വർഗ്ഗീസ് മുതലായ ഉദ്യോഗസ്ഥാനുദ്യോഗസ്ഥപ്രമുഖരായ നിരവധി ജനങ്ങളും ശവസംസ്കാരത്തിൽ പങ്കെടുത്തു കത്തോലിക്കാസഭാമാടമ്പിയുടെ ഔദ്യോഗികവസ്ത്രങ്ങൾ ധരിപ്പിച്ചാണു് മൃതദേഹം സജ്ജമാക്കിയിരു



ന്നതു്. കത്തോലിക്കാകോൺഗ്രസ്സിനെ പ്രതിനിധീകരിച്ചു് വൈസ്പ്രസിഡൻറു് മി. എൻ. എക്സ്. ചെറിയാനും, ജോയിൻറു്സിക്രട്ടറി മി ജയിംസ് കണ്ടത്തിലും ശവമഞ്ചത്തിൽ റീത്തുകൾ അപ്പിച്ചു വീട്ടിൽവച്ചു നിമ്മലാകോളജ് പ്രിൻസിപ്പാൾ റവ. ഫാദർ തോമസ് നെടുങ്കല്ലേൽ ചരമപ്രഭാഷണം നടത്തി. ദേവാലയത്തിൽവച്ചു റവ. ഡോക്ടർ പാറേക്കാട്ടിൽ തിരുമേനി പരേതൻെറ സേവനപരമായ ജീവിതത്തെ അനുസ്മരിച്ചു് വിരഹത്തിൽ അനുശോചനം രേഖപ്പെടുത്തുകയുണ്ടായി. "അദ്ദേഹം അനിതരസാധാരണനായ ഒരു ധീരഭടനായിരുന്നു. സഭയ്ക്കും സമുദായത്തിനും രാജ്യത്തിനുംവേണ്ടി ആജീവനാന്തം യത്നിച്ച ഒരുജ്ജ്വല നേതാവായിരുന്നു ജീവിതത്തിൻെറതായ ഓട്ടം അദ്ദേഹം നല്ലവണ്ണം ഓടി; ആ ഓട്ടം അദ്ദേഹം പൂത്തിയാക്കി; അതിനുള്ള സമ്മാനം വാങ്ങുന്നതിനായി അദ്ദേഹം നിത്യതയിലേക്കു യാത്രയായിരിക്കുന്നു. തീക്ഷ്ണമായ ദൈവഭക്തിയും തീവ്രമായ സമുദായസ്നേഹവും ഉൽകൃഷ്ടമായ രാജ്യഭക്തിയും അദ്ദേഹത്തിൽ അവസാനംവരെ പ്രകടമായിരുന്നു. കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിൽ അദ്ദേഹത്തിനുണ്ടായിരുന്ന അടിയുറച്ച വിശ്വാസവും ഭക്തിയും ഏററവും മാതൃകായോഗ്യമായിരുന്നു. സഭയുടെ നിയമങ്ങളേയും വിശ്വാസങ്ങളേയും അക്ഷരംപ്രതി പാലിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്ന ആ മഹാപുരുഷൻെറ ആത്മശാന്തിക്കായി നമുക്കു പ്രാത്ഥിക്കുക." എന്നാണു് തിരുമേനി പ്രസ്താവിച്ചതു്.

സംസ്കാരകമ്മങ്ങൾക്കുശേഷം അനേകായിരം സാധുക്കൾക്കു അരിയും വസ്ത്രങ്ങളും പണവും ദാനം ചെയ്യപ്പെട്ടു.

നിരവധി അനുശോചനകമ്പികളും സന്ദേശങ്ങളും രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ഇടവിടാതെ ലഭിച്ചുകൊണ്ടിരിക്കുന്നു. പരേതൻെറ ആത്മാവിനു നിത്യശാന്തി ലഭിക്കുമാറാകട്ടെ!

R. I. P.

# സംസ്ഥാന പുനഃസംഘടനാ കമ്മീഷൻെറ റിപ്പോർട്ട്

### ഇൻഡ്യയിലാകെ 16 സംസ്ഥാനങ്ങളും കേന്ദ്രഭരണത്തിൻകീഴ് 3 ടെറിറററീസും

നിർദ്ദിഷ്ട സംസ്ഥാനങ്ങളും ടെറിററററീസും അവയുടെ വിസ്തീർണ്ണവും ജനസംഖ്യയും താഴെ ചേർക്കുന്നു.

#### സംസ്ഥാനങ്ങൾ

| | വിസ്തീർണ്ണം (ചതുരശ്ര മൈൽ) | ജനസംഖ്യ (10 ലക്ഷങ്ങളിനു്) |
|---|---|---|
| മദ്രാസ് | 50,170 | 30.0 |
| കേരളം | 14,980 | 136 |
| കർണ്ണാടകം | 72,730 | 190 |
| ഹൈദ്രാബാദ് | 45,300 | 113 |
| ആന്ധ്രാ | 64,950 | 20.9 |
| ബോംബെ | 151,360 | 40.2 |
| വിദർഭ | 36,880 | 7.6 |
| മദ്ധ്യപ്രദേശ് | 171,200 | 26.1 |
| രാജസ്ഥാൻ | 132,300 | 160 |
| പഞ്ചാബ് | 58,140 | 172 |
| ഉത്തരപ്രദേശ് | 113,410 | 632 |
| ബീഹാർ | 66,520 | 385 |
| പശ്ചിമബംഗാൾ | 34,590 | 26.5 |
| ആസ്സാം | 89,040 | 9.7 |
| ഒറീസ്സാ | 60,140 | 14.6 |
| ജമ്മു ആൻഡ് കാശ്മീർ | 92,780 | 44 |

#### ടെറിററീസ്

| | വിസ്തീർണ്ണം | ജനസംഖ്യ |
|---|---|---|
| ഡൽഹി | 578 | 1,744,072 |
| മണിപ്പൂർ | 8528 | 577,635 |
| ആൻഡമൻസ് ആൻഡ് നിക്കോബാർ | 3215 | 30,971 |

#### കേരള സംസ്ഥാനം

വിളവംകോട്, കൽക്കുളം, തോവാള, അഗസ്തീശ്വരം, ചെങ്കോട്ട എന്നീ അഞ്ചു താലൂക്കുകൾ ഒഴികെയുള്ള തിരു.കൊച്ചി, മലബാർ (ഫോർട്ടുകൊച്ചിയും ലക്ഷദ്വീപും ഉൾപ്പെടെ), കാസർകോട്, അമീൻഡീവ് ദ്വീപുകൾ ഈ പ്രദേശങ്ങളായിരിക്കും കേരളസംസ്ഥാനത്തിൽ ഉൾപ്പെട്ടിരിക്കുക.

# ഇടവകവാത്തകൾ

**ചെല്ലാനം:** പള്ളിത്തോടു പള്ളി വികാരി ഫാദർ ഡാനിയേൽ കരിശ്ശുങ്കൽ ബി. എ. അവർകൾക്കു് പരിശുദ്ധ സിംഹാസനത്തിൽനിന്നും "പ്രൈവററ് ചെയിംബർലയിൻ" എന്ന ബഹുമതി ലഭിച്ചതിൽ അദ്ദേഹത്തെ അനുമോദിക്കുന്നതിനായി ഒക്ടോബർ 9-ാംനു- ഞായറാഴ്ച പള്ളിയങ്കണത്തിൽ ഇടവകക്കാരും അയൽകരകളിലെ നാനാജാതി മതസ്ഥരുമായ ഒരു വമ്പിച്ച ജനസമൂഹം തടിച്ചുകൂടുകയുണ്ടായി. യോഗത്തിൽ റൈററ് റവ. മോൺ. ലോറൻസ് പുളിയനത്തു് പി എച്ച്. ഡി. ഡി. ഡി. ആദ്ധ്യക്ഷംവഹിച്ചു. ഇടവകപ്രതിനിധി ശ്രീ എ. ജെ. ജയിക്കബ് സ്വാഗതം പറഞ്ഞു. ശ്രീ പി. ജെ. ഗ്രിഗരി ബി. എ: റവ. ഫാദർ മാത്യു കോതകത്തു എന്നിവർ അനുമോദനപ്രസംഗങ്ങൾനടത്തി. പണക്കിഴി, മംഗളപത്രം, സ്വീകരിച്ചതൽബൊക്കെ എന്നിവകളുടെ സമപ്പണങ്ങൾക്കുശേഷം അനുമോദിതൻെറ മറുപടി, ഉപസംഹാരം, കൃതജ്ഞത, പാപ്പാമംഗളം ഇവകളോടെ യോഗം മംഗളമായിപിരിഞ്ഞു.

**അയ്യപ്പൻകോവിൽ:** ഈ ഭാഗത്തു വസിക്കുന്ന അവശക്രിസ്ത്യാനികുട്ടികളുടെ മതപാഠനത്തി(നായ) വെള്ളിയാംകണ്ടത്തിൽഒരു വേദപാഠശാല റവ. ഫാദർ ജയിംസ് വെട്ടിക്കാട്ട് ഉൽഘാടനം ചെയ്തിരിക്കുന്നു.


# ദി ബാങ്ക് ഓഫ് കൊച്ചിൻ ലിമിററഡ്

**H. O. എറണാകുളം**

ബ്രാഞ്ചുകൾ:— എറണാകുളം, കൊച്ചിൻ, വില്ലിംഗ്ഡൺ ഐലൻറ്, തൃശ്ശിവപേരൂർ, ചാലക്കുടി

## ★ പുതിയ മാസക്കുറി ★

ഒന്നിടവിട്ട മാസങ്ങളിൽ നറുക്കെടുപ്പും ലേലവും.

തിരു-കൊച്ചിഗവമ്മെൻറിൻെറ 1955 ആഗസ്റ്റ് 1-ാംനു- D.Dis. 7103/55 R. D. നമ്പ്ര് കല്പനപ്രകാരം നടത്തപ്പെടുന്നതു്.

### സ്ഥിതിവിവരപ്പട്ടിക

| ക്ലാസ്സ് | ആകെ ടിക്കററ് | ഓരോ ടിക്കററിൻേറയും തുക | | | ആകെ സല | | | സ്ഥിരം കഴിവ് | | | കുറി കിട്ടിയവർക്കു കിട്ടുന്ന സംഖ്യ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ക. | ണ. | സ. | ക. | ണ. | സ. | ക. | ണ. | സ. | ക. | ണ. | സ. |
| എ. | 60 | 200 | 0 | 0 | 12000 | 0 | 0 | 321 | 0 | 0 | 11679 | 0 | 0 |
| ബി. | 60 | 100 | 0 | 0 | 6000 | 0 | 0 | 161 | 0 | 0 | 5839 | 0 | 0 |
| സി. | 60 | 50 | 0 | 0 | 3000 | 0 | 0 | 81 | 0 | 0 | 2919 | 0 | 0 |
| ഡി. | 60 | 25 | 0 | 0 | 1500 | 0 | 0 | 41 | 0 | 0 | 1459 | 0 | 0 |
| ഇ. | 60 | 12 | 8 | 0 | 750 | 0 | 0 | 21 | 0 | 0 | 729 | 0 | 0 |
| 5 | 300 | 387 | 8 | 0 | 23250 | 0 | 0 | 625 | 0 | 0 | 22625 | 0 | 0 |

മേൽവിവരിച്ച പ്രതിമാസക്കുറി എല്ലാ ഇംഗ്ലീഷ്മാസങ്ങളുടെയും 20-ാംനു-കളിൽ കുറിത്തവണയും, ഒന്നിടവിട്ട തവണകളിൽ ലേലവും നറുക്കുമായി 1955 ഒക്ടോബർ 20-ാംനു- മുതൽ ആരംഭിക്കുന്നതും 1960 സെപ്തംബർ 20-ാംനു- അവസാനിക്കുന്നതുമാകുന്നു.

കുറിയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ കാലേകൂട്ടി പണമടച്ചു രശീതിവാങ്ങേണ്ടതാകുന്നു.

C. THOMAS PAUL
Kuri Organiser

P. J. CYRIAC
Manager


വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പായുടെ സഹായത്താൽ എൻെറ സുഖക്കേടു വളരെ ഭേദമായതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

R. P. C.




അമലോത്ഭവമാതാവിൻെറ സഹായത്താൽ ലഭിച്ച പ്രത്യേകാനുഗ്രഹങ്ങൾക്കു് കൃതജ്ഞത.

ഒരു മരിയസഖ്യാംഗം
കാഞ്ഞിരപ്പള്ളി





# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || ERNAKULAM, OCTOBER 12 | No. 10


## കത്തോലിക്കരും പൊതുകാര്യപ്രവർത്തനവും

കത്തോലിക്കർ പൊതുവേയും ഭാരതത്തിലെ കത്തോലിക്കർ പ്രത്യേകിച്ചും പൊതുകാര്യപ്രവർത്തനങ്ങളിൽനിന്നു പാട്ടുള്ളിടത്തോളം ഒഴിഞ്ഞുമാറി നില്ക്കുന്നതിനുള്ള ഒരു വാസനയാണു് പ്രകടിപ്പിച്ചുകാണുന്നതു്. ഈ മനോഭാവത്തിനു നിദാനങ്ങളായും പ്രേരകങ്ങളായും നിരവധി കാരണങ്ങളെ ചൂണ്ടിക്കാണിക്കുവാനും സാധിച്ചേക്കാം. ഏതായാലും ഈ സ്ഥിതിവിശേഷം മാററുകയും മാറുകയും ചെയ്യുന്നില്ലെങ്കിൽ അതു രാജ്യത്തിനും സമുദായത്തിനും, മതത്തിനും വലിയ വിപത്തായിരിക്കുമെന്നതു പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യമാണു്. പൊതുകാര്യങ്ങളിൽ കത്തോലിക്കർ ഊർജ്ജിതമായി പ്രവർത്തിക്കേണ്ടതിന്റെ അടിയന്തിരവും അനിവാര്യവുമായ സാഹചര്യങ്ങളെ ക്രോഡീകരിച്ചു്, അത്യുന്നതകർദ്ദിനാൾ വലേര്യൻ ഗ്രേഷ്യസ് തിരുമേനി ബോംബെയിൽവച്ചു ഈയിടെ നടത്തിയ ഒരു പ്രസംഗപരമ്പരയിൽ സെപ്ററംബർ 11-ാം തീയതിയിലെ പ്രഭാഷണത്തിൽ, പ്രത്യേകം പരാമർശിക്കുകയുണ്ടായി. സുസ്ഥാപിതവും ശക്തിയുക്തവുമായ തിരുമനസ്സിലെ വാദമുഖങ്ങളിൽ ചിലതെങ്കിലും സശ്രദ്ധം ഹൃദിസ്ഥമാക്കിയിരിക്കേണ്ടതു് എല്ലാവർക്കും ആവശ്യമാണു്.

13-ാം ലെയോൻ മാർപ്പാപ്പായുടെ ശ്രദ്ധേയമായ വാക്കുകളെ ഉദ്ധരിച്ചുകൊണ്ടാണു് തിരുമേനി പ്രഭാഷണം തുടന്നതു്:- "കത്തോലിക്കർ വിശ്വസിക്കുന്ന തത്വങ്ങൾതന്നെ അവരുടെ കർത്തവ്യനിർവ്വഹണത്തിൽ നീതിബോധമുള്ളവരും വിശ്വസ്തരുമായിരിക്കണമെന്നു ഉൽബോധിപ്പിക്കുന്നവയാണു്. അതുകൊണ്ടു് അവർ ഒഴിഞ്ഞുനില്ക്കുകയാണെങ്കിൽ, രാജ്യനന്മയ്ക്കു അത്രതന്നെ ഗുണകരമല്ലാത്ത സിദ്ധാന്തങ്ങൾ അംഗീകരിക്കുന്നവർ ഭരണത്തിന്റെ സാരഥ്യം എളുപ്പത്തിൽ കൈയടക്കിയെന്നുവരും. ഇതു ക്രിസ്തുമതത്തിന്റെ നാശത്തിനുകൂടി കാരണമായിത്തീരും. എന്തുകൊണ്ടെന്നാൽ തിരുസ്സഭയ്ക്കെതിരായ മനോഭാവം പുലർത്തുന്നവർ എത്ര കൂടുതലായി അധികാരത്തിൽ വരുന്നുവോ അത്രയ്ക്കു സഭയോടനുഭാവമുള്ളവരുടെ പ്രാബല്യം കുറയാതെ തരമില്ലല്ലോ. അതുകൊണ്ടു് പൊതുകാര്യങ്ങളുടെ നിർവ്വഹണത്തിൽ പങ്കെടുക്കുന്നതിനു കത്തോലിക്കർക്കു ന്യായമായ കാരണങ്ങളുണ്ടെന്നു വ്യക്തമായി അനുമാനിക്കണം." ഈ ഉദ്ധരണിയെ ആധാരമാക്കി തിരുമേനി പറഞ്ഞു:- "ഈ പ്രഖ്യാപനത്തിൽ നിന്നു രണ്ടു അനുമാനങ്ങൾ എടുക്കണം, a) എന്റെ ആദ്യപ്രസംഗത്തിൽ ഞാൻ സൂചിപ്പിച്ച ലക്ഷണങ്ങൾ മുറുകെപ്പിടിക്കുന്നതിനു കത്തോലിക്കരായ നമുക്കു പരിപൂർണ്ണമായ അവകാശമുണ്ടു്; അതായതു്, ഒരു പാർട്ടിയുടേയോ സ്ഥാനാർത്ഥിയുടേയോ, മതത്തോടും ധാർമ്മികതത്വത്തോടുമുള്ള മനോഭാവം ഏതു തരത്തിലുള്ളതാണെന്നു് മതത്തിന്റെയും സമുദായത്തിന്റെയും താല്പര്യങ്ങളെ മുൻനിർത്തി വിലയിരുത്തുന്നതിനുള്ള അവകാശം. നമ്മുടെ ഈ നിലപാടു നമ്മുടെ സഹപൗരന്മാർക്കു വർഗ്ഗീയമനഃസ്ഥിതിയാണെന്നു തോന്നിയേക്കാം. പക്ഷെ സീസറിന്റേതു സീസറിനു കൊടുക്കുക മാത്രമല്ല നമുക്കു ചെയ്യുവാനുള്ളതു്, ദൈവത്തിന്റേതു ദൈവത്തിനും കൊടുക്കണം; ഇവ രണ്ടിൽ ഏതാണു് പ്രാഥമ്യം അർഹിക്കുന്നതെന്നും നിങ്ങൾക്കറിയാം.

b) മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഇത്ര വിശദമായും, ശക്തിമത്തായും, യുക്തിപൂർവ്വകമായും ഈ വിധത്തിൽ പ്രസ്താവിച്ചിരിക്കുന്നതുകൊണ്ടു് അതിൽനിന്നു നാം മനസ്സിലാക്കണം, കത്തോലിക്കരുടെ ഇടയിൽ പൊതുവെ, കൂടുതലായോ കുറവായോ, പൊതുകാര്യങ്ങളിൽ നിരുത്സാഹപരമായ മനോഭാവമുണ്ടെന്നു്. വിശേഷിച്ചും ഒരു കത്തോലിക്കാ രാജ്യത്തിലെ ന്യൂനപക്ഷത്തിനു ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വം പ്രത്യേകതരമായ ഒന്നായതുകൊണ്ടു് ഇതിൽ നാം കൂടുതൽ ബാദ്ധ്യസ്ഥരാണു്. കർദ്ദിനാൾ ന്യൂമാൻ അവിടുത്തെ കാലത്തിലെ ന്യൂനപക്ഷകത്തോലിക്കരോടുചെയ്ത അഭ്യർത്ഥന നമ്മെ സംബന്ധിച്ചു് ഏററവും പ്രായോഗികമായിരിക്കുന്നുണ്ടു്:- "നിങ്ങളുടെ പ്രവർത്തനങ്ങളെ സാധൂകരിക്കുകയും നിങ്ങൾക്കു വിജയം സുദൃഢമാക്കുകയും ചെയ്യുന്നതു് നിങ്ങളുടെ ഭൗതികമായ ശക്തിയല്ല, നിങ്ങളുടെ ധാർമ്മികമായ ശക്തിയാണു്...... പ്രസാദവരം എപ്പോഴും കുറച്ചു പേരിൽക്കൂടിയാണു് പ്രവർത്തിക്കുന്നതു്; ഒരു ന്യൂനപക്ഷത്തിന്റെ സസൂക്ഷ്മമായ വീക്ഷണം, സുദൃഢമായ ബോദ്ധ്യത, അജയ്യമായ ഉറപ്പു്—വേദസാക്ഷിയുടെ രക്തം, വിശുദ്ധന്റെ പ്രാർത്ഥന, വീരോചിതമായ സേവനം, ക്ഷണികമായ വിപത്ഘട്ടം, ഒരു വാക്കിലോ നോക്കിലോ ഉൾക്കൊള്ളുന്ന കേന്ദ്രീകൃതമായ ചൈതന്യം—എന്നിവയാണു് സ്വർഗ്ഗത്തിന്റെ ആയുധങ്ങൾ. ചെറുഗണമേ, നിങ്ങൾ ഭയപ്പെടാതിരിക്കുക; എന്തുകൊണ്ടെന്നാൽ നിങ്ങളുടെ മദ്ധ്യേ സ്ഥിതിചെയ്യുന്നവൻ ശക്തനാകുന്നു, നിങ്ങൾക്കുവേണ്ടി അവിടുന്നു മഹൽക്കാര്യങ്ങൾ സാധിക്കുകയും ചെയ്യും. നിങ്ങളുടെ പ്രതിയോഗികളെല്ലാം ഒന്നിച്ചുകൂടിയാലും എതിർക്കുന്നതിനോ പരാജയപ്പെടുത്തുന്നതിനോ കഴിയാത്ത ബോധജ്ഞാനവും സംസാരശക്തിയും അവിടുന്നു നിങ്ങൾക്കു തരും.... നിങ്ങളുടെ ശക്തി നിങ്ങളുടെ ദൈവത്തിലും നിങ്ങളുടെ മനസ്സാക്ഷിയിലുമാണു്. തന്മൂലം അതു നിങ്ങളുടെ സംഖ്യാബാഹുല്യത്തിലല്ല. അതു ഉപജാപങ്ങളിലോ, കൂട്ടുകെട്ടുകളിലോ, ലോകത്തിനടുത്ത ജ്ഞാനത്തിലോ അല്ലാത്തതുപോലെ ആളുകളുടെ എണ്ണക്കൂടുതലിലുമല്ല സ്ഥിതിചെയ്യുന്നതു്. എണ്ണം കൂടിയാലും കുറഞ്ഞാലും ദൈവമാണു് രക്ഷ പ്രദാനം ചെയ്യുന്നതു്." (Present Position of Catholics in England—Cardinal Newman)

"പരിമിതമായ സാഹചര്യങ്ങളിൽ കത്തോലിക്കർക്കു് അവരുടെ സ്വാധീനം പ്രയോഗിക്കുന്നതിനും അവരുടെ സ്ഥാനാർത്ഥികളെ നിർത്തുന്നതിനും അവർക്കു പിൻതുണ സമ്പാദിക്കുന്നതിനും ഏററം കൂടുതൽ സൗകര്യമുള്ള മണ്ഡലമാണു് മുൻസിപ്പാലിററി സംബന്ധിച്ച പ്രവർത്തനരംഗമെന്നു ഞാൻ പറഞ്ഞുവല്ലോ. അതേപ്പററി പരിശുദ്ധ മാർപ്പാപ്പാ പറഞ്ഞിട്ടുള്ളതു കേൾക്കുക:- "മുൻസിപ്പൽ ഭരണകാര്യങ്ങളിൽ വിവേകപൂർവ്വം പങ്കെടുക്കുകയും എല്ലാററിലും ഉപരിയായി ഫലപ്രദമായ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യേണ്ടതു് പൊതുനന്മയ്ക്കു വളരെയധികം ഉപകരിക്കുന്ന ഒരു സംഗതിയാണു്."

"വീണ്ടും ഞാൻ നിങ്ങളെ ഉൽബോധിപ്പിച്ച നിങ്ങളുടെ കർത്തവ്യങ്ങളെപ്പററിയുള്ള പരിഗണനയിൽ കുറേക്കൂടി ഉയരുന്നതിനും പൊതുതിരഞ്ഞെടുപ്പിനെ ലക്ഷ്യംവച്ചു ഗൗരവമായി തയ്യാറെടുക്കുന്നതിനും. ഇവിടെയും പരിശുദ്ധ പിതാവു് എന്തു പറയുന്നു എന്നു ശ്രവിക്കുക:- "കത്തോലിക്കർ പരിമിതമായ ഈ മണ്ഡലത്തിനു പുറമേയും അവരുടെ പരിശ്രമങ്ങളെ വികസിപ്പിക്കുകയും ദേശീയമായ രാഷ്ട്രപ്രശ്നങ്ങളിൽ പ്രവർത്തിക്കുകയും ചെയ്യുന്നതു പൊതുവെ സമുചിതവും ഉപകാരപ്രദവുമാണു്......നിയമസഭകളിൽ അംഗങ്ങളായി വരുന്നവരെ തിരഞ്ഞെടുക്കുക എന്നതു് തിരുസഭയെ സംബന്ധിച്ച അത്യധികം പ്രാധാന്യമുള്ള കാര്യമാണെന്നു ഓരോ കത്തോലിക്കനും അനുസ്മരിക്കണം. അതുകൊണ്ടു് രാജ്യത്തിന്റെ പൊതുനന്മയോടു് മതത്തിന്റെ ന്യായമായ സംരക്ഷണത്തേയും യോജിപ്പിച്ചുകൊണ്ടുപോകുന്നതിനു സന്നദ്ധതയുള്ളവരെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി കത്തോലിക്കർ ന്യായമായ എല്ലാ മാർഗ്ഗങ്ങളേയും സ്വീകരിക്കുന്നതിനു ശ്രദ്ധാലുക്കളായിരിക്കണം."

"രാഷ്ട്രീയം എന്ന പദം വളരെ അവ്യക്തമായ അർത്ഥത്തിൽ ഉപയോഗിക്കപ്പെടാറുണ്ടു്. അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ "രാഷ്ട്രീയം" എന്നതു് ഒരു ജനവിഭാഗത്തിന്റെ പൊതുജീവിതത്തെ സ്പർശിക്കുന്ന എല്ലാ പ്രവർത്തനങ്ങളേയും ഉള്ളടക്കുന്നതാണു്. 11-ാം പീയൂസ് മാർപ്പാപ്പാ ഇതു സംബന്ധിച്ച ഒരിക്കൽ ഫ്രഞ്ചു കത്തോലിക്കർക്കു നൽകിയ നിർദ്ദേശം ഇപ്രകാരമാണു്:-"കത്തോലിക്കർ അവരുടെ കഴിവിൽ പെട്ടിടത്തോളം അവരുടെ നഗരത്തിന്റേയും പ്രോവിൻസിന്റേയും രാജ്യത്തിന്റേയും "രാഷ്ട്രീയജീവിതത്തിന്റെ നിയന്ത്രണകാര്യത്തിൽ പ്രവർത്തിക്കാത്തപക്ഷം അവരുടെ കർത്തവ്യനിർവ്വഹണത്തിൽ ഗൗരവാവഹമായ വിലോപം വരുത്തുകയായിരിക്കും ചെയ്യുന്നതു്." അതുകൊണ്ടു ഒരാൾ ഉത്തമപൗരനാകണമെങ്കിൽ അയാൾ ഉത്തമകത്തോലിക്കനും ഉത്തമമായ വിധത്തിൽ കത്തോലിക്കാജീവിതം നയിക്കുന്നവനും ആയിരിക്കുകയാണു് വേണ്ടതു്."

പ്രസ്പഷ്ടങ്ങളായ വസ്തുതകളെ ആധാരമാക്കിയും പ്രബലങ്ങളായ സാക്ഷ്യങ്ങളെ ആശ്രയിച്ചും കർദ്ദിനാൾതിരുമനസ്സുകൊണ്ടു നൽകിയിട്ടുള്ള ഈ നിർദ്ദേശം രാഷ്ട്രീയകോലാഹലങ്ങളുടെ നാല്ക്കവലയിൽ ഇതികർത്തവ്യതാമൂഢരായി പകച്ചുനില്ക്കുന്ന ഭാരതീയകത്തോലിക്കർക്കു് സുവിശദമായ ഒരു മാർഗ്ഗദീപമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. തങ്ങളുടെ ദൗർബ്ബല്യതയെപ്പററിയുള്ള മിഥ്യാബോധമോ, തങ്ങൾ ന്യൂനപക്ഷമാണെന്നുള്ള ഭീതിയോ, തങ്ങളുടെ ന്യായയുക്തമായ വാദങ്ങൾ അവഗണിക്കപ്പെടുന്നു എന്നുള്ള നിരാശയോ കൂടാതെ സകലവിധ പ്രതിബന്ധങ്ങളേയും തട്ടിനീക്കി ദൈവത്തേയും രാജ്യത്തേയും സേവിക്കുന്നതിനുള്ള കർത്തവ്യത്തെ ഉത്തമമായി നിറവേററുന്നതിനുള്ള ധാർമ്മികവീര്യത്തോടുകൂടി അവർ രംഗത്തേക്കിറങ്ങട്ടെ. അത്യുന്നതകർദ്ദിനാളിന്റെ വിദഗ്ദ്ധമായ വിശകലനവും ഉത്തേജകമായ നിർദ്ദേശവും അതിനുള്ള പ്രചോദനം ഓരോ ഭാരതീയ കത്തോലിക്കാപൗരനിലും അഭിനിവേശിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

## പ്രസാധകക്കുറിപ്പുകൾ

### ഒരു കമ്മ്യൂണിസ്റ്റ് കോട്ട തകരുന്നു

ഇററാലിയിൽ പാർമാ എന്ന സ്ഥലം കമ്മ്യൂണിസത്തിന്റെ ബലിഷ്ഠകോട്ടയായി പരിഗണിച്ചിരുന്ന ഒരു കേന്ദ്രമാണു്. ഏതാനും ദിവസങ്ങൾക്കുള്ളിൽ അതു തകർന്നു തരിപ്പണമാകുന്ന ലക്ഷണങ്ങളാണു് കണ്ടുതുടങ്ങിയിരിക്കുന്നതു്. പാർട്ടി എക്സിക്യൂട്ടിവിലെ അംഗങ്ങൾ, കമ്മ്യൂണിസ്റ്റു പത്രത്തിന്റെ മാനേജർ, കമ്മ്യൂണിസ്റ്റ് സംഘടനയുടെ ലീഡർ, കമ്മ്യൂണിസ്റ്റ് ബ്യൂറോവിലെ മെമ്പാന്മാർ, കോഓപ്പറേററീവ് സൊസൈററിയിലെ മാനേജരും പല മെമ്പറന്മാരും തുടങ്ങി പാർട്ടിയിലെ പ്രമുഖരായ പല വ്യക്തികളും രാജിവച്ചുകഴിഞ്ഞു. ഒരു തൊഴിലാളി കോഓപ്പറേററീവ് സൊസൈററിയും ഒരു വാണിജ്യ കോഓപ്പറേററീവ് സൊസൈററിയും ഒന്നാകെ അവരുടെ കമ്മ്യൂണിസ്റ്റു ബന്ധം വിച്ഛേദിച്ചു് സ്വതന്ത്രസംഘങ്ങളായി പ്രവർത്തനം തുടരുന്നു. കോഓപ്പറേററീവ് സൊസൈററികളാണു് സാധാരണയായി തൊഴിലാളികളേയും ഇടത്തരം കച്ചവടക്കാരേയും കർഷകരേയും കമ്മ്യൂണിസ്റ്റു വലയിൽ കുടുക്കുന്നതിനു അവർ ഉപയോഗിക്കുന്ന മാർഗ്ഗം. ഷെയറുകളും കടവായ്പകളുംവഴി അവർ അവയിൽ ഇടപെട്ടുകഴിഞ്ഞാൽ ആ ബാദ്ധ്യതകൾ തീർത്തു സ്വാതന്ത്ര്യം നേടുന്നതിനു കഴിയാത്ത സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ പ്രവർത്തകർക്കു എളുപ്പത്തിൽ സാധിക്കുന്നു. ഈവക ദുർന്നയങ്ങളാൽ പൊറുതിമുട്ടിയിട്ടാണു് പാർമായിലെ ജനങ്ങൾ രണ്ടും കല്പിച്ചു ഈ നുകത്തെ ദൂരെയെറിഞ്ഞു രക്ഷനേടാമെന്നു തീരുമാനിച്ചതു്. അവരുടെ ധീരമായ മാതൃകയെ ഓരോ സ്ഥലങ്ങളിലും കമ്മ്യൂണിസ്റ്റു് നുകത്തിനടിയിൽ കഷ്ടപ്പെടുന്ന ജനവിഭാഗങ്ങൾ പൗരുഷത്തോടുകൂടി അനുകരിക്കാതിരിക്കയില്ല.

x x x

### പൂർവ്വജർമ്മനിയിൽ ഒരു കമ്മ്യൂണിസ്റ്റ് "റീത്തു" സ്ഥാപനം

കമ്മ്യൂണിസം ആന്തരികമായി നിരീശ്വരപരവും മതവിരുദ്ധവുമാണെങ്കിലും അതിനു ബാഹ്യമായി ഒരു മതത്തിന്റെതന്നെ ചട്ടക്കൂടാണുള്ളതെന്നു സൂക്ഷ്മപരിശോധനയിൽ കാണാവുന്നതാണു്. അതുകൊണ്ടാണു് പണ്ഡിതനായ ബിഷപ്പ് ഷീൻ തിരുമേനി വളരെ നേരത്തെതന്നെ കമ്മ്യൂണിസം ഒരു "മതമില്ലാമത" മാണെന്നു പ്രസ്താവിച്ചിട്ടുള്ളതു്. പല കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലും "ദേശീയസഭ", "സ്വതന്ത്രസഭ" മുതലായ പേരുകളിൽ കമ്മ്യൂണിസ്റ്റു് "മത"സംഘടനകൾ സ്ഥാപിക്കുന്നതിനു ഇതിനകം ശ്രമങ്ങൾ നടന്നുകഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ പൂർവ്വജർമ്മനിയിൽ ഒരു കമ്മ്യൂണിസ്റ്റു് "റീത്തു" സ്ഥാപിക്കാനുള്ള സാഹസികയത്നങ്ങളാണു് നടന്നുകൊണ്ടിരിക്കുന്നതു്. അവിടത്തെ കമ്മ്യൂണിസ്റ്റു് ഗവമെന്റിന്റെ അനുഭാവം ലഭിക്കണമെങ്കിൽ മാമ്മോദീസാ സ്വീകരിക്കുന്നതിനു പകരം ഒരു രജിസ്ട്രാപ്പീസിൽ പോയി അവിടെ ചില അവൈദികകർമ്മങ്ങൾക്കു വിധേയനാകണം. വിവാഹത്തിൽ യാതൊരു വൈദികകർമ്മങ്ങളും പാടില്ല. ഈ നിയമമനുസരിച്ചാൽ വളരെ നിസ്സാരമായ ഒരു തുകയ്ക്കു അവിടത്തെ "സ്റ്റേററ്ബാൻറു്" വിവാഹാഘോഷത്തിനു വിട്ടുകൊടുക്കും. ശവസംസ്കാരത്തിലും യാതൊരു മതപരമായ കർമ്മാനുഷ്ഠാനങ്ങളും പാടില്ല. ഈവിധ മതകർമ്മരഹിതമായ "മത"പരിപാടികൾ സ്വീകരിക്കുന്നതിനു് ഗവമെന്റുദ്യോഗസ്ഥന്മാരുടേയും പോലീസുകാരുടേയും ഗവമെന്റിനെ ആശ്രയിച്ചുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടേയുംമേൽ ശക്തിയായ സമ്മർദ്ദം ചെലുത്തിപ്പോരുകയാണു്. പൂർവ്വജർമ്മനിയിലെ ജനങ്ങളിൽ ഭൂരിപക്ഷവും പ്രോട്ടസ്റ്റൻറുകാരാണു്. 20 ലക്ഷത്തോളം കത്തോലിക്കരും അവിടെയുണ്ടു്. ഇവർ ഈ കമ്മ്യൂണിസ്റ്റു് മർദ്ദനസമ്പ്രദായത്തിനു വിധേയരായി ക്ലേശിക്കുകയാണു്.

x x x

### കർദ്ദി: ഗ്രേഷ്യസ് ഇന്ത്യൻ കത്തോലിക്കരോടു്

ഇന്ത്യയിലെ കത്തോലിക്കർ അവരുടെ ചിന്നിച്ചിതറിയുള്ള നിലപാടും പൊതുകാര്യങ്ങളിൽ നിന്നുള്ള അകന്നുനിൽപ്പും ഉപേക്ഷിക്കാതിരുന്നാൽ സാമൂഹികമായ അവരുടെ യോജിപ്പും ഐക്യവും വലിയ അപകടത്തിലാകുമെന്നാണു്, ബോംബെ മെത്രാപ്പോലീത്താ അത്യുന്നത കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചതു്. തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളെ അനുകൂലിക്കുന്ന കാര്യത്തിൽ കത്തോലിക്കർ താഴെ പറയുന്ന എട്ടു കാര്യങ്ങൾ അവരുടെ അഭിപ്രായങ്ങളും പരിപാടികളും സംബന്ധിച്ചു് എങ്ങനെ നിലകൊള്ളുന്നുവെന്നു പ്രത്യേകം ശ്രദ്ധിക്കണം:- 1. ഭരണഘടനയിൽ ഉറപ്പുനൽകിയിട്ടുള്ള മൗലികാവകാശങ്ങളെ സംരക്ഷിക്കുന്നതിനു അവർ സന്നദ്ധരാണോ? 2. കത്തോലിക്കർക്കു അവരുടെ പള്ളിവക വസ്തുക്കളിന്മേലുള്ള അവകാശം നിലനിർത്തുന്ന കാര്യം വാദിക്കുന്നതിനു അവർ തയാറാണോ? 3. പിന്നോക്കസമുദായങ്ങൾക്കായി പ്രത്യേകം അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളിൽ ക്രിസ്ത്യാനികളെ അവഗണിക്കുന്നതിനെതിരായി ഉറച്ചുനിന്നു പ്രവർത്തിക്കുന്നതിനു അവർക്കു സന്നദ്ധതയുണ്ടോ? 4. കത്തോലിക്കരോടു് മര്യാദ പ്രവർത്തിക്കുന്ന മനസ്ഥിതിയുള്ളവരാണോ? 5. അവർ അംഗമായിരിക്കുന്ന പാർട്ടി സ്വേച്ഛാധിപത്യതാല്പര്യങ്ങളോടുകൂടിയതും വ്യക്തികളുടെ സ്വാതന്ത്ര്യത്തേയും മാന്യതയേയും അംഗീകരിക്കാത്തതുമാണോ? 6. ഉല്പാദനോപാധികളുടെയെല്ലാം പൂർണ്ണമായ ദേശസാല്ക്കരണം ആദർശമാക്കിയിട്ടുള്ളതും സ്വകാര്യസ്വത്തുക്കൾ പ്രതിഫലം കൂടാതെ കയ്യടക്കുന്ന നയപരിപാടികളുള്ളതുമാണോ പ്രസ്തുത

വാരാന്ത്യവീക്ഷണം

# നിർഭാഗ്യകരമായ രണ്ടു വാക്കൗട്ടുകൾ

[സി. ഐ. ജോൺ തലയോലപ്പറമ്പു]

ലോകത്തിലെ വിരുദ്ധചേരികൾ അവരവരുടെ ആഗ്രഹാഭിപ്രായങ്ങൾ പരസ്പരം പറഞ്ഞുതീർത്തുകൊണ്ടും ഭാവി ശോഭനമാക്കുന്നതിനുവേണ്ടി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരസ്പരം തുറന്നുവച്ചുകൊണ്ടും കാർമ്മേഘപടലങ്ങളാൽ ആവരണം ചെയ്യപ്പെട്ടിരുന്ന ലോകാന്തരീക്ഷത്തിലെ കാളമേഘങ്ങളെത്തുടച്ചുനീക്കിക്കൊണ്ടും സമാധാനത്തിന്റെയും സൗഹാർദ്ദത്തിന്റെയും വിശാലമായ പാതയിലൂടെ മുന്നോട്ടു പോകുവാൻ ഒരു തരത്തിൽ പറഞ്ഞാൽ എല്ലാവിധ സാദ്ധ്യതകളും ഉണ്ടായിരുന്ന ഒരവസരത്തിലാണ് ഐ. രാ. സമിതി ഇപ്രാവശ്യം സമ്മേളിച്ചതു്. എന്നാൽ പ്രതീക്ഷയ്ക്കു നേരെ വിപരീതമായ അനുഭവങ്ങളാണ് ഇപ്രാവശ്യത്തെ സമ്മേളനത്തിൽനിന്നും ഉത്ഭൂതമായിട്ടുള്ളതു്.

ഏഷ്യയിലെയും ആഫ്രിക്കയിലെയും അവശത അനുഭവിക്കുന്ന രാജ്യങ്ങൾ അവരനുഭവിക്കുന്ന അവശതയുടെ ശരിയായ കാരണം നല്ലതിൻവണ്ണം മനസ്സിലാക്കിക്കൊണ്ടു് അതിൽനിന്നും ഒഴിഞ്ഞുനിൽക്കുവാൻ അങ്ങേയറ്റം പരിശ്രമിക്കുന്ന ഒരു കാലമാണിതു്. പശ്ചിമജാവയിലെ ബൻഡുങ്ങ് നഗരത്തിൽവച്ചു് ഏഷ്യയിലെയും ആഫ്രിക്കയിലെയും ഇരുപത്തിഒൻപതിൽപരം രാജ്യങ്ങൾ ചേർന്നു നടത്തിയ ചരിത്രപ്രസിദ്ധമായ സമ്മേളനത്തിൽ ഏറ്റവും ശക്തിയായി എതിർത്തിട്ടുള്ളതു് ബ്രിട്ടനും ഫ്രാൻസിനുമുള്ള കൊളോണിയലിസ്റ്റു് മനസ്ഥിതിയെയാണ്. ആഫ്രിക്കയിലെയും ഏഷ്യയിലെയും, കോളനികളെ പാശ്ചാത്യശക്തികൾ വീണ്ടും കൈയടക്കിവച്ചുകൊണ്ടിരിക്കുന്നതു് ശരിയാണെന്നു് ഇന്നത്തെ ലോകഗതിയെ നന്നായി മനസ്സിലാക്കിയിട്ടുള്ള യാതൊരുത്തരും പറയുമെന്നു തോന്നുന്നില്ല. ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളുടെ കൊളോണിയലിസ്റ്റ് മനസ്ഥിതിയെ ശക്തിയായ ഭാഷയിൽ ആക്ഷേപിച്ചിട്ടുള്ള ഒട്ടുവളരെ പത്രങ്ങളും വളരെ ഏറെ നല്ല ആളുകളും മുൻപറഞ്ഞ രാജ്യങ്ങളിൽ ധാരാളമുണ്ടു്. എന്നാൽ ഈ ലോകാഭിപ്രായഗതിയെ തൃണവൽഗണിച്ചുകൊണ്ടാണു കൊളോണിയലിസ്റ്റ് രാജ്യങ്ങൾ ഇന്നു വർത്തിക്കുന്നതെന്നതിനു് ഒരു നല്ല ദൃഷ്ടാന്തമാണ് ഫ്രാൻസ് ഐ. രാ. സമിതിയിൽനിന്നും ഈയിടെ നടത്തിയ വാക്കൗട്ട്.

ലോകത്തിലെ വിഷമംപിടിച്ചപ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യുവാനും യുദ്ധസാദ്ധ്യതകളിൽനിന്നു ലോകത്തെ ഒഴിച്ചുനിറുത്തി ഒരു മേശയ്ക്കു ചുററുമിരുന്നുകൊണ്ടു് സംഭാഷണങ്ങൾ മുഖാന്തിരം ലോകപ്രശ്നങ്ങളെ നേരിടുവാനും ഭാവിയിൽ ഒരു ഏകലോകബോധം ലോകരാഷ്ട്രങ്ങളിൽ വളർത്തുവാനും മററുമാണ് U. N. O. ഉടലെടുത്തിട്ടുള്ളതു്. മനുഷ്യാവകാശങ്ങൾക്കു ഏററവും കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു ചാർട്ടറാണ് പ്രസ്തുത സംഘടന അംഗീകരിച്ചിട്ടുള്ളതും. ഒരുതരത്തിൽ പറഞ്ഞാൽ ഇത്ര മഹത്തായ ആദർശങ്ങളെ മുൻനിറുത്തി പ്രവർത്തിക്കുന്ന ഒരു വിശ്വമഹാസംഘടനയിൽ അവതരിപ്പിക്കുവാനോ പറഞ്ഞുതീർക്കുവാനോ വയ്യാത്ത യാതൊരു പ്രശ്നവുമില്ല. മൊറോക്കോപ്രശ്നത്തെ ഫ്രാൻസ് അതിന്റെ ശരിയായ വഴിയിലൂടെ നോക്കുന്നില്ലെങ്കിൽ യു. എൻ. ഒ. യിൽ ചർച്ചചെയ്യേണ്ടതാണെന്ന അഭിപ്രായം പല രാജ്യതന്ത്രജ്ഞന്മാരും ആവർത്തിച്ചിട്ടുള്ളതാണ്. മൊറോക്കോപ്രശ്നം പോലെയുള്ള ഒരു പ്രശ്നത്തിനു് U. N. O. യിൽ പരിഹാരം കാണാൻ സാദ്ധ്യമല്ലെങ്കിൽ പിന്നെ ഐ. രാ. സഭയുടെ ഉദ്ദേശം എന്താണെന്നു് മനസ്സിലാക്കുക വിഷമം തന്നെ. മുപ്പതിനായിരത്തിൽപരം മൊറോക്കോയിലെ ദേശീയവാദികളെ ഫ്രഞ്ചുഗവമ്മെണ്ടു് കൊന്നൊടുക്കിക്കൊണ്ടു് ദൈനംദിനം പ്രസ്തുത പ്രശ്നത്തെ സങ്കീർണ്ണതയിലേക്കു് വലിച്ചുനീട്ടിക്കൊണ്ടുപോകുമ്പോൾ അങ്ങനെയൊരു പ്രശ്നം സ്റ്റീയറിംഗ് കമ്മററിയുടെ അജണ്ടായിൽ പോലും ഉൾപ്പെടുത്തരുതെന്നു പറയുന്നതു് ഒരുതരം "പണ്ഡിതമൂഢത്വ"മായിരിക്കും. മൊറോക്കോപ്രശ്നം ഫ്രാൻസിന്റെ ആഭ്യന്തരകാര്യമാണെന്നു പറയുന്ന ആൻറണി പിനെ വസ്തുതകളെ ശരിയായിഗ്രഹിച്ചുകൊണ്ടുതന്നെ മൂഢത്വം അഭിനയിക്കുകയാണു്. മൊറോക്കോ ഫ്രാൻസിന്റെ ആഭ്യന്തരകാര്യമാണെങ്കിൽ അവിടത്തെ ദേശീയമുന്നേററത്തെ അമർച്ചചെയ്യുന്നതിനുവേണ്ടി ചില പട്ടാളക്കൂട്ടുകെട്ടിലെ സൈന്യങ്ങളെ നിയോഗിച്ചതു് എന്തിനാണെന്നുള്ള ശ്രീ വി. കെ. കൃഷ്ണമേനോന്റെ ചോദ്യത്തിനു യാതൊരു ഉത്തരവും ലഭിക്കാതിരുന്നതെന്തു്? ബ്രിട്ടനും, അമേരിക്കയും ഇക്കാര്യത്തിൽ ഫ്രാൻസിന്റെ ഭാഗം പിടിച്ചതു് പ്രസ്തുത രാജ്യങ്ങൾക്കു് ഇന്നു ലോകരംഗത്തുള്ള നിലയെ അനേകമടി ചവിട്ടിത്താഴ്ത്തുന്നതിനു പര്യാപ്തമായിട്ടുണ്ടു്. ഭൂരിപക്ഷവോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി പ്രസ്തുത പ്രശ്നം യു. എൻ. അജണ്ടായിൽ ഉൾപ്പെടുത്തേണ്ടതായി വന്നിട്ടുണ്ടെങ്കിലും ഫ്രാൻസ് അതിൽ പ്രതിഷേധിച്ചു സ്വീകരിച്ച നടപടി ലജ്ജാകരമാണ്. ഐ. രാ. സഭയുടെ സെക്യൂരിററികൗൺസിലിൽ സ്ഥിരാംഗത്വമുള്ള ഫ്രാൻസിനു് പ്രസ്തുത സഭയുടെ തീരുമാനത്തെ, അതായതു് ലോകത്തിലെ പൊതു അഭിപ്രായത്തെ അംഗീകരിക്കുവാൻ നിവൃത്തിയില്ലാതെ വാക്കൗട്ടു നടത്തേണ്ടിവന്ന ഗതികേടു് ഫ്രാൻസിന്റെ ചരിത്രത്തിൽ ഒരു കറുത്ത രേഖ എഴുതിച്ചേർത്തിരിക്കുകയാണെന്ന പരമാർത്ഥം തുറന്നു പ്രസ്താവിക്കുന്നതിൽ മടിക്കേണ്ടതില്ല.

## മൊളോട്ടോവിന്റെ വാക്കൗട്ട്

പ്രാദേശികവും സങ്കുചിതവുമായ മനോഭാവം വച്ചുപുലർത്തുന്ന ചില എം. എൽ. എ. മാർ ലെജിസ്ലേററീവ് അസംബ്ലികളിൽനിന്നു ഇറങ്ങിപ്പോകുന്നതുപോലെ യു. എൻ. ഒ. യിലെ റഷ്യൻ ഡലിഗേഷൻ നേതാവായ മി. എം. മൊളോട്ടോവ് ഐ. രാ. സമിതിയിൽനിന്നും വാക്കൗട്ടു നടത്തുകയുണ്ടായി. അദ്ദേഹം ഇങ്ങിനെപ്രായത്തിന്റെ പിറകെ ഇരിപ്പുറ്റാത്ത ചില രാജ്യങ്ങളിലെ പ്രതിനിധികളും നേതാവിനെ അനുഗമിച്ചു് വാക്കൗട്ടു നടത്തുകയുണ്ടായി. ഈ വാക്കൗട്ടിന്റെ കാരണം അത്ര പ്രാധാന്യമുള്ള ഒന്നല്ല. പിന്നെ നടത്തിയ വാക്കൗട്ടിനെക്കാൾ ചുഴിഞ്ഞാലോചിച്ചാൽ കഷ്ടവുമാണ്. ദേശീയ ചൈനയുടെ പ്രതിനിധി പ്രസംഗിക്കുവാൻ ആരംഭിച്ചപ്പോഴാണ് മൊളോട്ടോവും പാർട്ടിയും വാക്കൗട്ടുനടത്തിയതു്. കമ്മ്യൂണിസ്റ്റ് ചൈനയ്ക്കു പ്രാതിനിധ്യം കൊടുക്കാതിരുന്നതുകൊണ്ടല്ല പിന്നെയോ നാഷനലിസ്റ്റ് ചൈനയ്ക്കു പ്രാതിനിധ്യം കൊടുത്തതുകൊണ്ടാണ് മൊളോട്ടോവിനു ഗൗരവം. അതുതന്നെയാണ് വാക്കൗട്ടു നടത്താൻ കാരണവും. നാഷനലിസ്റ്റ്ചൈനയെ ഐ. രാ. സമിതിയിൽനിന്നും എടുത്തുകളഞ്ഞിട്ടു് കമ്മ്യൂണിസ്റ്റു ചൈനയ്ക്കു പ്രസ്തുത സമിതിയിൽ പ്രാതിനിധ്യം കൊടുക്കണമെന്നു് സ്ഥിരബുദ്ധിയുള്ളവരാരും പറയുമെന്നു തോന്നുന്നില്ല. ബുദ്ധിമാനായ മൊളോട്ടോവ് അറിഞ്ഞുകൊണ്ടുതന്നെ ബുദ്ധിയില്ലാത്തവനായിത്തീരുകയാണുണ്ടായതു്. അതു് ഇന്നത്തെ രാഷ്ട്രീയനാടകത്തിലെ ഒരു ഭാഗവുമാണ്. ഈജിപ്ഷ്യൻ പ്രധാനമന്ത്രി കേണൽ നാസറും ഈ അഭിപ്രായക്കാരനാണ്. അദ്ദേഹം ഇതിനുമുൻപൊരിക്കൽ അതു വെളിപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ തികച്ചും സോവ്യററു് പക്ഷപാതിത്വത്തിലുള്ള ഒരു ചിന്താഗതിയിൽനിന്നല്ലാതെ മൊളോട്ടോവ്, നാസർ തുടങ്ങിയവരുടെ അഭിപ്രായങ്ങൾ ഉടലെടുക്കുകയില്ല.

പോളണ്ടു്, ചെക്കോസ്ലാവാക്യാ, യുക്രയിൻ തുടങ്ങിയ രാജ്യങ്ങളിലെ പ്രതിനിധികളാണ് മൊളോട്ടോവിനോടൊന്നിച്ചു് ഇറങ്ങിപ്പോയതു്. വൈബലോ റഷ്യൻഡലിഗേററു് പ്രസംഗം തീരുന്നതുവരെ സ്വസ്ഥാനത്തുതന്നെയിരുന്നു. നാഷനലിസ്റ്റ് ചൈനയുടെ വിദേശകാര്യമന്ത്രി ചെയ്ത പ്രസംഗം വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു. അദ്ദേഹം പറഞ്ഞതു്, സുന്ദരമായ പദപ്രയോഗത്തിനു അത്ര പ്രയാസം ആക്കമില്ലെന്നും എന്നാൽ പ്രായോഗികമണ്ഡലത്തിൽ അതു കാണിച്ചുകൊടുക്കുവാനാണ് വിഷമമെന്നുമായിരുന്നു. സോവ്യററു് യൂണിയന്റെ ഇന്നത്തെ സമാധാനസംരംഭം വാസ്തവത്തിൽ സമാധാനപരമല്ലെന്നും ഒരുതരം യുദ്ധമാണെന്നും അദ്ദേഹം പ്രസംഗമദ്ധ്യേ ഊന്നിപ്പറയുകയുണ്ടായി.

ഏതായാലും യു. എൻ. ഒ. യിൽനിന്നു് ഉത്തരവാദപ്പെട്ട രണ്ടു രാജ്യങ്ങളുടെ പ്രതിനിധികൾ നടത്തിയ വാക്കൗട്ടു് യാതൊരു തരത്തിലും ക്ഷമിക്കത്തക്കതല്ല.

---

പാർട്ടി? 7. പാർട്ടി കുടുംബഭദ്രതയെ അംഗീകരിക്കുന്നതും പരിരക്ഷിക്കുന്നതുമാണോ? 8. പാർട്ടി മതപരമായും ധാർമ്മികസിദ്ധാന്തങ്ങളനുസരിച്ചും പരിവർജ്ജ്യങ്ങളായ മാർഗ്ഗങ്ങൾ ഉപയോഗിച്ചു് ജനസംഖ്യയെ നിയന്ത്രിക്കുന്ന നയത്തെ അനുകൂലിക്കുന്നതാണോ, പ്രതികൂലിക്കുന്നതാണോ? ഈ മാനദണ്ഡങ്ങൾവച്ചു നോക്കിവേണം ഒരു സ്ഥാനാർത്ഥിക്കു വോട്ടുചെയ്യാമോ പാടില്ലയോ എന്നു നിർണ്ണയിക്കുവാൻ. ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ചുള്ള ഉറപ്പുകൾ വ്യക്തമായി നമുക്കുണ്ടാകണം. എന്തുകൊണ്ടെന്നാൽ, ഇതുവരേയും നമുക്കുണ്ടായിട്ടുള്ള വിഷമതകളെ വിശകലനംചെയ്തു നോക്കിയാൽ അവസാനം നാം കാണുന്നതു്, ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ള അവകാശങ്ങൾ പ്രോവിൻസുകളിൽ എല്ലായിടത്തും എല്ലായ്പോഴും അനുവദിക്കപ്പെട്ടിട്ടില്ല എന്നുള്ള വസ്തുതയാണ്. അതുകൊണ്ടു് കത്തോലിക്കാസമുദായം അതിന്റെ അവകാശസ്വാതന്ത്ര്യങ്ങളെ നിലനിർത്തി രാജ്യശ്രേയസ്സിനുള്ള അതിന്റെ പ്രശസ്തമായ പങ്കു നിർവ്വഹിക്കണമെങ്കിൽ ഓരോ പൗരനും പൗരബോധത്തോടും മതതീക്ഷ്ണതയോടുംകൂടി ഉണർന്നു പ്രവർത്തിക്കേണ്ട കാലമാണിതു്. കർദ്ദിനാൾ തിരുമേനി നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങളെ ശുഷ്കാന്തിയോടുകൂടി അവലംബിക്കുന്നതിനു പരിശ്രമിക്കാം.

## അടുത്തയാഴ്ചയിൽ

ഒക്ടോബർ

13 വ്യാ: വി. എഡ്വേർഡോസ്

14 വെ: വി. കലിസ്റ്റോസ്

15 ശ: വി. ത്രേസ്യ

16 ഞാ: പന്ത: 20-ാം ഞായർ
ക. മറിയത്തിന്റെ ശുദ്ധത

17 തി: വി. മറിയം
അലക്കോക്ക്

18 ചൊ: വി. ലൂക്കാ

19 ബു: വി. പത്രോസ്
അൽക്കാന്ത്ര

---

## സൗജന്യവിതരണഫണ്ടു്

(മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ തിരുനാളിനു സമർപ്പിച്ച ത്യാഗപ്പെട്ടികൾ.)

| | |
|---|---|
| റവ. ഫാ. ജോസഫ് ചിറമേൽ | 20—0—0 |
| റവ. ഫാ പുത്തങ്കരി ആലങ്ങാട്ടുപള്ളി | 10—0—0 |
| പെരുമാനൂർപള്ളി | 8—4—6 |
| ആലുവാ അൾത്താര ബാലസംഘം | 6—8—0 |
| കൊരട്ടിപള്ളി | 5-10—6 |
| ചൊവ്വരപള്ളി | 3—2—0 |
| വടയാർ പള്ളി | 3—9—6 |
| ആകെ | 57—2—6 |

ആദ്ധ്യാത്മികവീഥി

# പശ്ചാത്താപം

(Penance)

ദൈവത്തിന്റെ വത്സലമക്കളേ,

ദൈവത്തോടു നമ്മെ യോജിപ്പിക്കുന്ന വിവിധതരത്തിലുള്ള പ്രാർത്ഥനയെക്കുറിച്ചു, അതിനു നമ്മെ സഹായിക്കുന്ന ജ്ഞാനവായനയെക്കുറിച്ചും ചിലതെല്ലാം പറഞ്ഞുകഴിഞ്ഞു. ഇനി പുണ്യപൂർണ്ണതയ്ക്കു വിഘാതമായ പാപങ്ങളെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ചു ചിന്തിക്കാം.

പാപപരിഹാരത്തിനുള്ള ഏകമാർഗ്ഗം പശ്ചാത്താപമാണ്. വേദപുസ്തകത്തിൽ ഇതേക്കുറിച്ചു വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. നമ്മുടെ ദിവ്യരക്ഷകന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനു മുൻപു് വി. യോഹന്നാൻ മാംദാന "നിങ്ങൾ പശ്ചാത്തപിക്കുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" എന്നു പറഞ്ഞിരുന്നു. (മത്തായി 3,2) നമ്മുടെ കർത്താവു തന്നെയും "പശ്ചാത്താപത്തിനു പാപികളെ (വിളിക്കുവാൻ) അല്ലാതെ നീതിമാന്മാരെ വിളിക്കുവാനല്ല ഞാൻ വന്നിരിക്കുന്നതു്" (ലൂക്കാ 5, 32) എന്നും, "പശ്ചാത്തപിക്കുകയില്ലെങ്കിൽ...നിങ്ങളെല്ലാവരും നശിച്ചുപോകും" (ലൂക്കാ 13,5) എന്നും അരുളിച്ചെയ്യുന്നു. ശ്ലീഹന്മാരും ഇതേസംഗതിതന്നെ അനുസ്മരിപ്പിക്കുന്നുണ്ടു്. വി. പത്രോസ് തന്റെ പ്രഥമപ്രസംഗത്തിൽതന്നെ യൂദന്മാരെ പശ്ചാത്താപത്തിനു് ആഹ്വാനം ചെയ്യുന്നു. (നടപടി 2,38.)

ഇതിൽ നിന്നെല്ലാം രക്ഷ പ്രാപിക്കുന്നതിനു പാപികളായ നമുക്കു പശ്ചാത്താപം എത്രകണ്ടു് ആവശ്യമാണെന്നു മനസ്സിലാക്കാം. പശ്ചാത്താപം എന്നു പറഞ്ഞാൽ എന്താണ് എന്നറിഞ്ഞെങ്കിൽ മാത്രമേ അതു അഭ്യസിക്കുന്നതിനു നമുക്കു സാധിക്കയുള്ളു.

പശ്ചാത്താപം നീതിയോടു ബന്ധപ്പെട്ടിട്ടുള്ള ഒരു അതിസ്വാഭാവികപുണ്യമാണ്. പാപം ഒരു ദൈവദ്രോഹമായതിനാൽ അതിനെ വെറുക്കുന്നതിനും മേലാൽ അതിൽനിന്നു ഒഴിഞ്ഞുമാറിക്കൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുന്നതിനും ചെയ്തുപോയിട്ടുള്ള പാപത്തിനു പരിഹാരം ചെയ്യുന്നതിനും ഈ പുണ്യം നമ്മെ പ്രേരിപ്പിക്കുന്നു.

പശ്ചാത്താപത്തിൽ നാലു സംഗതികൾ അടങ്ങിയിരിക്കുന്നു.

1. വിശ്വാസത്തിന്റെയും യുക്തിയുടെയും വെളിച്ചത്തിൽ പാപം എത്ര ഹീനമാണെന്നു മനസ്സിലാക്കി അതിനെ വെറുക്കുക.
2. ചെയ്തുപോയ പാപത്തെക്കുറിച്ചു ആത്മാർത്ഥമായി മനസ്താപപ്പെടുകയും എളിമപ്പെടുകയും ചെയ്യുക.
3. മേലാൽ പിഴയ്ക്കുകയില്ലെന്നു ഉറച്ചുകൊണ്ടു പാപത്തിനുള്ള സകല അവസരങ്ങളേയും ഉപേക്ഷിക്കുക.
4. പാപം ദൈവത്തോടു ചെയ്യുന്ന ഒരനീതിയാണെന്നുള്ള ധാരണയോടുകൂടി അതിനു പരിഹാരം ചെയ്യുക.

ശരിയായ പശ്ചാത്താപം ഉണ്ടാകുന്നതിനു പാപത്തിന്റെ ഹീനത മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതേക്കുറിച്ചു അടുത്തതിൽ.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്.

---

സിറാക്രൂസിലെ കരയുന്ന മാതാവു്, വി. പത്താം പീയൂസ്, ഇവരുടെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

Mammiyoor L. F. H. E. School
VIII Standard Students
Chawghat

---

PHONE No. 342

തൃശ്ശിവപേരൂർ ലൂർദ്ദ് പള്ളി
(തിരു-കൊച്ചി ഗവമ്മെണ്ടിൽനിന്നും സിദ്ധിച്ച
D. Dis. 8290/55-ാം നമ്പ്ര് കല്പനപ്രകാരം തുടങ്ങുന്ന)

★ പുതിയ മാസക്കുറി ★

നറുക്കു 1-ക്കു് 100ക. 111 തവണ. 11100ക. സല.
മാസാന്തരവും 6-ാംനു കളിൽ കുറിത്തവണകൾ.
ഒന്നാമത്തെ നറുക്കെടുപ്പ്:— 1955 ഡിസംബർ 6-ാംനു കുറിയിൽ കുറഞ്ഞതു് 32-ൽ ഒരംശം (3ക. 2ണ ഴുട വിതം) വരെ ചേരാം.
അപേക്ഷാഫാറത്തിനും കൂടുതൽ വിവരങ്ങൾക്കും എഴുതുക:—

TRICHUR, 21-9-1955 — VICAR & TRUSTEE, The Lourdes Church Kuri Office

# വിവിധവൃത്താന്തങ്ങൾ

## 100 വയസ്സുകാരിയെ അനുമോദിക്കുന്നു

ബെൽജിയത്തിൽ ഓസ്റ്റെൻറി നട്ടത്തു് മിഡിൽ കെർക്ക വില്ലേജിലെ ഒരു നൂറുവയസ്സുകാരിയാണു് മിസ്സിസ് ഹെൻറീറു് ഡെവേൽ. അവരുടെ നൂറുവയസ്സിനിടയിൽ 99 കൊല്ലവും മുടങ്ങാതെ അവർ എല്ലാ ഞായറാഴ്ചയും കടപ്പെട്ട ദിവസങ്ങളിലും അവിടത്തെ വിശുദ്ധ വില്ലിബ്രോർഡിൻെറ ദേവാലയത്തിൽ ദിവ്യപൂജയിൽ സംബന്ധിച്ചിട്ടുണ്ടു്. 100-ാമത്തെ ജന്മനാളിൽ അവർ ദേവാലയത്തിലേക്കു പോകുവാനായി പുറപ്പെട്ടപ്പോഴാണു് അവിടത്തെ നാലായിരം കത്തോലിക്കാ ഇടവകക്കാർ അവൾക്കു അനിതരസാധാരണമായ ആഡംബരസ്വീകരണം നൽകിയതു്. വീട്ടുമുതൽ ദേവാലയംവരെ വഴികൾ അതിമനോഹരമായി അലങ്കരിച്ചിരുന്നു ജനങ്ങളെല്ലാം അവരെ അകമ്പടിസേവിച്ചു വഴിക്കു രണ്ടുവശത്തും നിരന്നിരുന്നു. ആർപ്പുവിളികളും ആശംസകളും അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഇടവകവികാരിയായ റവ. ഫാദർ അഗസ്റ്റെ സൊവാജിയുടെ നേതൃത്വത്തിൽ വൈദികരും ദേവാലയശുശ്രൂഷികളും സ്വീകരണത്തിൽ പങ്കെടുത്തു. അവൾക്കു പതുക്കെ കുറെയൊക്കെ നടക്കാൻ സാധിക്കുമെങ്കിലും സ്വീകരണസംഘം അവൾക്കുവേണ്ടി ഒരു കാർ ഏർപ്പാടുചെയ്തിരുന്നു. 6 മക്കളും, 26 പേരക്കിടാങ്ങളും, അവരുടെ 21 കുട്ടികളും. അടുത്ത തലമുറയിലെ ഒരു കുട്ടിയും ഒരുമിച്ചാണു് ആ വൃദ്ധ പള്ളിയിലേക്കു പോയതു്. കൃതജ്ഞതാപ്രകടനാർത്ഥം അർപ്പിക്കപ്പെട്ട ദിവ്യബലിയിൽ അവൾക്കു അൾത്താരയുടെ അഴിക്കാലിനടുത്തു ബഹുമാന്യമായ ഒരു സ്ഥാനം നൽകപ്പെട്ടു. 100 കൊല്ലത്തെ നിരന്തരമായ മതഭക്തിയുടെ ഒരു പരസ്യമായ അംഗീകാരമായിരുന്നു ഈ ചടങ്ങുകൾ.

(10-ാംപേജ് തുടർച്ച)

ൾ എല്ലിങ്ങു് ദൂരീകരിച്ചു. അങ്ങനെ സുശിക്ഷിതയായി 1935-ൽ ഞാൻ കത്തോലിക്കാ സഭയിൽ പ്രവേശിച്ചു.

എൻെറ മാനസാന്തരത്തിനു കാരണം ഏതെങ്കിലുമൊരു വ്യക്തിയാണെന്നു പറഞ്ഞുകൂടാ. എന്നിരുന്നാലും ജിമ്മി ഒരു നല്ല മാതൃക എനിക്കു് നൽകാതിരുന്നെങ്കിൽ, തൻെറ തീക്ഷ്ണമായ പ്രാർത്ഥനകളും പരിത്യാഗപ്രവൃത്തികളും അദ്ദേഹം ദൈവത്തിനു് അർപ്പിക്കാതിരുന്നെങ്കിൽ, ഞാനിന്നൊരു കത്തോലിക്കയാകുമായിരുന്നോ എന്നു സംശയിക്കുന്നു. എല്ലാ കത്തോലിക്കരും ജിമ്മിയെപ്പോലെ ആയിരുന്നെങ്കിൽ!

1935 എൻെറ ജീവിതത്തിൽ ഏറ്റം പ്രാധാന്യമർഹിക്കുന്ന ഒരു വത്സരമാണു്. അക്കൊല്ലമാണു് അഞ്ചു കൂദാശകൾ ഇദംപ്രഥമമായി ഞാൻ കൈക്കൊണ്ടതു്. മാമ്മോദീസാ, സ്ഥൈര്യലേപനം, കുമ്പസാരം, കുർബാന, വിവാഹം.

ജിമ്മിയുമായുള്ള എൻെറ വിവാഹജീവിതം 15 കൊല്ലമേ നീണ്ടുനിന്നുള്ളു. ഞങ്ങളുടെ ദാമ്പത്യവല്ലരിയിൽ മൊട്ടിട്ടുവികസിച്ചു നാലു കുഞ്ഞുമക്കൾ, ഒരാണും മൂന്നു പെണ്ണും. എൻെറ മൂത്തമകൾ ഇന്നൊരു കന്യാസ്ത്രീയാണു്. അതേ, ആത്മാർത്ഥമായി ഞാൻ പറയുന്നു, ഞങ്ങളുടെ എളിയകുടുംബത്തെ ദൈവം പലവിധത്തിൽ അനുഗ്രഹിച്ചിട്ടുണ്ടു് എന്നു്.

"കുരിശിൻെറ വഴി" കഴിക്കുമ്പോഴും, ദിവ്യജനനിയോടു് പ്രാർത്ഥിക്കുമ്പോഴും എൻെറ ബാല്യകാലചിന്തയിലേക്കു ഞാൻ പിന്തിരിയാറുണ്ടു്: "കത്തോലിക്കർ വിഗ്രഹങ്ങളോടു് പ്രാർത്ഥിക്കുന്നു." ഇന്നു ഞാൻ അതു വിലമതിക്കുന്നു. അവരുടെ മാദ്ധ്യസ്ഥംവഴി കിട്ടുന്ന മനഃശ്ശാന്തി അവർണ്ണനീയമാണു്.

അതേ, മനുഷ്യരക്ഷയ്ക്കായി ക്രിസ്തു സ്ഥാപിച്ചിട്ടുള്ള സത്യസഭയെ കണ്ടുപിടിക്കാനും അതിൽ അംഗമാകുവാനും അവസരംതന്ന നല്ല ദൈവത്തോടു ഞാൻ എന്നെന്നും കൃതജ്ഞയായിരിക്കും.


## അവശനായ മെത്രാനെ മടക്കിക്കൊണ്ടുപോകുന്നു

ചൈനായിലെ ലോഹോക്കോവു് എന്ന സ്ഥലത്തെ മെത്രാനായ ഫെറോനി തിരുമേനിയെ കമ്മ്യൂണിസ്റ്റു ചൈനയിൽ നിന്നു ഹോങ്കോങ്ങിലേക്കു കൊണ്ടുപോന്നിരിക്കുന്നു. ഒരു ബ്രിട്ടീഷ് പോലീസുദ്യോഗസ്ഥനും ഒരു വൈദികനും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. ഫെറോനി തിരുമേനി ഇററലിയിലാണു് ജനിച്ചതു്. അദ്ദേഹത്തിനു 63 വയസ്സു പ്രായമുണ്ടു്. കഠിനമർദ്ദനത്തിനു വിധേയനായ തിരുമേനിയെ കണ്ടാൽ 90 ൽ അധികം വയസ്സു പ്രായം തോന്നിക്കുന്നതിൽ അത്ഭുതമില്ല. ഒരു ആശുപത്രിയിൽ അദ്ദേഹം ശുശ്രൂഷിക്കപ്പെടുന്നു. ഇനിയും പൂർണ്ണസുബോധം വീണ്ടെടുത്തിട്ടില്ലാത്ത അദ്ദേഹം വിവരമില്ലാത്ത അവസ്ഥയിൽ വിളിച്ചുപറയുന്നതു്. "നിങ്ങൾക്കു എൻെറ മനസ്സു മാററാൻ സാദ്ധ്യമല്ല. എൻെറ ആശയങ്ങളും നിങ്ങൾക്കു മാററാൻ പററുകയില്ല" എന്നാണു്. അദ്ദേഹം ചൈനാക്കാരുടെ "തലച്ചോറുകഴുകൽ" പ്രസ്ഥാനത്തിൻെറ അനന്തരഫലങ്ങളാൽ ക്ലേശിക്കുകയാണു് എന്നത്രെ കൂട്ടത്തിലുള്ള ഐറിഷ് ഫ്രാൻസിസ്കൻ വൈദികനായ ഫാദർ മാനിയോൺ പ്രസ്താവിച്ചതു്. കൈകളിൽ വിലങ്ങിൻെറ പാടുകൾ വ്യക്തമായി കാണാം.

## ജപ്പാനിലെ കത്തോലിക്കാ സഭ

കഴിഞ്ഞ അഞ്ചു കൊല്ലക്കാലംകൊണ്ടു ജപ്പാനിൽ 70,000ത്തിൽപരം കത്തോലിക്കരുടെ ജനസംഖ്യയിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നു ടോക്കിയോയിലെ പേപ്പൽ ഇൻറർനുൺസിയേച്ചറിൽനിന്നുള്ള ഒരു കണക്കിൽ കാണുന്നു. കഴിഞ്ഞ കൊല്ലംതന്നെ പ്രായപൂർത്തിയായ 10,945 പേരും 6,115 കത്തോലിക്കാ മാതാപിതാക്കന്മാരുടെ കുട്ടികളും 2,522 മരണാസന്നരും മാമ്മോദീസാ സ്വീകരിച്ചു. ഇപ്പോൾ ജപ്പാനിലെ കത്തോലിക്കരുടെ ആകെ ജനസംഖ്യ 21‌1,000 ആണു്. വൈദികർ 1,231 പേരുണ്ടു്. അതിൽ 279 പേർ ജപ്പാൻകാരാണു്. ആകെ സെമിനാരിവിദ്യാർത്ഥികൾ 477 പേരുണ്ടു്. അതിൽ 222 പേർ ജപ്പാൻകാരത്രെ.

## കാലംചെയ്തു



കർദ്ദിനാൾ തിയഡോർ ഇന്നിററ്സർ തിരുമേനി

വിയന്നാ ആർച്ചുബിഷപ്പായ അത്യുന്നത കർദ്ദിനാൾ ഇന്നിററ്സർ തിരുമനസ്സുകൊണ്ടു് ഒക്ടോബർ 9-ാംനു തിരുമനസ്സിലെ 80-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. കഴിഞ്ഞ മാസം 24 ാംനു തിരുമേനി ഒരു ശസ്ത്രക്രിയക്കു വിധേയനായി. അതു വിജയകരമായിരുന്നുവെന്നാണു് അറിയപ്പെട്ടിരുന്നതു് എങ്കിലും 9-ാംനു രാവിലെ 4-30 നു വിയന്നായിലെ ഗോൾഡൻക്രോസ് സാനിട്ടോറിയത്തിൽവച്ചു തിരുമേനി നിര്യാതനാവുകയാണുണ്ടായതു്. ഹൃദ്രോഗമാണു് ഈ അത്യാഹിതത്തിനു നിദാനം.

R. I. P

## പെറോണിൻെറ അധഃപ്പതന കാരണങ്ങൾ

അർജൻറീനായിലെ പ്രസിഡണ്ടായിരുന്ന പെറോൺ സ്ഥാനഭ്രഷ്ടനായി ഇപ്പോൾ നാടുകടത്തപ്പെട്ടിരിക്കുകയാണല്ലോ. അദ്ദേഹത്തിൻെറ സ്വേച്ഛാധിപത്യപരമായ ഭരണംമൂലം രാജ്യത്തു വിപ്ലവം സൃഷ്ടിച്ചതായിരുന്നു അധഃപ്പതനത്തിൻെറ ഹേതു ഒരു കത്തോലിക്കാരാജ്യമായ അർജൻറീനായിൽ കത്തോലിക്കാമതത്തിനെതിരായി വളരെ അനീതികൾ അദ്ദേഹത്തിൻെറ ഭരണത്തിൻെറ അവസാനഘട്ടത്തിൽ അദ്ദേഹം പ്രവർത്തിച്ചുപോന്നു. കഴിഞ്ഞ നവമ്പർമാസം മുതലാണു് ഈ വിക്രിയകൾ ഒന്നൊന്നായി സമാരംഭിച്ചതു്. വിവാഹമോചനം, വേശ്യാവൃത്തി മുതലായവയ്ക്കു നിയമസാധുത്വം നൽകി; സ്കൂററു വിദ്യാലയങ്ങളിൽനിന്നു ശതക്കണക്കിനു സന്യാസികളായ അദ്ധ്യാപകരെ പുറംതള്ളി; തിരുസഭാപഞ്ചാംഗത്തിലെ അഞ്ചു പ്രധാന തിരുനാളുകൾ റദ്ദുചെയ്തു; വിദ്യാലയങ്ങളിൽ മതം പഠിപ്പിച്ചുകൂടെന്നു നിയമമുണ്ടാക്കി; നിയമവിരുദ്ധമായ ഈ നടപടികളെ എതിർത്തെന്ന കാരണത്താൽ അനേകം വൈദികരെ അറസ്റ്റുചെയ്തു; വഹിക്കാനാവാത്ത നികുതികൾ ദേവാലയങ്ങളിന്മേൽ കെട്ടിവച്ചു; കത്തോലിക്കാ ജനവിഭാഗങ്ങളുടെ എതിർപ്പിനെ അവഗണിച്ചു അർജൻറീനായിൽ മതവും രാഷ്ട്രവും തമ്മിൽ വേർതിരിവുകൾ സൃഷ്ടിച്ചു; വൈദികരെ കരിതേച്ചു കാണിക്കുന്നതിനും, കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെ ശ്വാസം മുട്ടിക്കുന്നതിനും, വിപ്ലവകാരികളെ പ്രേരിപ്പിച്ചു പള്ളികൾ കൊള്ളചെയ്യുന്നതിനും പിൻതുണനൽകി. ഈവിധമായ അനീതിപരവും കുത്സിതവും മർദ്ദനപരവുമായ പ്രവൃത്തനങ്ങളാണു് ജനങ്ങളിൽ വെറുപ്പും വൈരാഗ്യവും ഉളവാക്കുന്നതിനും ഒരു വിപ്ലവത്തിനു കളമൊരുക്കുന്നതിനും ഇടയാക്കിയതു്.

## ആംഗ്ലിക്കൻ വൈദികർ കത്തോലിക്കാ സഭയിലേക്കു്

ആംഗ്ലിക്കൻവൈദികരായ മി. വാൾട്ടൻ ഹാനായും മി. കെന്നെത്തു് ഡെയിനും ഈയിടെ കത്തോലിക്കാസഭയിൽ സ്വീകരിക്കപ്പെട്ടു. വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്തായായ കർദ്ദിനാൾ ഗ്രിഫിൻ തിരുമനസ്സുകൊണ്ടാണു് അവർക്കു തിരുമനസ്സിലെ കപ്പേളയിൽവച്ചു സ്ഥൈര്യലേപനം നൽകിയതു്. ആഗസ്റ്റ് 15-ാംനു വെസ്റ്റ്മിനിസ്റ്റർ കത്തീഡ്രലിൽവച്ചു് അഡ്മിനിസ്ട്രേറ്റർ മോൺ. ഗോർഡൻ വീലർ മി. ഡെയിനെ തിരുസഭയിലേക്കു സ്വീകരിച്ചു. അദ്ദേഹം ഇപ്പോൾ വൈദികപഠനം നടത്തിക്കൊണ്ടിരിക്കുകയാണു്.

## ജോർഡാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു

പാലസ്റ്റൈൻ അഭയാർത്ഥികളുടെ ഒരു പ്രതിനിധിസംഘത്തെ റോമിലേക്കയച്ചു് അവർക്കുവേണ്ടി മാർപ്പാപ്പാ തിരുമേനി ചെയ്തിട്ടുള്ള ശ്രമങ്ങൾക്കു് കൃതജ്ഞത രേഖപ്പെടുത്തുന്നതിനു ജോർഡാൻ ഗവമ്മെൻറു് സെപ്റ്റംബർ 12-ാംനു ഒരു തീരുമാനമെടുത്തിരിക്കുന്നു. ജോർഡാൻെറ തലസ്ഥാനമായ ആമാനിൽനിന്നും അറിവായിരിക്കുന്നതു് മററു ആരബുരാജ്യങ്ങളും പാലസ്റ്റൈൻ പ്രശ്നം സംബന്ധിച്ചുള്ള വത്തിക്കാൻെറ അഭിപ്രായത്തെപ്പററി പര്യാലോചനകൾ നടത്തുന്നതിനും വിശുദ്ധ സ്ഥലങ്ങളെ പരിരക്ഷിക്കുന്ന കാര്യങ്ങളെപ്പററി ചർച്ചനടത്തുന്നതിനും റോമിലേക്കു പ്രതിനിധികളെ അയക്കുമെന്നാണു്. അഭയാർത്ഥികൾക്കു സമാശ്വാസം നൽകുന്നതിനും അവരുടെ കുട്ടികൾക്കു വിദ്യാഭ്യാസത്തിനു പള്ളിക്കൂടങ്ങൾ തുറക്കുന്നതിനും പരിശുദ്ധ സിംഹാസനം കാര്യമായ സേവനമനുഷ്ഠിച്ചിട്ടുണ്ടു്.

—o—

| പുനരൈക്യ രജതജൂബിലി | | |
|---|---|---|
| പ്രമാണിച്ചു് ഫാദർ ഇഞ്ചക്കലോടിയുടെ പുസ്തകങ്ങൾ പകുതിവിലക്കു് വില്ക്കപ്പെടുന്നു | | |
| | സാക്ഷാൽ വില | കുറച്ച വില |
| | ക. ണ. സ | ക. ണ. സ. |
| 1. കേരളത്തിലെ ക്രൈസ്തവ സഭകൾ (പുറങ്ങൾ 350) | 2—8—0 | 1—4—0 |
| 2. ടി | 3—8—0 | 2—0—0 |
| 3. യാക്കോബായസഭയും ഓർത്തഡോക്സുസഭയും | 0—4—0 | 0—2—0 |
| 4. കേരളത്തിലെമാർത്തോമ്മാസഭ | 0—3—0 | 0—1—6 |

N. B. ഒരു രൂപയിൽ കുറഞ്ഞ വി. പി. അയക്കുന്നതല്ല


മാനേജർ, കത്തോലിക്കു് ബുക്കു് ഡിപ്പോ, പാന്തളം

## ചരമവാർത്തകൾ

ഉപ്പുതറ: ഈ പള്ളി ഇടവക വെള്ളനാമററത്തിൽ ദേവസ്യ ഏലി വാർദ്ധക്യസഹജമായ അസുഖം നിമിത്തം ഈ മാസം 4-ാംനു അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. സംസ്കാരചടങ്ങു് റവ. ഫാദർ ജയിംസ് വെട്ടിയാട്ടു് അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടിരിക്കുന്നു.

ചേന്നാടു്. സ്ഥലത്തെ ചേഴത്തുംമൂട്ടിൽ വക്കി ത്രേസ്യ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 87-ാമത്തെവയസ്സിൽ ഈ മാസം 5-ാംനു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. അന്നുതന്നെ 4 മണിയോടുകൂടി ശവസംസ്കാരം ചേന്നാടു പള്ളിവികാരിയുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

R. I. P.



# ചെറുകഥ

## "ചോരപുരണ്ട മണ്ണ്"

[തൃക്കൊടിത്താനം ചാക്കോ]

(തുടർച്ച)

ഔതച്ചേട്ടൻ പണിയെടുത്തു ജീവിക്കുന്ന ഒരു കർഷകത്തൊഴിലാളിയാണ്. തഴമ്പിച്ച ആ ബലിഷ്ഠകരങ്ങൾ അതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. പൂർവ്വികമായി കിട്ടിയിട്ടുള്ള ഇരുപതു സെൻറു സ്ഥലവും, അതിൽ നിൽക്കുന്ന മൺപുരയും, രണ്ടു പെൺമക്കളും ആണ് അയാളുടെ സ്വത്ത്. കൂലിവേലയിൽനിന്നു കിട്ടുന്ന തുച്ഛമായ വേതനംകൊണ്ടു ആ കുടുംബം സംതൃപ്തിപ്പെട്ടും. ചിലപ്പോൾ പട്ടിണി കിടക്കേണ്ടതായും വന്നിട്ടുണ്ട്. ദിവസവും അടുത്തുള്ള ദേവാലയത്തിൽ പോയി ഒരു ദിവ്യപൂജ കണ്ടതിനുശേഷമേ പവൻ കിട്ടുന്ന ജോലിയായാലും ഔതച്ചേടൻ പോകുകയുള്ളു. അതു വലിയ നിർബന്ധമാണ്. ഈ വഴിത്താരയിൽക്കൂടി മക്കളേയും അയാൾ വളർത്തി. പിന്നെ ഭാര്യ മറിയച്ചേട്ടത്തി ആ "സത്വം" പള്ളിയിൽ പോകുക വളരെ പ്രയാസമാ. ആവുന്നിടത്തോളം ഔതച്ചേട്ടൻ ശ്രമിച്ചു. പക്ഷേ, നിഷ്ഫലം!!

* * *

വേലസ്ഥലത്തുനിന്നും അയാൾ വന്നിട്ടും, കാവാലത്തുപോയ ആശാൻ വന്നുചേർന്നില്ല. അയാൾ കുളിക്കടവിലേക്കുപോയി.

"അമ്മേ, ആശാൻ വരുന്നു" കൊച്ചുമേരി വിളിച്ചുപറഞ്ഞു.

"ആശാനേ പോയ കാര്യം എന്തായി?" മറിയച്ചേട്ടത്തി ജിജ്ഞാസയോടുകൂടി ചോദിച്ചു.

"എന്നാ പായാനാ ചേട്ടത്തീ. ആ മനുഷ്യൻ ഒരുവിധത്തിലും സമ്മതിക്കുന്നില്ല. ഓ! ഭയങ്കരനാ അയാൾ. ഞാൻ കിള്ളിവെളുത്തപ്പം അവിടെ ചെന്നതാ. പലതും പറഞ്ഞു. ഒടുവിൽ സമ്മതിപ്പിച്ചെന്നു പായാം."

"സമ്മതിച്ചു അല്ലേ ആശാനേ" കുളികഴിഞ്ഞുവന്ന ഔതച്ചേട്ടൻ ചോദിച്ചു.

"പിന്നെ അഞ്ഞൂറു രൂപയ്ക്കു സമ്മതിച്ചു. പക്ഷേ, സ്ഥലം അയാൾക്കുവേണ്ടാ. ഉള്ള തുക പണമായിത്തന്നെ കിട്ടണമെന്നാണ് അയാൾ കട്ടായം പറയുന്നത്. പാറിച്ചുപണി പതിനെട്ടും നോക്കി. അതു മാത്രം പാറിയില്ല.

ഔതച്ചേട്ടൻെറ കണ്ണുകൾ നിറഞ്ഞു. അയാളുടെ ഹൃദയത്തിൽക്കൂടി ഒരു "കൊള്ളിമീൻ" പാഞ്ഞുപോയതുപോലെ അയാൾക്കു തോന്നി. ഒരക്ഷരവും മിണ്ടുന്നതിനു ശക്തിയില്ലാതെ അയാൾ അവിടെ നിലയുറപ്പിച്ചു.

"വ്യാഴാഴ്ച അവർ ഉറപ്പിക്കാൻ വരും."

ഔതച്ചേട്ടൻെറ ഹൃദയാഗ്നി ആളിക്കത്തി.

"ചേട്ടാ, അതിനൊക്കെ പണിയുണ്ട്." ആശാൻ ഔതച്ചേട്ടനെ ആശ്വസിപ്പിച്ചു. "നമുക്ക് ഈ സ്ഥലം കര്യൻസാറിന് ഒററികൊടുത്തിട്ട കുറച്ചുപണം വാങ്ങിയാലോ?" ആശാൻ ഒരു പോംവഴി ചൂണ്ടിക്കാണിച്ചു.

"അവർ എന്നു വരുമെന്നാണ് പറഞ്ഞതു്?" ചിന്തയിൽനിന്നു ഉണർന്നതുപോലെ ഔതച്ചേട്ടൻ ചോദിച്ചു.

"വ്യാഴാഴ്ച"

"രൂപയ്ക്കുള്ള വഴികാണാതെ എന്തിനു വാക്കുകൊടുത്തു?"

"ഓ ഇതൊക്കെ ഒരു മൈനർ കാര്യമല്ലയോ? ഇത്ര ആലോചിക്കാനെന്തിരിക്കുന്നു. സാരമില്ലന്നേ!"

"ഔതച്ചേട്ടാ, ഇയാളുടെ കൈയിൽ എത്ര രൂപ ഉണ്ട്?"

"ഓ, പുറംചിലവുകൾക്കും മററും കുറച്ചു പണം കാണും."

"എടോ, സൃഷ്ടിച്ച തമ്പുരാനു രക്ഷിക്കാനും അറിയാം. എങ്ങിനെ ആയാലും ഒരു പെണ്ണ് ഇറങ്ങിപ്പോകട്ടെ; അതല്ലേ നമുക്കു കാര്യം."

സൂര്യകിരണങ്ങൾ നിശ്ശേഷം എരിഞ്ഞടങ്ങി. നിശയുടെ കരിമ്പടത്താൽ അന്തരീക്ഷം മൂടപ്പെട്ടു.

ആശാൻ യാത്ര ചോദിച്ചു.

"ഏതായാലും രാവിലെ വക്കീലാശാൻ ഇവിടെ വരണം"

ഔതച്ചേട്ടൻ ചിന്താഭാരത്താൽ, അതേ താങ്ങുവാൻ വഹിയാത്ത ഹൃദയഭാരത്താൽ കട്ടിലിലേക്കു വീണു.

"കേട്ടോ, ചോറുവിളമ്പി." മറിയച്ചേട്ടത്തി അടുക്കളയിൽനിന്നുകൊണ്ടു ഭർത്താവിനെ വിളിച്ചു.

"ആറിത്തണുക്കുന്നതിനു മുൻപായി... കേട്ടോ...?"

നിശ്ശബ്ദത!

മറിയച്ചേട്ടത്തി കട്ടിലിനരികെവന്നു വീണ്ടും വിളിച്ചു: "ചോറുവിളമ്പി വച്ചിട്ട് എത്ര നേരമായി, വന്നേ!"

"എനിക്കു വിശപ്പില്ല—വേണ്ടാ."

"നിങ്ങളെന്തിനാ ഇത്ര ചിന്തിക്കുന്നതു്. വിധിപോലെ എല്ലാം നടക്കുകയുള്ളു."

"എടീ നിനക്കു അതൊക്കെപ്പറയാം. ഈ മണ്ണിൻെറ വില നീ നക്കറിഞ്ഞുകൂടാ എൻെറ സമ്പാദ്യംകൊണ്ടുണ്ടാക്കിയതല്ല ഈ മണ്ണ്. അപ്പനപ്പൂപ്പന്മാരുടെ സമ്പാദ്യമാ. അതു മററൊരാൾ അനുഭവിക്കുന്നതു എങ്ങിനെ സഹിക്കും? പത്തോ അഞ്ഞൂറോ വാങ്ങുന്നതിനു ഒരു വിഷമവുമില്ലെന്നെനിക്കറിയാം. എന്നാൽ അതുണ്ടാക്കി തിരികെ എടുക്കുവാൻ ഈ ജന്മത്തു് എന്നാൽ സാദ്ധ്യമല്ല. അതുകൂടി വിററുതിന്നാൽ പിന്നെ നാം എങ്ങോട്ടുപോകും?"

"പിന്നെങ്ങിനെ നടത്താമെന്നാ വിചാരിച്ചതു്?"

"പത്തു സെൻറു് എഴുതിക്കൊടുക്കുന്നതു മററാക്കുമല്ലല്ലോ, നമ്മുടെ മകൾക്കും, മകനും. ഇവിടെ കിടന്നു മരിക്കാമല്ലോ? ഇറങ്ങിപ്പോകാൻ മററൊരുവൻ വന്നു പറയുകയില്ലല്ലോ."

"വേറൊരുവൻെറ കൈവശത്തിലാകുമ്പോൾ നമ്മുടെ സ്ഥിതി എന്താകുമെന്നു നിനക്കറിഞ്ഞുകൂടാ."

ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന ആ കുടുംബത്തിൻെറ വേദനനിറഞ്ഞ ചിത്രം ഔതച്ചേട്ടൻ ഭാര്യയെ വരച്ചുകാണിച്ചു. അവർ ഒരക്ഷരവും മിണ്ടാതെ ഇതൊക്കെ കാണുകയും, കേൾക്കുകയും ചെയ്തു.

രാത്രി വളരെ ഭയാനകമായി ഔതച്ചേട്ടനു തോന്നി. എത്തും പിടിയും കിട്ടാത്ത ചിന്തകളാൽ അയാൾ കിടക്കയിൽകിടന്നു അങ്ങോട്ടും ഇങ്ങോട്ടും കിടന്നിളകി ഒരുവിധത്തിൽ അയാൾ നേരം വെളുപ്പിച്ചു.

കര്യൻസാറിൻെറ മനോഹരമായ ബംഗ്ലാവ്. ഉദയസൂര്യൻെറ കനകക്കതിരുകൾ ജനാലയിൽ പതിച്ചിരിക്കുന്ന സ്ഫടികഗ്ലാസുകളിൽതട്ടി അവ ശോഭിക്കുന്നു. പൂമുഖത്തുള്ള ഒരു ചാരുകസേരയിൽ കിടന്നു പത്രം വായിക്കുകയാണ് കര്യൻസാർ. മുററത്തു ഒരു കാർ കിടപ്പുണ്ട്. എവിടെയോ സർക്കീട്ടുപോകാൻ എന്നോണം ഡ്രൈവർ വളരെ ധൃതിയായി അതു തുടച്ചു വൃത്തിയാക്കുന്നുണ്ട്.

ആശാൻ ഔതച്ചേട്ടനോടു പറഞ്ഞു: "വാ, കാണാമെന്നേ" ആശാൻ മുൻപു നടന്നു ഡ്രൈവറുടെ അടുത്തെത്തി പതിഞ്ഞ സ്വരത്തിൽ ചോദിച്ചു: "കുഞ്ഞേ കര്യൻസാർ ഇവിടെ ഉണ്ടോ?"

"തുരപ്പൻ വക്കീച്ചേട്ടൻ ഇത്ര രാവിലെ ഇറങ്ങിയതു് എന്താ?" ഡ്രൈവർ പരിഹാസസ്വരത്തിൽ ചോദിച്ചു.

"ഓ, വെറുതേ. അദ്ദേഹത്തെ ഒന്നു കാണാൻ വേണ്ടി."

"ഇയാളാ വെറുതേ ഇറങ്ങുന്ന പാർട്ടി... കമന്നുവീണാൽ കാ പണം തട്ടും."

ഡ്രൈവറുടെ അടുത്തുനിന്നാൽ പിശകാണെന്നു വിചാരിച്ചു നേരേ പൂമുഖത്തേക്കു ചെന്നു.

"അതാരാ?" കര്യൻസാറു ചോദിച്ചു.

"ഞങ്ങളാ."

"എന്നാ വക്കീ ഇങ്ങോട്ടു കടന്നതു്?"

"അങ്ങേക്കൊണ്ടു ഒരു കാര്യം—"

"കാര്യം പറയൂ" കര്യൻസാർ ആരാഞ്ഞു.

"ഈ ഔതച്ചേട്ടനു കുറച്ചുപണം....... ആവശ്യമായ പ്രമാണം...."

"വസ്തു ഒന്നും ഇനി വേണ്ടാ. പണത്തിനൊക്കെ വളരെ വിഷമമാ. വ്യവസായത്തിലെല്ലാം നഷ്ടം. കഴിഞ്ഞ ആണ്ടത്തെ കണക്കെടുത്തിട്ടു ഇരുപതിനായിരം രൂപയോളം നഷ്ടത്തിലാ. തൊഴിലില്ലനിൽത്താമെന്നു വിചാരിച്ചാൽ എത്രയോ കുടുംബങ്ങൾ പട്ടിണിയാകും. ഇതിനും പുറമേ ഗവമ്മെൻറിൻെറ ആദായനികുതി ഒരു വൻപിച്ച തുക."

"അപ്പോൾ നഷ്ടം വരുമ്പോൾ എങ്ങിനെ ആദായനികുതി കൊടുക്കും?"

"നഷ്ടം വന്നാലെന്താ, നശിച്ചുപോയാലെന്താ, ഗവമ്മെൻറു പറയുന്നതു കെട്ടിവച്ചേ മതിയാവൂ ആശാനേ."

"ഇപ്പോൾ പണത്തിനാവശ്യം?" കര്യൻസാർ തിരക്കി.

"മകൾക്കു ഒരു കല്യാണം" ഔത ഉത്തരം നൽകി.

"എവിടെയാ."

"കാവാലത്തു്."

"സ്ത്രീധനം എന്തുകൊടുക്കുന്നു?"

"അഞ്ഞൂറു രൂപാ"

"ആലോചിച്ചൊക്കെ ചെയ്യണം കേട്ടോ?" കര്യൻസാർ ആജ്ഞാപിച്ചു.

"ചെയ്യാമേ"

"അപ്പോൾ അഞ്ഞൂറു രൂപാ വേണം അല്ലേ...?"

"അതേ"

"സ്ഥലത്തിനൊക്കെ വളരെ വിലക്കുറവാണ്" കര്യൻ സാർ നിലവാരം അറിയിച്ചു.

"വ്യാഴാഴ്ച അവർ ഉറപ്പിക്കാൻ വരും."

"ഉറപ്പിച്ചോടോ. പണം എങ്ങിനെയെങ്കിലും ഉണ്ടാക്കിത്തരാം. അയൽപക്കമല്ലേ. എങ്ങിനെ സഹായിക്കാതിരിക്കും?"

ആശാനും ഔതച്ചേട്ടനും യാത്രചോദിച്ചു മുററത്തേക്കിറങ്ങി.

"തുരപ്പനു നൂറെറാന്നൊത്തല്ലോ" ഡ്രൈവർ വീണ്ടും കൂരമ്പുകൾ എറിയുവാൻ തുടങ്ങി.

വലിയ ഒരു സാമ്രാജ്യം പിടിച്ചടക്കിയ പടത്തലവൻെറ അഭിമാനത്തോടുകൂടി ആശാൻ വളരെ ധൃതിയിൽ മുന്നോട്ടു നടന്നു.

അങ്ങനെ പണത്തിൻെറ പ്രശ്നവും ഒത്തു. ആശാൻ തൻെറ കഴിവിൻെറ വിപുലത ഔതച്ചേട്ടനെ അറിയിച്ചു.

* * *

മാസങ്ങൾ പലതു ഇരച്ചുപാഞ്ഞു.

കുഞ്ഞമ്മയും അങ്ങിനെ വിവാഹിതയായി. ഏകാന്തതയിൽ അവൾ അവളുടെ വീടിനെക്കുറിച്ചും, അവൾക്കുവേണ്ടി ഒരു പിടി മണ്ണുണ്ടായിരുന്നതു പൊയ്പ്പോയ കഥയെക്കുറിച്ചും അവൾ ചിന്തിക്കും. അല്ല! പൊട്ടിക്കരയും... അവളുടെ അനുജത്തി മേരിയുടെ ഭാവി.... ആ കൊച്ചു കുടുംബത്തിൻെറ ഭാവി... ഒരു സ്ത്രീക്ക് എന്തു ചെയ്യാൻ സാധിക്കും?

x x x

തലമുറ തലമുറയായി അനുഭവിച്ചുകൊണ്ടിരുന്ന ആ സ്വത്തു്, അതേ, ആ ഇരുപതു സെൻറു സ്ഥലം ഇന്നു കര്യൻസാർ ആണ് അനുഭവിക്കുന്നതു്.

ഔതച്ചേട്ടൻ ഓരോ ദിവസം കഴിയുന്തോറും കൂടുതൽ കൂടുതൽ ചിന്താധീനനായി കാണപ്പെട്ടു. ഒരു ദിവസം അയാൾ ഭാര്യയേ വിളിച്ചു പറഞ്ഞു: "നമ്മുടെ നില ഇനി എന്താണു മറിയ......?"

"ങാ......"

"കൂലിവേല തന്നെവളരെ ചുരുക്കം. കിട്ടുന്ന കാശു മതിയാകുന്നുമില്ല. വേറെ ഒരാദായവും കിട്ടാനില്ല... നമ്മെക്കൊണ്ടു ആ ഒററി തിരികെ വാങ്ങാനും സാദ്ധ്യമല്ല. ...അതിനാൽ നമുക്കു ഇതു് "തീറു" കൊടുത്തിട്ടു ബാക്കി പണവും വാങ്ങി...പോകാം...."

"എങ്ങോട്ടു്...?" മറിയച്ചേട്ടത്തി അത്ഭുതത്തോടുകൂടി ചോദിച്ചു.

"മലബാറിലേക്കു്"

"മലബാറിലേക്കു ഞാനില്ല.."

"അവിടെ നമ്മുടെ അന്തോനിയും മററും ഉണ്ട്. അവൻ കുറച്ചു പുരയിടം പതിപ്പിച്ചിട്ടിട്ടുണ്ട്. ചെന്നാൽ കൃഷി ചെയ്തു സുഖമായി കഴിയാം. ഇനി മാർഗ്ഗം അതേ ഉള്ളു......."

"കുഞ്ഞമ്മ ഇതറിഞ്ഞാൽ ഉരുകി ചാകും."

"അവളെങ്കിലും സുഖമായി ജീവിക്കട്ടെ—ഇവിടെ........"

ആഴ്ചകൾ ഒന്നു രണ്ടു നീങ്ങി കര്യൻസാറിനു വസ്തു വിലയ്ക്കു കൊടുത്തു.

ആ പൂർവ്വികസ്വത്തു് എന്നന്നേക്കുമായി കൈമാറി. വെറും അറുനൂറു രൂപയ്ക്കു്. ആ അംഗങ്ങളുടെ രക്തവും വിയർപ്പും കുടിച്ചു കൊഴുത്തതാണ് ആ മണ്ണ്. അതിൽ നില്ക്കുന്ന ഫലഭൂയിഷ്ഠമായ വൃക്ഷങ്ങളും മററും ഔതച്ചേട്ടൻെറ അദ്ധ്വാനത്തിൻെറ അടയാളമാകുന്നു. അതു് ഇങ്ങിനി തിരിച്ചു വരാത്തവണ്ണം ഔതച്ചേട്ടനോടു യാത്രപറഞ്ഞു. പണം പൂഴ്ത്തിവച്ചിരിക്കുന്ന ആ മനുഷ്യൻ വെറും മുപ്പതു രൂപാ വിലപ്രകാരം ആ ഫലവത്തായ മണ്ണു പിടിച്ചുവാങ്ങി...... അവരുടെ നീതിശാസ്ത്രം!!

മലബാറിലേക്കുള്ള യാത്ര തീരുമാനിച്ചു. ഇനിയും കഷ്ടിച്ചു രണ്ടു ദിവസമേ അയാൾക്കു് ജന്മം കൊടുത്ത നാട്ടിൽ "പാസ്പോർട്ട്" ഉള്ളു. കുഞ്ഞമ്മയും ഭർത്താവും യാത്ര അയക്കാൻ വന്നിട്ടുണ്ട്. എല്ലാവരുടേയും മുഖത്തു് വേദനയുടെ നീർച്ചാലുകൾ ഒഴുകുന്നുണ്ട്...... കുഞ്ഞമ്മ ഹൃദയം പൊട്ടിക്കരയുന്നുണ്ട്. സമാശ്വസിപ്പിക്കാൻ അയൽപക്കത്തുള്ള സാധു കർഷകർ മാത്രം!!

"മകളേ കരയാതെ. കർത്താവു നമ്മേ കൈവെടിയത്തില്ല. ആ സത്യസ്വരൂപി മററാരു മാർഗ്ഗം നമുക്കു തുറന്നു തന്നിരിക്കുകയാണ്........ നിന്നെ അനുരൂപനായ ഒരുവനെക്കൊണ്ടു വിവാഹം ചെയ്യിക്കണമെന്നായിരുന്നു ഞങ്ങളുടെ ആഗ്രഹം. ...അതു സാധിച്ചു...അതിനുനാം ആ സർവ്വശക്തനു നന്ദിപറയുക.......നിൻെറ ഈ കണ്ണുനീരു കാണുവാൻ എനിക്കു കരുത്തില്ല മോളേ....കരയാതെ കുഞ്ഞേ..."

"അപ്പാ എന്നെ ഇവിടെ ഇട്ടേച്ചു...പോകുകയാണ് അല്ലേ!... അപ്പാ!...ഞാനും വരു....ന്നു...."

"വേണ്ടാ,മോളേ, നീ എങ്കിലും സുഖമായി കഴിയുക ...അതാണ് ഞങ്ങൾക്കു കാണേണ്ടതു്..."

കണ്ണുനീരിൽക്കൂടി ഔതച്ചേട്ടൻ മകളോടിത്രയും പറഞ്ഞു.

x x x

യാത്ര തിരിക്കേണ്ട ദിവസവും വന്നണഞ്ഞു.

തികഞ്ഞ അഭിമാനത്തോടും നിറഞ്ഞു തുളുമ്പുന്ന ആഗ്രഹത്തോടും കൂടിയാണ് ഔതച്ചേട്ടൻ മലബാറിലേക്കു കൃഷിചെയ്തു ജീവിക്കുവാൻ പോകുന്നതു്. മരം കോച്ചുന്ന തണുപ്പിനോടും വന്യമൃഗങ്ങളോടും പോരാടി, വൻകാടുകൾ വെട്ടിത്തെളിച്ചു കൃഷിക്കുപയുക്തമാക്കുവാൻ വേണ്ടി ആ കർഷകകുടുംബം യാത്രതിരിക്കുകയാണ്.

"പോകാം, സമയമായി" ഔതച്ചേട്ടൻ അറിയിച്ചു


കൂട്ടത്തോടെ കരച്ചിൽ. അതേ! ഒരു മരിച്ച വീടിൻെറ പ്രതിദ്ധ്വനിപോലെ.

ആശാൻ വീട്ടിനകത്തു കയറി സമാശ്വസിപ്പിക്കാൻ ശ്രമിച്ചു.

എല്ലാവരും മുററത്തേക്കിറങ്ങി, അവസാനയാത്ര ചോദിപ്പിനു്. കൂടിനിന്നവരും ആ കുടുംബത്തോടൊപ്പം കണ്ണുനീർ വാർത്തു

എല്ലാവരോടും യാത്ര ഔതച്ചേട്ട


## For favours received



Mrs. Mary Sebastian
Trichur



തെക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

# പുനരൈക്യപ്രത്യവലോകനം

## 1930-ാമാണ്ടിനു മുമ്പ്

[കെ. എം. ഈശോ, ഓമല്ലൂർ]

(തുടർച്ച)

**പുനരൈക്യമുന്നേററം**

മദ്ധ്യതിരുവിതാംകൂറിൽ വിതച്ചുകൊണ്ടിരുന്ന പുനരൈക്യബീജം താമസംവിനാ, അങ്ങുമിങ്ങും ശക്തിയായി മുളയെടുക്കാൻ തുടങ്ങി. മനസ്സും അഗ്രഹവുമുണ്ടെങ്കിലും സാഹചര്യങ്ങളോടുള്ള വെല്ലുവിളിയെ സധൈര്യം അഭിമുഖീകരിച്ചു മുന്നേറുന്നതിനു തക്ക വിശ്വാസ ധൈര്യം അധികമാക്കുമുണ്ടായില്ല. ഈ വെല്ലുവിളിയെ സമൂഹമായി അഭിമുഖീകരിക്കുന്നതിനു മുമ്പിട്ട്, സധൈര്യം രംഗത്തിറങ്ങിയതു ഓമല്ലൂർ പുത്തൻപീടികക്കാരായിരുന്നു. ബ. പീടികയിൽ ഗീവറുഗീസച്ചൻെറ നേതൃത്വത്തിൽ സുശിക്ഷിതരായ ഒരു ഡസനിൽപരം അൽമേനികൾ അരയും തലയും മുറുക്കി സത്യാന്വേഷണരംഗത്തു പ്രത്യക്ഷമായിറങ്ങി സജീവമായി പ്രവർത്തനമാരംഭിച്ചു. മെത്രാൻകക്ഷിയിൽപ്പെട്ട യാക്കോബായക്കാർ, ഏതെങ്കിലും പൂർവ്വികസഭയോടു യോജിക്കയോ, കാതോലിക്കായെ വാഴിച്ചു് സ്വതന്ത്രസഭയായി മാറിനില്ക്കയോ ഏതാണു വേണ്ടതെന്നു ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്ന ഒരവസരമായിരുന്നു ഇതു്. 1925-ൽ 2-ാമത്തെ കാതോലിക്കാ വാഴ്ചയ്ക്കുമുമ്പ് യാക്കോബായ സഭയുടെ സ്ഥിതിഗതികളെ അവലോകനം ചെയ്തുകൊണ്ടു് "മലങ്കരസുറിയാനിക്രിസ്ത്യാനികളുടെ ഗാഢമായ പശ്ചാത്താപനങ്ങൾ—നമ്മുടെ സഭയുടെ ഭാവി" എന്നൊരു ലഘുലേഖ സഹോദരൻ കെ. എം. വറുഗീസിൻെറ നേതൃത്വത്തിൽ ഞങ്ങൾ ഇവിടെനിന്നു പ്രസിദ്ധീകരിച്ചു്, യാക്കോബായസഭയിലെ നേതാക്കന്മാക്കെല്ലാവക്കും അയച്ചുകൊടുത്തു. അതുവാങ്ങിയും മത്സരവും പുലത്തി ക്രിസ്ത്യാനിത്വം നഷ്ടപ്പെടുത്താതെ ചിരസ്ഥായിയായ നമ്മുടെ റീത്തു അനുവദിപ്പിച്ചുകൊണ്ടു് പൂർവ്വികസഭയായ റോമൻകത്തോലിക്കാ സഭയോടു പുനരൈക്യപ്പെടുന്നതിനു സമുദായാംഗങ്ങളെ ആഹ്വാനം ചെയ്യുന്നതായിരുന്നു.

ഈ ആഹ്വാനത്തിനു പലരും സ്വാഗതമരുളിയെങ്കിലും റീത്തു അനുവദിപ്പിച്ചുകൊണ്ടു് സമൂഹമായി പുനരൈക്യപ്പെടുന്നതിനു വൈദികാദ്ധ്യക്ഷന്മാർ പ്രത്യക്ഷമായി മുമ്പോട്ടു വരാതിരുന്നതിനാൽ പുത്തൻപീടികയിലെ സത്യാന്വേഷികൾ പുനരൈക്യത്തിനു വെമ്പൽകൊണ്ടു. പമ്പാനദിക്കു തെക്കുള്ള പ്രദേശങ്ങൾ കൊല്ലം രൂപതാതിർത്തിയിൽപ്പെട്ടതാകയാൽ, ചങ്ങനാശ്ശേരി വേദപ്രചാരധുരന്ധരായ റവ. ഫാദർ തോട്ടാശ്ശേരി, പുത്തൻപീടികക്കാക്കുവേണ്ടി ബൻസിഗർ തിരുമേനിയെ സമീപിച്ചു. തിരുമേനി, വൃദ്ധനായ പീടികയിൽ ബ. അബ്രാഹമച്ചനു അന്ത്യോക്യൻ റീത്തു അനുവദിക്കാമെന്നും ബ. ഗീവറുഗീസച്ചൻ കൽദായസുറിയാനിതക്സാ പരിശീലിക്കണമെന്നും നിദ്ദേശിക്കയാണു ചെയ്തതു്. ഇതുകൊണ്ടു് പുത്തൻപീടികയിലെ സത്യാന്വേഷികൾ പിന്മാറാതെ കത്തോലിക്കാസഭയെപ്പററി പഠിച്ചുകൊണ്ടിരുന്നു. തുടന്നു ചാരുമ്മൂട്ടു് ഡിസ്ട്രിക്ട് വികാരിയായ റെ. ബ. ലോറൻസച്ചൻ, പത്തനംതിട്ട ഒരു കെട്ടിടത്തിനു സ്ഥലംവാങ്ങി ഒരു ഷെഡ് പണിയിച്ചു് അവിടെ താമസിച്ചുകൊണ്ടു പുത്തൻപീടികക്കാരുമായി സമ്പക്കം പുലത്തിക്കൊണ്ടിരുന്നു.

പുത്തൻപീടികക്കാർ "റോമ" യിൽ പോകുന്നെന്നുള്ള കേൾവി പലയിടങ്ങളിലും മാറെറാലികൊണ്ടു നിശ്ചിതദിവസവും സമാഗതമായി. ഇതിനെ തടസ്സപ്പെടുത്തുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനും ചില വിപരീതശക്തികളും പ്രവത്തിച്ചുകൊണ്ടിരുന്നു. അവരുടെ പ്രവത്തനത്തിൻെറ ഫലമായി അധികമാരേയും അറിയിക്കാതെ കുണ്ടറനിന്നും അന്നു ഗ്രീഗോറിയോസ് മെത്രാനായി അറിയപ്പെട്ടിരുന്ന ഇപ്പോഴത്തെ കാതോലിക്കാബാവായെ വരുത്തി സത്യാന്വേഷികളെ അവരുടെ ഉദ്യമത്തിൽനിന്നു വിരമിപ്പിക്കുന്നതിനു ശ്രമിച്ചു. അദ്ദേഹം ഒരാഴ്ച പുത്തൻപീടിക മത്തമറിയം പള്ളിയിൽ താമസിച്ചുകൊണ്ടു് "റോമ്മാസഭയിൽ ചേരുകയില്ലെ"ന്നു ഇടവകക്കാരേയും ബ. ഗീവറുഗീസച്ചനേയുംകൊണ്ടു സത്യംചെയ്യിക്കുന്നതിനു ചതുരുപായങ്ങൾ പ്രയോഗിച്ചുനോക്കിയെങ്കിലും സത്യാന്വേഷികളെ വശപ്പെടുത്താൻ സാധിച്ചില്ല. റോം, കോൺസ്റ്റൻറിനോപ്പിൾ, അന്ത്യോക്യാ എന്നീ പാത്രിയക്കീസന്മാർ അംഗീകരിക്കാതേയും അവരെ അവഗണിച്ചും അലക്സാന്ത്രിയാ പാത്രിയക്കീസായ ദീയസ്ക്കോറോസിനാൽ, എ. ഡി. 449-ൽ 130 മെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ എഫേസൂസിൽവച്ചു കൂടപ്പെട്ട രണ്ടാമത്തെ സൂനഹദോസ് സ്വീകരിച്ച ഏകസ്വഭാവവാദത്തെ—മൊനോഫിസായ വേദവിപരീതത്തെ, 451-ൽ റോം, അന്ത്യോക്യാ, കോൺസ്റ്റൻറിനോപ്പിൾ പാത്രിയക്കീസന്മാരുടെ സഹകരണത്തിൽ കൽക്കദോനിയായിൽവച്ചു 600-ൽപ്പരം മെത്രാന്മാർചേന്നു ശപിച്ചിട്ടുള്ള ഒരു ശീശ്മസഭയിൽപ്പെട്ടതാണു് യാക്കോബായസഭയെന്നും ശീശ്മക്കു തടസ്സമല്ലെന്നു ബോദ്ധ്യപ്പെടുത്തിയാൽ ഈ സംരംഭത്തിൽനിന്നും പിന്തിരിയാമെന്നും വാദിച്ചപേക്ഷിച്ചതനുസരിച്ചു്, വിദഗ്ദ്ധപണ്ഡിതനും പ്രശസ്തമതിയുമായ മാർ ഈവാനിയോസ് തിരുമേനിയുമായി ഇടപെട്ടു സംശയംതീക്കണമെന്നു അദ്ദേഹം കല്പിച്ചു. സംശയനിവാരണം വരുത്തുന്നതുവരെ ബ. ഗീവറുഗീസച്ചൻ പള്ളിഭരണത്തിൽനിന്നു പിന്മാറുകയും അദ്ദേഹത്തിൻെറ അനുയായികളായ ട്രസ്റ്റികൾ കണക്കുകളും ബാക്കി പണവുമെല്ലാം ഏല്പിച്ചു് യാക്കോബായപള്ളിബന്ധത്തിൽനിന്നു സ്വതന്ത്രരാവുകയുംചെയ്തു. ഇതു 1926-ലെ ഓശാനഞായറാഴ്ചയ്ക്കു മൂന്നുദിവസം മുമ്പായിരുന്നു.

ഉടൻതന്നെ ബ. ഗീവറുഗീസച്ചൻ ഏതാനും അനുയായികളോടുകൂടി പെരുനാട്ടു ബഥനിആശ്രമത്തിൽപോയി ഈവാനിയോസ് തിരുമേനിയെക്കണ്ടു് വിവരങ്ങൾ ധരിപ്പിച്ചു. തിരുമേനി യാതൊരു എതിരഭിപ്രായവും പുറപ്പെടുവിച്ചില്ല. "നിങ്ങൾ ധൃതികൂട്ടേണ്ട, ശാന്തമായി ആലോചിച്ചു പ്രവത്തിച്ചാൽ മതി; നമുക്കെല്ലാവക്കും ഒരുമിച്ചു ആകാമല്ലോ" എന്നാണു കല്പിച്ചതു്. ബ. അച്ചൻ കഷ്ടാനുഭവയാഴ്ച തിരുമേനിയോടുകൂടി അവിടെ കഴിച്ചുകൂട്ടി, യാത്ര പറഞ്ഞശേഷം കൊല്ലത്തുപോയി ബൻസിഗർ തിരുമേനിയെ കണ്ടു പുനരൈക്യപ്പെടുന്നതിനുള്ള ആഗ്രഹമറിയിച്ചു. തിരുമേനി ഉടനെതന്നെ കൽദായസുറിയാനിതക്സാ പരിചയിക്കുന്നതിനു ബ. അച്ചനെ മാന്നാനം ആശ്രമത്തിലേക്കയച്ചു. ബ. അച്ചൻ രണ്ടുമാസത്തോളം മാന്നാനത്തു താമസിച്ചു തക്സാ പരിശീലിക്കയും കമ്മലീത്താവൈദികരുമായി സമ്പക്കം പുലത്തുകയും ചെയ്തു.

ഇതിനകം പുത്തൻപീടികയിൽ ബ. അച്ചൻെറ സ്ഥലത്തു ഒരു ചാപ്പൽ പണിയാരംഭിക്കയും ജൂലൈമാസത്തോടുകൂടി അതിൻെറ പണി പൂത്തിയാവുകയുംചെയ്തു. ബ. ഗീവറുഗീസച്ചൻ, ബൻസിഗർ തിരുമേനിയുടെ മുമ്പാകെ സത്യവിശ്വാസം ഏററുപറഞ്ഞു് പുനരൈക്യപ്പെടുകയും, ബ. ലോറൻസച്ചൻ പുത്തൻപീടികയിൽ വന്നു പുതിയ ചാപ്പലിൽ താമസിച്ചുകൊണ്ടു് ആഗ്രഹമുള്ളവരെയെല്ലാം കത്തോലിക്കാസഭയിലേക്കു സ്വീകരിക്കയുംചെയ്തു. 27 വീടുകളിൽനിന്നു 120 പേരാണു് അപ്പോൾ പുനരൈക്യപ്പെട്ടതു്. ബ. ഗീവറുഗീസച്ചൻ അസിസ്റ്റൻറുവികാരിയായി ചാപ്പലിൽ കുർബാന അനുഷ്ഠിക്കയും ബ. ലോറൻസച്ചൻ കൂടക്കൂടെവന്നു മനസ്സുള്ളവരെ പുനരൈക്യപ്പെടുത്തുകയും തൻെറ ആത്മീയമക്കളെ ഉപദേശിച്ചു് വിശ്വാസത്തിൽ ദൃഢപ്പെടുത്തുകയും ചെയ്തിരുന്നു.

(തുടരും)

ൻ ഒററവാക്കിൽ പൂത്തീകരിച്ചു.

പടിക്കവെളിയിൽ ഇറങ്ങുന്നതിനു മുൻപായി ഔതച്ചേട്ടൻ തൻെറ പുരാതീനമായ ആ കൊച്ചു മൺപുരയോടു യാത്ര ചോദിക്കുന്നതിനുവേണ്ടി തിരിഞ്ഞുനിന്നു. അയാളുടെ കണ്ണുകളിൽനിന്നു രണ്ടു അശ്രുകണങ്ങൾ അടന്നു ആ മണ്ണിൽ വീണു. ആ കുടുംബത്തിൻെറ വേദനയുടെ ആകെത്തുകയായിരുന്നു ആ രണ്ടുതുള്ളി കണ്ണുനീർ. അതുമാത്രമേ ആ പൂർവ്വികസ്വത്തിൽ, അതേ! ആ കുടുംബത്തിൻെറ രക്തവും വിയപ്പും കുടിച്ച ആ "ചോരപുരണ്ട മണ്ണിൽ" അയാൾക്കു നിക്ഷേപിക്കുവാനുള്ളു.. അയാളറിയാതെ ആ കണ്ണുകൾ ആ കൃത്യം നിവ്വഹിച്ചു... ആ കർഷകകുടുംബം മലബാറിലേക്കു നീങ്ങുകയാണു്—ശേഷിച്ച മകൾ മേരിയേക്കൂടി കെട്ടിച്ചയക്കുവാൻ വേണ്ടി.

—o—

(11-ാംപേജ് തുടർച്ച)

ലും കാതോലികത്വത്തിനും അപ്പസ്തോലികത്വത്തിനും കേടു ഭവിക്കുകയും ക്രൈസ്തവലോകത്തിൽ അനൈകമത്യവും ഛിദ്രവാസനയും പ്രത്യക്ഷപ്പെടുകയുമാണു് ചെയ്തിട്ടുള്ളതു്.

4. ലൂഥർ നയിച്ച മതവിപ്ലവം ഭയങ്കരമായിരുന്നെങ്കിലും യൂറോപ്പിലെ ഭൂരിപക്ഷം ജനങ്ങൾ കത്തോലിക്കാസഭയിൽ തന്നെ സ്ഥിരമായി നിലനില്ക്കുകയുണ്ടായി യൂറോപ്പിൽ തിരുസഭയ്ക്കു സംഭവിച്ച ജനസംഖ്യാനഷ്ടം അമേരിക്കയിലും പൗരസ്ത്യദേശങ്ങളിലും അവർ നടത്തിയ വേദപ്രചാരഫലമായി പരിഹരിക്കപ്പെടുകയും ചെയ്തു.

### കൃതജ്ഞത



വി. പത്താംപീയൂസിൻെറയും വി. കൊച്ചുത്രേസ്യായുടേയും മദ്ധ്യസ്ഥതയാലും ബ. സിസ്റ്റർ അൽഫോൻസായുടെ സഹായത്താലും ഫാത്തിമാ നാഥയിൽനിന്നു് നന്മകൾ ലഭിച്ചതിനു കൃതജ്ഞത. കാലതാമസം വന്നതിനു് ക്ഷമാപണം.

എസ്സ്. എ. പോൾ
ഞാറക്കൽ

---

ആത്മകഥാകഥനം

# ലില്ലിയൻ ബേൺസ്

[എം. തെക്കേപ്പാലക്കൽ]

ജിമ്മിയുടെ ദൃഢമായ വിശ്വാസവും സന്മാതൃകയുമാണു് ലില്ലിയൻ ബേൺസിൽ പരിവത്തനമുളവാക്കിയതു്. ഇന്നും മധുരസ്മരണകളോടെയാണു് ലില്ലിയൻ അതോക്കുക. അവളുടെ ഹൃദയാവർജ്ജകമായ വാക്കുകളിൽതന്നെ അതു് വിവരിക്കാം.

"കത്തോലിക്കാ സഭയിലേക്കുള്ള മാനസാന്തരം എന്നിൽ ആനന്ദവും സങ്കടവും കൃതജ്ഞതയും ഉളവാക്കുന്നു. ആനന്ദത്തിനു കാരണം ക്രിസ്തുവിൻെറ സത്യസഭയിലെ ഒരു അംഗമാകുവാനുള്ള ഭാഗ്യം എനിക്കു് സംസിദ്ധമായി എന്നതാണു്. ആ അമൂല്യനിധി എവിടെയെന്നറിയാതെ ഇത്രയും നാൾ അന്ധകാരത്തിൽ തപ്പിത്തടഞ്ഞു. അതാണു് വ്യസനഹേതു. അതിൽനിന്നു് കരകേറുവാൻ അവസരംതന്ന നല്ല ദൈവത്തോടും സ്നേഹിതന്മാരോടുമാണു് എൻെറ ഹൃദയംഗമമായ കൃതജ്ഞത.

2700 ഓളം പേർ അധിവസിക്കുന്ന "ന്യൂബെറി"യാണു് എൻെറ ജന്മദേശം. ഭൂരിപക്ഷവും അകത്തോലിക്കർ. ഞാൻ മെത്തോഡിസ്റ്റ് സഭയിലെ ഒരംഗമായിരുന്നു. ഗ്രീഷ്മകാലങ്ങളിൽ മാത്രമേ ഞങ്ങൾ വേദപാഠത്തിനു് പോയിരുന്നുള്ളു. മററു വല്ല പരിപാടിയുമുണ്ടെങ്കിൽ അതുമില്ല.

കുഞ്ഞായിരുന്നപ്പോൾ കത്തോലിക്കരെ വളരെ വെറുപ്പോടെയാണു് ഞാൻ വീക്ഷിച്ചിരുന്നതു്. വേനൽക്കാലത്തു്, തുറന്ന വാതിലിലൂടെ കത്തോലിക്കാ പള്ളികളിലേക്കു ഞങ്ങൾ ഒളിഞ്ഞുനോക്കിയിരുന്നു. കാരണമുണ്ടു്; അവരുടെ പുരോഹിതന്മാർ പല നിറത്തിലുള്ള സ്ഥാനവസ്ത്രങ്ങളണിയും, പള്ളിയിലുള്ള കൊത്തുരൂപങ്ങളുടെ മുമ്പിൽ ജനങ്ങൾ മുട്ടുകുത്തി പ്രാത്ഥിക്കും എന്നും മററും ഞങ്ങൾ കേട്ടിരുന്നു. വളന്നുവന്നതോടെ എനിക്കു മനസ്സിലായിത്തുടങ്ങി വിചാരിച്ചതുപോലെ കത്തോലിക്കർ നികൃഷ്ടരല്ലെന്നു്. എങ്കിലും ഒരു കത്തോലിക്കയാകരുതെന്നു് ഞാനുറച്ചിരുന്നു

പക്ഷേ, ചെന്നു ചെന്നു് ഞാനൊരു വഴിത്തിരിവിലെത്തി—ആദ്യമായി ആ ജിമ്മിയെക്കണ്ട അന്നു്. ഒരുത്തമ കത്തോലിക്കനായിരുന്നു അദ്ദേഹം. ഞങ്ങൾ ആത്മാത്ഥസ്നേഹിതരായി. ഞായറാഴ്ച രാവിലെ ഞങ്ങളൊരുമിച്ചു് പള്ളിയിൽ പോവുക പതിവായി; അദ്ദേഹം കത്തോലിക്കാ പള്ളിയിലേക്കും ഞാൻ മെത്തോഡിസ്റ്റ് ദൈവാലയത്തിലേക്കും. കാലങ്ങൾ കഴിഞ്ഞതോടെ ഞങ്ങളുടെ പ്രണയം ചിറകുവിരിച്ചു. ഞങ്ങൾ വിവാഹത്തെപ്പററിയും മററും ചർച്ചചെയ്തു. പക്ഷേ മതത്തിൻെറ പ്രശ്നം വന്നപ്പോൾ വാശിപിടുത്തമായി. ഞാനൊരു കത്തോലിക്കയാകണമെന്നു് അദ്ദേഹം നിർബന്ധിച്ചു. എൻെറ ദൃഢനിശ്ചയം ജിമ്മി അറിഞ്ഞിരുന്നു അദ്ദേഹം പറയുകയാണു്: "ഞാൻ നിന്നെ സ്നേഹിക്കുന്നു, പക്ഷേ, നിനക്കുവേണ്ടി നരകത്തിൽ പോകുവാൻ തയ്യാറില്ല." അങ്ങനെ ഞങ്ങൾ പിണങ്ങിപ്പിരിഞ്ഞു. രണ്ടാഴ്ചമാത്രമേ പിണക്കം നീണ്ടുനിന്നുള്ളു. വീണ്ടും അടുത്തുകൂടി. പക്ഷേ, അഭിപ്രായവ്യത്യാസം പിന്നേയും അകററി. ഇങ്ങനെ ഇണങ്ങിയും പിണങ്ങിയും വർഷങ്ങൾ രണ്ടു കടന്നു. ഇത്ര അടിയുറച്ചവിശ്വാസം ജിമ്മിക്കു് പകന്നുകൊടുത്ത മാതാപിതാക്കൾ തീർച്ചയായും സ്തുത്യർഹരാണു്. അദ്ദേഹത്തിൻെറ വിശ്വാസസ്ഥിരതയെക്കുറിച്ചു് എനിക്കുറപ്പുണ്ടു്. അദ്ദേഹമൊരു ഉറച്ച വിശ്വാസി അല്ലായിരുന്നുവെങ്കിൽ ഞാനുമായുള്ള മിശ്രവിവാഹത്തിനു് വഴിപ്പെട്ടേനെ.

ജിമ്മിയുടെ ഉറച്ച വിശ്വാസമാണു് എന്നിൽ പരിവത്തനമുളവാക്കിയതു്. എല്ലാ ഞായറാഴ്ചയും അദ്ദേഹം പള്ളിയിൽ പോയി പരിശുദ്ധകുർബാന കൈക്കൊണ്ടു് എൻെറ മാനസാന്തരത്തിനായി കാഴ്ചവയ്ക്കുമായിരുന്നു. അനന്യലഭ്യവും എനിക്കു് അജ്ഞാതവുമായ എന്തോ ഒന്നു് കത്തോലിക്കാ സഭയിലുണ്ടു്—ചിന്ത എന്നെ ഗ്രസിച്ചു. എന്തെല്ലാം തടസ്സങ്ങൾ നേരിട്ടിട്ടും ജിമ്മി ഇതുവരെ ഒരു ഞായറാഴ്ചക്കുർബാനപോലും മുടക്കിയതായി എനിക്കറിവില്ല. എന്നോടുള്ള അദ്ദേഹത്തിൻെറ സ്നേഹം തിരുസഭയെ ഉപേക്ഷിക്കുവാൻ പ്രേരകവുമായില്ല. കാലങ്ങൾ ഒഴുകി നീങ്ങി. ഞങ്ങൾ തമ്മിലുള്ള സ്നേഹം ദൃഢതരമായി നിലനിന്നു. ഏറെത്താമസിയാതെ ജിമ്മി എന്നേയും ദിവ്യബലിയിൽ സംബന്ധിപ്പിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ജിജ്ഞാസനിറഞ്ഞ എൻെറ ചോദ്യങ്ങൾക്കു് സമുചിതമായി അദ്ദേഹം മറുപടി നൽകി. കുർബാനക്രമം, കൊത്തുരൂപങ്ങൾ മുതലായവയെക്കുറിച്ചു്. പ്രാത്ഥനപ്പുസ്തകവും ജപമാലയുമേന്തി അവിടെ കൂടിയ ജനസഞ്ചയത്തെ ദശിക്കയിൽ എനിക്കു തോന്നി, ഞാൻ കണ്ടുപിടിക്കേണ്ട എന്തോ രഹസ്യം അവിടെ കുടികൊള്ളുന്നുണ്ടു് എന്നു്.

വരപ്രസാദത്തിൻെറ അപ്രതിഹതമായ ആഞ്ഞടികൾക്കു് ഞാൻ വിധേയയായി എന്നു ചുരുക്കിപ്പറയാം. 1934-ൽ, വികാരിയായ ഫാദർ എല്ലിങ്ങിനെ സമീപിച്ചു് മതപാഠം ആരംഭിച്ചു. വിശുദ്ധന്മാർ, കുമ്പസാരം, കുർബാന എന്നിവയെപ്പററിയുള്ള എൻെറ സംശയങ്ങളെല്ലാം ഫാ

(ശേഷം 8-ാംപേജിൽ)

### കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം ലഭിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

വടക്കഞ്ചേരി ഇട്ടൂപ്പു ഭാര്യ
കത്രീന, എടനാട്ടു, ചൊവ്വര.

ആഖ്യായിക




### അദ്ധ്യായം 9 (തുടർച്ച)

## 'നിങ്ങളുടെ പിതാവു കൃപാലുവാകുന്നതുപോലെ നിങ്ങളും കൃപാലുക്കളാകുവിൻ'

[വി. സി. ജോർജ്ജ് ബി. ഏ. എൽ. ററി]

ബറാബാസിൽ കോപംമൂലം ഭ്രുകുടിയുണ്ടായി. മറിയയുടെനേരെ അവജ്ഞാപൂർവ്വം ഗർജ്ജിക്കാതിരുന്നതു് അയാളുടെ അസാധാരണമായ ആത്മയമനത്തിൻെറ ഫലമായിരുന്നു. അനന്തരം ഈഷൽപരുഷസ്വരത്തിൽ അയാൾ പറഞ്ഞു: "മഗ്ദലാമറിയേ, എനിക്ക നിങ്ങളോടു പറയുവാനുള്ളതു് തുറന്നുപറഞ്ഞേക്കാം. എസ്രായുടെ ജീവൻ രക്ഷിച്ച നിങ്ങളോടും സഹോദരനോടും സഹോദരിയോടും എനിക്ക വളരെ നന്ദിയുണ്ടു്. എൻെറ നന്ദി ഞാൻ പ്രകടിപ്പിക്കുകയുംചെയ്യും. അതിനപ്പുറം നാം തമ്മിൽ യാതൊരു ബന്ധവുമില്ല; ഇരുലോകങ്ങൾ തമ്മിലെന്നപോലെ അകൽച്ചയുമുണ്ടു്. നിങ്ങൾ ചെയ്തിട്ടുള്ള ഉപകാരങ്ങളിൽനിന്നു് മുതലെടുക്കുവാൻ, നിങ്ങളുടെ നസ്രായൻ ഈശോയുടെ വിശ്വാസതത്വങ്ങളിലേക്ക എന്നെ പരിവർത്തനം ചെയ്യുവാൻ, നിങ്ങൾ ഉദ്യമിക്കുന്നുവെങ്കിൽ തീർച്ചയായും അതു് അപഥസഞ്ചാരമാണു്, നിഷ്ഫലമാണു്." ബറാബാസിൻെറ സ്വരം അയാൾ ഉദ്ദേശിച്ചതിലും പരുഷതരമായിരുന്നു. അതിൽ ബറാബാസിനുതന്നെ അതൃപ്തിതോന്നി. സ്നേഹസമ്പൂർണ്ണയും സുന്ദരിയുമായ ഒരു തരുണീരത്നം! അവരോടും സഹോദരസഹോദരിമാരോടും ബറാബാസിനു നിർവ്യാജമായ കൃതജ്ഞത! ഏതായാലും കോപാവേശംപിടിച്ചു നിറുത്തുവാൻ ശക്തിയില്ലാഞ്ഞിട്ടോ, മുഷ്ക്കാഷണം കൂടാതെ കഴിക്കേണമെന്നു് കരുതിയതുകൊണ്ടോ, സ്വരം പരതിയായില്ലെന്നു മാത്രം. ഈ ഭവനത്തിൽവച്ചു്, ക്ഷമാപൂർവ്വം സഹിക്കണം, ക്ഷമാപൂർവ്വം സഹിക്കണം എന്നിങ്ങനെ പലപ്രാവശ്യം കേൾക്കാനിടയായതും ആ കവർച്ചക്കാരനു വൈരസ്യകാരണമായി.

മഗ്ദലാമറിയം അപകൃതയായ ഭാവം കാണിച്ചില്ല. പുഞ്ചിരിതൂകികൊണ്ടു് ആ കുമാരി പറഞ്ഞു: "ഞങ്ങൾ നിങ്ങളുടെ കൂട്ടുകാരനെ പരിചരിക്കുന്നതു് പ്രതിനന്ദിക്കുവേണ്ടിയല്ല, ഞങ്ങളുടെ ഗുരുനാഥൻ ഉപദേശിക്കുന്ന സ്നേഹംപ്രമാണിച്ചാണു്. ആ ഉപദേശംതന്നെ നിങ്ങൾക്ക ഗുണകരമാണെന്നു ഇപ്പോൾ അനുഭവമായല്ലൊ. പരിവർത്തനകാര്യമാണെങ്കിൽ അതു ഞങ്ങളാൽ സാദ്ധ്യമല്ല. നിങ്ങളുടെ മനസ്സാക്ഷിക്കു മാത്രമേ നിങ്ങളിൽ പരിവർത്തനമുണ്ടാക്കുവാൻ സാധിക്കുകയുള്ളൂ. നിങ്ങൾ ഈ ഭവനത്തിൽവച്ചു് സ്നേഹം സ്വീകരിക്കുന്നു. അതിനുപകരം നന്ദി കാണിക്കുവാൻ സന്നദ്ധനായിരിക്കുകയുംചെയ്യുന്നു. ഹെ, ബറാബാസ്, സ്നേഹമല്ലയോ ശക്തിയേറിയ ആയുധം?"

"അതു പെണ്ണുങ്ങളുടെ കാര്യത്തിലായിരിക്കാം. എന്നാൽ സമരമാണു് പുരുഷോചിതം. ഞങ്ങൾക്ക വാക്കുപോരാ, പ്രവൃത്തിതന്നെ വേണം. റോമന്മാരെ സ്നേഹിക്കുന്നതുമൂലം ഇസ്രായേലിൻെറ സ്വാതന്ത്ര്യം കൈവരുമോ?"

മറിയ ശാന്തമായി മറുപടി നൽകി: "ബറാബാസ്, യഥാർത്ഥ സ്വാതന്ത്ര്യം അദ്ദേഹത്തിൽമാത്രം ദൃശ്യമാണു്."

ബറാബാസു് മന്ദഹസിച്ചു. ഈ പെൺകൊടി അവളുടെ ഉജ്ജ്വലത്തായ കണ്ണുകളോടുകൂടി സ്വാതന്ത്ര്യമെവിടെ കണ്ടുകിട്ടുമെന്നു തന്നോടു പ്രസംഗിക്കുന്നു! സ്ത്രീവർഗ്ഗത്തിൻെറ സൗന്ദര്യശക്തിക്കു് ബറാബാസ് വശഗനായിരുന്നു. ആകയാൽ ആ രീതിയിലുള്ള അനാസ്വാദ്യസംഭാഷണം തുടരുന്നതിലും ഭേദം ആ സൗന്ദര്യധാമത്തെ പ്രീണിപ്പിക്കുകയായിരിക്കുമെന്നു അയാൾ കരുതി. "മറിയേ, ഭവതി ഷാറനിലെ റോസപ്പുഷ്പംപോലെ മനോഹരയാകുന്നു. മാച്ചാഫായോടൊപ്പം ഭദ്രയും. എങ്കിലും പ്രസ്തുത വിഷയം സംബന്ധിച്ചു് ചർച്ചതുടങ്ങിട്ടു കാര്യമില്ല. നാമിരുവരും ഏകാഭിപ്രായത്തിലെത്തുവാൻ മാർഗ്ഗമില്ല. എസ്രായോടുകൂടി സ്വല്പസമയം ഇവിടെ കഴിയുവാൻ എനിക്കവസരം തരുമോ?"

മറിയ മുറിയിൽനിന്നു പോയി.

"എസ്രാ, ഇവർ തന്നോടു വളരെ ദയയോടുകൂടി പെരുമാറുന്നു."

എസ്രാ തലകുലുക്കി: "ഉവ്വ്, എ...ങ്കിലും....വേഗം... ഇവിടെ നിന്നു... പോകണം."

"ശരീരശക്തി എങ്ങനെയിരിക്കുന്നു?"

"വള...രെ ക്ഷീണ...മുണ്ടു്. അപ....കടം....ഒഴി....ഞ്ഞെന്നു...തോന്നുന്നു.... അവർ....അങ്ങനെ...പറഞ്ഞ...തു ...കേട്ടു....ഇവി....ടെ...ഈ...കിടക്ക...യ്ക്കു... സമീ...പം....അവ....ർ...അതിനായി... ദൈവ...ത്തിനു...നന്ദി പറഞ്ഞു." എസ്രാ സ്വാശക്തി മുഴുവനും ഉപയോഗിച്ചു് അലറുന്ന ഭാവത്തിൽ തുടർന്നു: "ഈ....ഭവനത്തിൽ നി...ന്നെ...ന്നെ...കൊണ്ടു പോകണം, ബറാ....ബാസ്"..... എന്നെ... കൊണ്ടുപോക...ണം."

എസ്രായുടെയുള്ളിൽ തള്ളിമറിയുന്ന ആശയങ്ങൾ ബറാബാസ് ഗ്രഹിച്ചു് അയാളുടെ ശ്രദ്ധ മാറുവഴിക്ക തിരിക്കുവാൻ ശ്രമിച്ചു. "ആവശ്യം കഴിഞ്ഞാൽ ഒരു നിമിഷംപോലും തന്നെ ഇവിടെ ഞാൻ താമസിപ്പിക്കുകയില്ല. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയിൽ ഇവിടെനിന്നു പോകുവാൻ നിവൃത്തിയില്ല. ഒന്നുകൊണ്ടും വിഷമിക്കരുതു്. നമ്മുടെ സൈന്യം വർദ്ധിച്ചുവരുന്നു. ഞങ്ങളൊന്നിച്ചു് കാലതാമസം കൂടാതെ യുദ്ധം ചെയ്യുവാൻ തനിക്ക സാധിക്കുകയുംചെയ്യും."

"ഈ...ഭവനത്തി...ൽ നിന്നെന്നെ...കൊണ്ടു...പോക...ണം... എനിക്ക ....സഹി...ക്കാൻ... വയ്യാ.... അവ ...രു,...ടെ ... ദയ... ഓ...ർത്തു....ഭയം...തോന്നു...ന്നു."

കിതപ്പോടുകൂടി എസ്രാ തല ഉപധാനത്തിന്മേൽ ചെരിച്ചുവെച്ചു. ക്ഷീണം മൂർദ്ധന്യത്തിലെത്തിയപോലെ തോന്നി. പെട്ടെന്നു് എസ്രാ നല്ല മയക്കത്തിലായി. ബാഹ്യലോകത്തിൻെറ ചിന്തയിൽനിന്നു പിന്മാറി ബലഹീനനായി കാണപ്പെട്ട അയാളെനോക്കി ചിന്താമൂകനായി ഏതാനും നിമിഷങ്ങൾ നിന്നനിലയിൽ ബറാബാസ് കഴിച്ചു. ഉറക്കത്തോടുകൂടി എസ്രായുടെ മുഖത്തുനിന്നു ശോകഭാവം മാറി.

"ദയ ഓർത്തു ഭയം" ബറാബാസ് സ്വയം മന്ത്രിച്ചു: "അതാണാപത്തു്." അയാൾ ഉരമുയർത്തി തലയെടുത്തു് "അതുകൊണ്ടു നമ്മെ ജയിക്കുകയില്ല, എസ്രാ" എന്നു ദൃഢമായി പ്രസ്താവിച്ചു.

ബറാബാസ്, തൻെറ തടിയൻകൈ എസ്രായുടെ പനിപിടിച്ച നെററിയിൽവച്ചു് ചൂടുനോക്കി. ഉടുക്കാടെ ചവിട്ടി അടുത്തക്ഷണം മുറിയിൽനിന്നു അപ്രത്യക്ഷനാകുകയുംചെയ്തു. (തുടരും)

(12-ാംപേജ് തുടർച്ച)

ബന്ധം പിടിക്കുന്നതു് ആരും തെററിധരിക്കരുതു്. നാലണയോ എട്ടണയോ നിങ്ങളുടെ കൈയിൽനിന്നുവാങ്ങി ഒരു നീണ്ട ലിസ്റ്റു് പ്രസിദ്ധപ്പെടുത്തിയിട്ടു് എന്തു പ്രയോജനമാണുണ്ടാകാൻ പോകുന്നതു്. ഈശോയ്ക്കുവേണ്ടി വിശുദ്ധ ഡോമിനിക്കിനെപ്പോലെ പ്രവർത്തനസന്നദ്ധരായ ഒരു ഗണത്തെയാണു് വല്ല്യേട്ടൻ വിഭാവനം ചെയ്യുന്നതു്. അതിനുള്ള കത്തോലിക്കാപ്രവർത്തനത്തിലെ ഒരു രംഗമാണു് നല്ല പ്രസിദ്ധീകരണങ്ങളെ പ്രചരിപ്പിക്കുന്നതു്. ആകയാൽ ആരും മനസ്സുമടുക്കാതെ സത്യദീപത്തിനു ഒരു പുതിയ വരിക്കാരനെ നേടുന്നതിനോ, വരിസംഖ്യ മുടക്കിയിട്ടുള്ള ഒരാളെക്കൊണ്ടു വരിസംഖ്യ കൊടുപ്പിക്കുന്നതിനോ ശ്രമിക്കുക. സ്ഥലത്തുള്ള ഏജൻറന്മാർ അതിനു വേണ്ട ഒത്താശകൾ നിങ്ങൾക്ക ചെയ്തുതരും. അങ്ങിനെ ഒരാളുടെ വരിസംഖ്യ കൊടുപ്പിച്ചാൽ ഏജൻറിൻെറ ഒരു കുറിപ്പു വാങ്ങി അപേക്ഷാഫാറം പൂരിപ്പിച്ചു അതോടൊന്നിച്ചു അയച്ചു തന്നാൽ മതി. എല്ലാവർക്കും വിജയം ആശംസിച്ചുകൊള്ളുന്നു.

വല്ല്യേട്ടൻ.


# നീർവീഴ്ചകളുടെ ഉത്ഭവം

വളരെ വരണ്ടും, രണ്ടോ മൂന്നോ ദിവസംവീതം കൂടുമ്പോഴായും, രക്തം കലന്നും, അല്പമായും, ശബ്ദത്തോടും താമസത്തോടും കൂടിയും, നാടപോലെ കനംകുറഞ്ഞും മലം പോകുന്നതു (മലബന്ധവും അർശസ്സും) മൂലം ഉദരത്തിങ്കലുള്ള വായുവിൻെറ അധോഗതിക്ക തടസ്സം നേരിടുകയും (വായുസ്തംഭനം—വയറുവീക്കൽ—ഗ്യാസ്ട്രബിൾ ഉത്ഭവിക്കയും), ഇങ്ങനെ കുടലുകൾക്കുള്ളിൽ നിറയപ്പെടുന്ന വായു പിന്നെയും പിന്നെയും ദുഷിക്കയും, ചൂടുപിടിക്കപ്പെടുകയും ചെയ്തിട്ടു് നെഞ്ചു്, പള്ള, ശിരസ്സ് മുതലായ അംഗങ്ങളിലേക്കു് ഗതിക്കുകയും, അതാതു അവയവങ്ങളിലുള്ള കഫത്തെയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളെയും ദുഷിപ്പിക്കുകയും, ഉരുക്കുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളക്കിതിക്കുകയും ചെയ്യുമ്പോഴാണു് തുമ്മൽ, മൂക്കിൽനിന്നുള്ള വെള്ളം (കഫം) വരവു്, മൂക്കടപ്പു്, തലവിങ്ങിച്ച, കണ്ണിൽനിന്നും ചെവിയിൽനിന്നുമുള്ള വെള്ളംവരവു്, മോണ (പല്ലുകളുടെ കട) വീക്കൽ, തൊണ്ടയിൽ കഫം കെട്ടൽ, സന്ധികളിലും മററും നീർക്കെട്ടു് (രക്തവാതം), കഴുത്തു്, പുറം മുതലായ അംഗങ്ങളിൽ കഴപ്പു്, വായ, മൂക്കു്, മലദ്വാരം മുതലായ മാർഗ്ഗങ്ങളിൽക്കൂടിയുള്ള രക്തം വരവു് (രക്തപിത്തം), കൊഴുപ്പോടും ഊറലോടും മധുരരസത്തോടുംകൂടി മൂത്രംപോവുക (പ്രമേഹം), അസ്ഥിസ്രാവം (വെള്ളപോക്കു്), ചുമച്ചു് കഫം തുപ്പൽ, ശ്വാസംമുട്ടൽ, ക്ഷയം, ഏങ്ങൽ (ആസ്ത്മ), മലവിസർജ്ജനം ചെയ്യുമ്പോഴും സ്വപ്നത്തിലും മററും ശുക്ലം സ്രവിക്കൽ (ഇന്ദ്രിയസ്ഖലനം), കഫത്തോടും കൊഴുപ്പോടുംകൂടി മലം പോവുക, കഴല, മന്തു്, തടിപ്പു്, കുരു, നീരു്, കുഷ്ഠം തുടങ്ങിയവകൾ ഉത്ഭവിക്കുകയും അവയിൽനിന്നു വെള്ളവും ചലവും രക്തവും സ്രവിക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള രോഗങ്ങൾ അഥവാ "നീർവീഴ്ചകൾ" പിടിപെടുന്നതു്. ഇതുപോലെതന്നെ ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉഷ്ണവീര്യമുള്ള അന്നപാനങ്ങളെയും ഔഷധങ്ങളെയും പതിവായും അമിതമായും ഉപയോഗിക്കുക, പട്ടിണികിടക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദേഹത്തിലെ ചൂടു് വർദ്ധിക്കുവാനിടവരുമ്പോഴും നാനാവിധത്തിലുള്ള "നീർവീഴ്ചകൾ" പിടിപെടുന്നതാണു്. ഉഷ്ണാധികൃത്താൽ കഫവും, ധാതുക്കളും ദുഷിക്കുകയും, ഉരുകുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളകുകയും ചെയ്യുമ്പോൾ ഉണ്ടാവുന്നവയായതുകൊണ്ടുതന്നെയാണു് ഈ രോഗങ്ങൾക്കെല്ലാം യുക്തിപൂർവ്വം "നീർവീഴ്ചകൾ" എന്നു് നാമകരണം ചെയ്തിട്ടുള്ളതു്. ദേഹത്തിൽ അമിതമായിതീർന്നിട്ടുള്ള ചൂടിനെ കുറക്കുന്നതിനുള്ള അന്നപാനങ്ങൾകൊണ്ടും, ഔഷധങ്ങൾകൊണ്ടും നാനാവിധത്തിലുള്ള നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിച്ചുകാണുന്നതിൽനിന്നുതന്നെ ഉഷ്ണാധിക്യത്തിൽ നിന്നാണു് നീർവീഴ്ചകളുടെ ഉത്ഭവം എന്നു് വ്യക്തമാവുന്നുണ്ടല്ലൊ. ഈ വസ്തുതകൾ മനസ്സിലാക്കി ചികിത്സിയ്ക്കാത്തതുകൊണ്ടാണു് പലർക്കും തങ്ങളുടെ ആയുഷ്കാലം മുഴുവനും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നു് കരകയറുവാൻ സാധിക്കാതെ നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതെന്നു് നിസ്സംശയം പറയാവുന്നതാണു്.

## നീർവീഴ്ചകൾ പിടിപെടാതിരിപ്പാനുള്ള മാർഗ്ഗം

ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉറക്കമൊഴിക്കുക, ഉഷ്ണവീര്യമുള്ള ദ്രവ്യങ്ങളെ പതിവായും അമിതമായും ഉപയോഗിക്കുക, ശുക്ലധാതുവിനെ ക്രമാതീതമായി ക്ഷയിപ്പിക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദിനംപ്രതി ദേഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ചൂടിനെ കുറയ്ക്കുകയും, വായു, മലം, മൂത്രം മുതലായവകളെ യഥാക്രമം വിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതിനു കഴിവുള്ള സ്നേഹദ്രവ്യങ്ങളെ യുക്തിപൂർവ്വം ഉപയോഗിച്ചുകൊണ്ടിരിക്കുന്നപക്ഷം സാമാന്യേന നീർവീഴ്ചകളൊന്നും പിടിപെടുന്നതല്ല. ഇതിൻെറ ദൃഷ്ടാന്തമാണു് അമിതമായ ചൂടിനെ ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള സൌമ്യാംശത്തെ വർദ്ധിപ്പിക്കുന്നതിനും, വായു, മലം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും കഴിവുള്ള ഔഷധങ്ങളാകുന്ന "ദ്രാക്ഷാഘൃതം" സേവിക്കുകയും "ശാരിബാതൈലം" ദേഹമാസകലം തേച്ചു് കുളിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരിൽ സാമാന്യേന മലബന്ധം, അർശസ്സ് മുതലായ ഉഷ്ണാധികരോഗങ്ങൾ പിടിപെടാതിരിക്കുന്നതായി കാണുന്നതു്.

## നീർവീഴ്ചകൾക്കുള്ള പ്രതിവിധികൾ

മുകളിൽ പറഞ്ഞതുപോലെ ആരോഗ്യസംരക്ഷണത്തിനുവേണ്ടതു് യഥാകാലം പ്രവർത്തിക്കുവാൻ സാധിക്കാത്ത നിമിത്തം ദേഹത്തിലെ ചൂടു് ക്രമംവിട്ടു് വർദ്ധിക്കയും, നീർവീഴ്ചകളിൽ ഏതെങ്കിലും ഒന്നോ, രണ്ടോ അഥവാ അതിലധികമൊ ഇനം പിടിപെടുകയും ചെയ്തിട്ടുള്ളപക്ഷം മുകളിൽ പറഞ്ഞ ഔഷധങ്ങൾ രണ്ടും യുക്തിപൂർവ്വം ഉപയോഗിക്കുന്നതിനു പുറമെ അമിതമായ ചൂടിനെ കുറയ്ക്കുന്നതിനും, കഫത്തെയും ധാതുക്കളെയും ദുഷിക്കാതെയും ഉരുകാതെയും സംരക്ഷിക്കുന്നതിനും, ദുഷിച്ചിട്ടുള്ളവയെ ശുദ്ധീകരിക്കുന്നതിനും, വ്രണങ്ങളെ ഉണക്കുന്നതിനും, മുഴ, തടിപ്പു്, നീരു് തുടങ്ങിയവകളെ നശിപ്പിക്കുന്നതിനും മററും കഴിവുള്ള ഒരു ശീതദ്രവ്യമാകുന്ന "നിംബാസവം" കൂടി യുക്തമെന്നുതോന്നുന്ന മാത്രയിൽ സേവിക്കുകയും, പ്രായം, ദേഹപ്രകൃതി, രോഗസ്ഥിതി മുതലായവകൾക്കനുസരിച്ചു് നാലോ എട്ടോ പത്തോ പതിനഞ്ചോ ദിവസംവീതം കൂടുമ്പോൾ "ദ്രാക്ഷാഘൃതം" തന്നെ പതിവായി സേവിക്കുന്നതിലും അല്പം മാത്രകൂട്ടി സേവിച്ചോ അല്ലെങ്കിൽ നല്ലതരം ആവണക്കെണ്ണ സേവിച്ചോ വയറിളക്കുകയും, ഉപ്പു്, പുളി, എരുവു് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളെയും, ചൂടിനെ വർദ്ധിപ്പിക്കുന്ന മററു അന്നപാനങ്ങളെയും, പ്രവൃത്തികളെയും സാധിക്കുന്നേടത്തോളം ഒഴിവാക്കുകയും ചെയ്യുന്നതായാൽ ആ നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതിനു് നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ സിദ്ധൌഷധങ്ങളുപയോഗിച്ചു് രോഗശമനം സിദ്ധിച്ചിട്ടുള്ളവരിൽനിന്നു ലഭിച്ചിട്ടുള്ളതും, പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 120-ൽ പരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാണു്.

| | |
|---|---|
| നിംബാസവം 20 ഔൺസ് കുപ്പി 1ക്ക് | 2-0-0 |
| ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ. കുപ്പി 1ക്ക് | 4-0-0 |
| ശാരിബാതൈലം 18 ഔൺസ് കുപ്പി 1ക്ക് | 3-0-0 |

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോടു്, കോയമ്പത്തൂർ, പാലക്കാടു്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരുകൊച്ചിയിലും മലബാറിലുമുള്ള 150-ൽപരം ഏജൻസികൾ വഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

കാളൻ, നെല്ലായി.


ചോദ്യോത്തരപംക്തി

# മതനവീകരണം

[കെ. ഇ. ജോബ് എം. ഏ. എൽ. ററി.]

(തുടർച്ച)

സത്യവിശ്വാസത്തെ ശരിയായി പരിപാലിക്കുന്നതിലും, അതനുസരിച്ചുള്ള ജീവിതക്രമമനുഷ്ഠിക്കുന്നതിലും സ്ഥിരനിഷ്ഠയുള്ള ഒരു ഭൂരിപക്ഷജനാവലി പാശ്ചാത്യലോകത്തിൽ അപ്പോഴും മുന്നോട്ടു വന്നിരുന്നു. അവർ സമാരംഭിച്ച നവീകരണപ്രസ്ഥാനത്തെയാണു് "കത്തോലിക്ക് മതനവീകരണം" അഥവാ "എതിർനവീകരണം" എന്നു വിളിക്കുന്നതു്. അതിനു വേണ്ടി പിന്നീടു വാണ ഭക്തിധീരന്മാരായ പോൾ തൃതീയൻ മുതലായ മാർപ്പാപ്പാമാർ വളരെ അധികം പ്രയത്നിക്കുകയും, സുപ്രസിദ്ധമായ ത്രെന്തോസ് സൂനഹദോസ് വിളിച്ചുകൂട്ടുകയും, അതിൻെറ ശുപാർശകളനുസരിച്ചു് വൈദികശിക്ഷണാലയങ്ങളെ പരിഷ്കരിക്കുകയും, ജെസ്വീററുസഭക്കാർ മുഖേന കത്തോലിക്കരുടെ ഇടയിൽ ദൈവവിശ്വാസത്തെയും ഉന്നതവിദ്യാഭ്യാസത്തെയും പുനരുദ്ധരിക്കുകയും, ജീവിതപരിശുദ്ധി കൈവരുത്തുവാനുള്ള വിവിധമാർഗ്ഗങ്ങൾ സ്വീകരിക്കയും, പുതിയ പുതിയ ഭൂവിഭാഗങ്ങളിൽ കത്തോലിക്കാവേദപ്രചാരം നടത്തുകയും ചെയ്തു. അതിൻെറ എല്ലാം പരിണതഫലമായി, ഭൂലോകമാസകലം അത്ഭുതപൂർവ്വമായ ഒരു ക്രൈസ്തവനവോന്മേഷം ഉണ്ടാകുകയും, പ്രോട്ടസ്റ്റൻറു മതനവീകരണം മൂലം സംഭവിച്ച ജനസംഖ്യാനഷ്ടവും ധാർമ്മികമൂല്യങ്ങളുടെ അധഃപതനവും പരിഹരിക്കുകയും ചെയ്യുവാൻ മിശിഹായുടെ മണവാട്ടിയായ യഥാർത്ഥ കാതോലിക (Catholic) സഭയ്ക്കു സാധിച്ചിട്ടുണ്ടു്. ഇതായിരുന്നു 16-ാംശതകത്തിൽ പാശ്ചാത്യലോകത്തിനു പററിയ ധാർമ്മികാധഃപതനത്തിനു വേണ്ടിയിരുന്ന യഥാർത്ഥ പ്രതിവിധി. ഈ കൃത്യം യഥാവിധി നിർവ്വഹിച്ചതു് പ്രോട്ടസ്റ്റൻറു മതനവീകരണനേതാക്കളല്ല; പ്രത്യുത കത്തോലിക്കാസഭാ നേതാക്കന്മാരായ മാർപ്പാപ്പാമാരാണു്. തൽഫലമായി, പ്രോട്ടസ്റ്റൻറുസഭകൾ ഇടയനും തൊഴുത്തുമില്ലാത്ത ആടുകളെപ്പോലെ ചിന്നിച്ചിതറി അലഞ്ഞുതിരിഞ്ഞു്, വിശ്വാസത്തിൻെറയും സന്മാർഗ്ഗത്തിൻെറയും ഐക്യബന്ധങ്ങളെശിഥിലീഭവിപ്പിച്ചശേഷം, "സഭകളുടെ പുനരൈക്യത്തിനു"വേണ്ടി വിഫലശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ, ക്രിസ്തുവിൻെറ ആദ്ധ്യാത്മികദേഹമായ കത്തോലിക്കാസഭ അവളുടെ നല്ല ഇടയനായ മിശിഹായുടെ ഭൗമികപ്രതിനിധിയുടെ കൊടിക്കീഴിൽ ഒററക്കെട്ടായി അണിനിരന്നുകൊണ്ടു്, തിന്മയുടെ സകല ശക്തികളോടും ധീരധീരം പോരാടിക്കൊണ്ടിരിക്കുന്നു. സത്യം ഏവ ജയതേ എന്നുണ്ടല്ലോ.

### ഉപസംഹാരം

മേൽ വിവരിച്ച വസ്തുതകളിൽനിന്നും താഴെ പറയുന്ന സംഗതികൾ തെളിയുന്നുണ്ടു്.

1. പാശ്ചാത്യക്രൈസ്തവലോകത്തിൽ 16-ാംശതകത്തിൽ വലുതായ ഒരു ധാർമ്മികാധഃപതനം ഉണ്ടായി എന്നതു് വാസ്തവമാണു്. ഇതിനു പല കാരണങ്ങളുണ്ടായിരുന്നതിൽ പ്രധാനഭാഗം, 14-ം 15-ം ശതകങ്ങളിൽ പാപ്പാസ്ഥാനത്തിനു പററിയ ശക്തിക്ഷയമായിരുന്നു. മാർപ്പാപ്പാമാരുടെ ശക്തി ക്ഷയിക്കാതിരുന്നെങ്കിൽ അവർ ഈ ധാർമ്മികാധഃപതനത്തെ തടഞ്ഞു അന്നത്തെ ലോകത്തെ തീർച്ചയായും സമുദ്ധരിച്ചേനെ. അതാണല്ലോ അവരുടെ ഔദ്യോഗികധർമ്മം.

2. കത്തോലിക്കാസഭയുടെ ദുഷ്യം കൊണ്ടാണു് 16-ാംശതകത്തിൽ ധാർമ്മികാധഃപതനം ഉണ്ടായതെന്നുള്ള ആരോപണം ശരിയല്ല. ക്രിസ്തുവിൻെറ ജ്ഞാനശരീരവും മണവാട്ടിയും ആയ ഏക സത്യസഭയ്ക്കു ദുഷ്യം പിടിപെട്ടു എന്നു പറയുന്നതു് വേദവിപരീതമാണു്. യഥാർത്ഥത്തിൽ അധഃപതനം സംഭവിച്ചതു് അക്കാലത്തു ജീവിച്ചിരുന്ന ഏതാനും വ്യക്തികൾക്കാണു്. അതേ അവസരത്തിൽ തന്നെ മററനേകം വ്യക്തികൾ പുണ്യജീവിതം നയിക്കുകയും സഭാമദ്ധ്യത്തിൽ നുഴഞ്ഞുകയറിയിരുന്ന ദൂഷ്യങ്ങളെ പരിഹരിക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുകയും ചെയ്തു. രണ്ടാമതു് പറഞ്ഞ സംഘം ആളുകൾ മൂലമാണു് യഥാർത്ഥമായ മതനവീകരണം യൂറോപ്പിലുണ്ടായിട്ടുള്ളതു്.

3. ലൂഥർ പ്രഭൃതികൾ നയിച്ച പ്രോട്ടസ്റ്റൻറുവിപ്ലവംമൂലം യൂറോപ്പിൻെറ സന്മാർഗ്ഗസ്വരം ഗണ്യമായി താണുപോയി എന്നു മാത്രമല്ല, സഭയുടെ ഏകതത്വത്തി

(ശേഷം 10-ാംപേജിൽ)

Reg. No. M. 2293

# Sathya Deepam


Vol. 29 Ernakulam, October 12. 1955 No. 10




# ബാലരംഗം

## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്ക് സാവിയോ




പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

നമ്മുടെ പുണ്യപ്പെട്ട സഹോദരനായ കുഞ്ഞുദോമിനിയുടെ ലോകജീവിതത്തിന്റെ ചരിത്രം അവസാനിച്ചു. പരലോകത്തിലെ നിത്യജീവിതം സമാരംഭിക്കുകയുംചെയ്തു. അനന്തരജീവിതത്തിലെ ഓരോരുത്തരുടെ സ്ഥിതിവിശേഷങ്ങളെപ്പററി ഇഹലോകത്തിൽ ജീവിക്കുന്നവരായ നമുക്കു നേരിട്ടു മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ചില പ്രത്യേകസാഹചര്യങ്ങളിൽ ചില പ്രത്യേകവ്യക്തികളെ സംബന്ധിച്ചു് തിരുസഭാമാതാവു നമുക്കു ചില അറിവുകൾ നൽകാറുണ്ടു്. ദൈവികാധികാരം ലഭിച്ചിട്ടുള്ള തിരുസഭ ദൈവത്തിന്റെ പ്രത്യേകതരമായ അഭിനിവേശത്താലും സുദീർഘവും സൂക്ഷ്മവുമായ പരിശോധനകൾക്കു ശേഷവും ചിലരെ പുണ്യവാന്മാരെന്നു പ്രഖ്യാപിക്കുന്നു, അവരുടെ സ്വർഗ്ഗീയമഹിമയ്ക്കുറപ്പായിട്ടും, നമുക്കവരെ അനുകരിക്കുന്നതിനും അവരുടെ മാദ്ധ്യസ്ഥം തേടുന്നതിനും പ്രോത്സാഹനമായിട്ടും. ഏവംവിധം കഴിഞ്ഞകൊല്ലത്തിൽ—1954 ജൂലൈമാസത്തിൽ—പരിശുദ്ധ പിതാവു 12-ാം പീയൂസ് മാർപ്പാപ്പാ നമ്മുടെ കുഞ്ഞുദോമിനിയെ "പുണ്യവാൻ" എന്നു നാമകരണംചെയ്തു. നമുക്കെത്ര സന്തോഷമുള്ള ഒരു സംഭവം! വിശുദ്ധ ദോമിനിക്കിന്റെ നാമകരണതിരുക്കർമ്മത്തിലെ ചില രംഗങ്ങൾ കണ്ടുകൊണ്ടു് ഈ ജീവിതചിത്രം അവസാനിപ്പിക്കാം. ഈ ചിത്രങ്ങളോരോന്നും കണ്ണിൽനിന്നകന്നു പോയാലും മനസ്സിൽനിന്നു മറയാതിരിക്കട്ടെ.

വിശുദ്ധ ഡോമിനിക്കിനെപ്പററിയുള്ള പരി. പിതാവു 12-ാം പീയൂസ് തിരുമനസ്സിലെ വാക്കുകൾതന്നെ നമുക്കു ശ്രവിക്കാം:- "ഡോമിനിക്ക് സാവിയോയുടെ രൂപം ഇതാ, നമുക്കു ദൃഷ്ടിഗോചരമാകുന്നു. ഒരു ദുർബലമായ ശരീരത്തോടുകൂടിയ പിഞ്ചുയുവാവു്; പക്ഷെ, ക്രിസ്തുവിന്റെ അത്യധികം മൃദുലവും എന്നാൽ സുദൃഢവുമായ ദിവ്യസ്നേഹത്തിനു പരിപൂർണ്ണമായി സ്വയം അർപ്പിതവും സദാപി അവിടുത്തെമാത്രം ലക്ഷ്യമാക്കുന്നതുമായ ഒരു ഹൃദയമാണതിൽ കുടികൊള്ളുന്നതു്. ഇതുപോലുള്ള ഇളംപ്രായത്തിൽ നല്ല നല്ല മൃദുലവികാരങ്ങൾ മാത്രമായിരിക്കാം ഒരാളിൽ നിങ്ങൾ പ്രതീക്ഷിക്കുക. എന്നാൽ ഇവിടെ നിങ്ങൾ അത്ഭുതസ്തബ്ധരായിപ്പോകും. ദൈവനിവേശനത്തിന്റെ അത്യാശ്ചര്യകരമായ മാർഗ്ഗങ്ങളാണവിടെ തെളിഞ്ഞുകാണുന്നതു്; വിശ്വാസത്തിന്റെ പ്രകാശത്തിൽ അനിതരസാധാരണമായ സൂക്ഷ്മതയോടുകൂടി ഈ ബാലനു ദർശിക്കുവാൻകഴിഞ്ഞ സ്വർഗ്ഗീയവസ്തുതകളോടുള്ള സുസ്ഥിരവും പരിപൂർണ്ണവുമായ സുദൃഢബന്ധം അത്ഭുതാവഹമാണു്. അപ്പസ്തോലികത്വത്തിന്റെ പ്രബലമായ മാർഗ്ഗം ആനന്ദപൂർവ്വം ദൈവത്തെ ശുശ്രൂഷിക്കുന്നതിലും അവിടുന്നു മററുള്ളവരാൽ സ്നേഹിക്കപ്പെടുന്നതിനു പരിശ്രമിക്കുന്നതിലുമാണടങ്ങിയിരിക്കുന്നതു് എന്നുള്ള തത്വം ആദ്ധ്യാത്മികഗുരുവും മഹാ വിശുദ്ധനുമായ ഡോൺബോസ്കോയുടെ വിദ്യാലയത്തിലായിരുന്നു ഡോമിനിക്കു പഠിച്ചതു്.

പരിശുദ്ധ കന്യകമറിയത്തോടുള്ള സ്നേഹഭക്തിപാരവശ്യത്താൽ പരിവേഷ്ടിതനായി പുണ്യബാലൻ പ്രത്യക്ഷപ്പെട്ടതു് 1854 ഡിസമ്പർ 8-ാം തീയതിയാണു്. ഉടനെതന്നെ അമലോത്ഭവമാതാവിന്റെ സഖ്യത്തിലേക്കു തന്റെ സ്നേഹിതഗണത്തെ വിശുദ്ധൻ ആനയിച്ചു. ഏററവും നിസ്സാരങ്ങളായ പാപങ്ങളിൽനിന്നുപോലും അകന്നു പുണ്യപൂർണ്ണതയുടെ മാർഗ്ഗത്തിൽ ത്വരിതഗമനം ചെയ്യുകയെന്നതായിരുന്നു അതിന്റെ ലക്ഷ്യം. കൂട്ടുകാരെ ഭക്തിയിലും, സൽസ്വഭാവത്തിലും, അടുത്തടുത്തുള്ള കൂദാശാസ്വീകരണത്തിലും, ജപമാലാനുഷ്ഠാനത്തിലും പുരോഗമിപ്പിക്കുന്നതിനും പാപത്തിലും പാപപ്രലോഭനങ്ങളിലുംനിന്നകററുന്നതിനും നിരന്തരമായ ഉൽബോധനങ്ങൾ അവർക്കു നൽകിക്കൊണ്ടിരുന്നു.




മാർപ്പാപ്പാ "സേഡിയ ജെസ്തത്തോറിയാ" സിംഹാസനത്തിൽ ദേവാലയത്തിലേക്കു ആനയിക്കപ്പെടുന്നു.

അനുഭാവമില്ലാത്ത അവഗണനകളും, അവഹേളനാപരമായ മുള്ളുവാക്കുകളും കൂട്ടാക്കാതെ ദുർവൃത്തരേയും ദുർബലമാനസരേയും സമീപിച്ചു് ദൃഢതയോടും സ്നേഹത്തോടുംകൂടി അവരെ സൽപഥത്തിലേക്കു ആനയിക്കുന്നതിനു ഡോമിനിക്ക് ശ്രദ്ധാലുവായിരുന്നു.

"ദോമിനിയുടെ മാധുര്യവാനായ ദിവ്യനാഥനോടുള്ള ഹൃദയംഗമമായ ഒരുമയും അവിടുത്തെ ദിവ്യദാനങ്ങളുടെ ആസ്വാദനവും ഇഹലോകത്തിൽതന്നെ സുലഭമായി വിശുദ്ധൻ അനുഭവിച്ചുകൊണ്ടിരുന്നു. സ്വർഗ്ഗരാജ്ഞിയുടെ മാദ്ധ്യസ്ഥംമൂലം തന്റെ പുത്രനിർവ്വിശേഷമായ സ്നേഹത്തിന്റെ സമ്മാനം സ്വീകരിക്കുന്നതിനു ബാല്യകാലത്തിൽതന്നെ അദ്ദേഹം ലോകംവിട്ടു പറന്നുപോവുകയും ചെയ്തു."

നമ്മുടെ മദ്ധ്യസ്ഥനായ വിശുദ്ധ ഡോമിനിക്കിനെ അനുകരിച്ചു നമുക്കും പുരോഗമിക്കാം. വിശുദ്ധ ഡോമിനിക്ക്—കൊച്ചു പുണ്യവാൻ—നമ്മുടെ ബാലരംഗത്തിന്റെ മദ്ധ്യസ്ഥനായിരിക്കട്ടെ. ബാലരംഗത്തിൽ ചേരുന്നതിനു സംഘടനയുടെ വ്യവസ്ഥകൾ നിറവേററിയിട്ടുള്ളവരുടെ പേരുകൾ പ്രസിദ്ധപ്പെടുത്തുന്നതിനാരംഭിക്കുവാൻ ഇതേററവും പററിയ അവസരമായതുകൊണ്ടു് ഇന്നു നിങ്ങളുടെ ബാലരംഗം രജിസ്റ്റർ തുറക്കുകയാണു്. തീക്ഷ്ണതയും പ്രവർത്തനസന്നദ്ധതയുമുള്ള കുഞ്ഞനുജന്മാരും കുഞ്ഞനിയത്തികളും അണിയണിയായി ബാലരംഗത്തിലേക്കിറങ്ങുന്നതിനു വല്യേട്ടൻ സ്നേഹപുരസ്സരം അവരെ ആഹ്വാനം ചെയ്തുകൊള്ളുന്നു.



നാമകരണദിവ്യബലിക്കു മുമ്പായി അൾത്താരയുടെ മുമ്പിൽ മാർപ്പാപ്പാ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു.

ബാലരംഗത്തിൽ ചേരുന്നതിനുള്ള ഒരു വ്യവസ്ഥ പലരേയും നിരാശപ്പെടുത്തുന്നതായി ഒട്ടുവളരെ കത്തുകൾ വല്യേട്ടനു കിട്ടിക്കൊണ്ടിരിക്കുന്നു. ഒരു വരിക്കാരനെ സത്യദീപത്തിനു സമ്പാദിച്ചു കൊടുക്കുവാൻ സാധിക്കുന്നില്ല എന്നാണു് പരാതി. ഈ വ്യവസ്ഥയിൽ വല്യേട്ടൻ നിർ

(ശേഷം 11-ാംപേജിൽ)



നാമകരണാനന്തരം വിശുദ്ധന്റെ പതാകകൾ വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം മുമ്പോട്ടു നീങ്ങുന്നു

## "ബാലരംഗം"

### സംഘടനയിൽ അംഗങ്ങളായി ചേർന്നവർ

Reg. No.

1. തോമസ് എം. ടി. മണ്ഡപത്തിൽ ഇടമററം
2. തൊമ്മൻ എം. എ. മുണ്ടാട്ടുചുണ്ടയിൽ ഇടമററം
3. അഗസ്റ്റിൻ എം. ഇംഗ്ലീഷ് ഹൈസ്കൂൾ രാമപുരം
4. തോമസ് എം. എം. പനമാരം മലബാർ
5. പീലിപ്പോസ് സി. ടി. ചിറത്തലയ്ക്കൽ, വെരൂർ

### 42-ാം നമ്പ്ര പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ = മാതാവു്

### പ്രശ്നം നമ്പ്ര് 43

(ഫ്റാൻകോ കെ. പി. കരിയച്ചിറ)

അദ്ദേഹം നമ്മുടെ എല്ലാം വലിയ സുഹൃത്താണു്. എനിക്കു അദ്ദേഹത്തോടു ഭയഭക്തികളുണ്ടു്. അദ്ദേഹത്തെ എല്ലാ ആഴ്ചയിലും സത്യദീപത്തിൽ കാണാം. അദ്ദേഹത്തിന്റെ പേരിനു അഞ്ചക്ഷരമുണ്ടു്. ആദ്യക്ഷരം ആലിലുണ്ടു്; മാവിലില്ല. രണ്ടാമത്തെ അക്ഷരം ആത്മാവിലുണ്ടു്, ശരീരത്തിലില്ല. മൂന്നാമത്തെഅക്ഷരം വിപിനത്തിലുണ്ടു്, കാനനത്തിലില്ല. നാലാമത്തെ അക്ഷരം വിധാതാവിലുണ്ടു്, വിധിയാളനിലില്ല. ഒടുവിലത്തെ അക്ഷരം ശ്രോതാവിലുണ്ടു്, പ്രസംഗകനിലില്ല. അദ്ദേഹത്തിന്റെ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1